# കരയോഗ സൗഹൃദം

സത്യം പരം ധീമഹി Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages - 52

വാല്യം - 17 ലക്കം - 04 മീനം - 1200 ഏപ്രിൽ - 2025




എറണാകുളം കരയോഗത്തിന്റെ വിഷു ആശംസകൾ



Ernakulam Karayogam
Centenary Celebrations 2025
2025 ഏപ്രിൽ 04 - വെള്ളി
എഴുത്തച്ഛൻ പുരസ്കാരം നേടിയ സാഹിത്യകാര സംഗമം
2025 ഏപ്രിൽ 05 - ശനി
വനിതാ സാഹിത്യ സംഗമം
സാഹിത്യത്തിൽ വനിതകളുടെ സാന്നിദ്ധ്യം/സംഭാവന - ഇന്നലെ - ഇന്ന് - നാളെ
കാവ്യാഞ്ജലി 2025 ഏപ്രിൽ 06 - ഞായർ
യുവസാഹിത്യകാര സംഗമം
2025 മെയ് 30 - വെള്ളി
നാടകോത്സവം
വൈകുന്നേരം 6.30 മുതൽ
വെയ്യ് രാജാ വെയ്യ്
2025 മെയ് 31 - ശനി
നാടകോത്സവം
ക്രസന്റ് മൂൺ
2025 ജൂൺ 01 - ഞായർ
നാടകോത്സവം
മാറാട്ടം
വൈകുന്നേരം 6.30 മുതൽ
നളചരിതം ആട്ടക്കഥയുടെ പശ്ചാത്തലത്തിൽ ഉണ്ണായിവാര്യരുടെ ജീവിത കഥയിലേക്ക് ഒരു എത്തിനോട്ടം.
രചന, സംവിധാനം: തൃശ്ശൂർ ഗോപാൽജി.
അവതരണം: ഭാസരേഖ, തൃപ്പൂണിത്തുറ
2025 ജൂൺ 20 - വെള്ളി
കഥകളി ഉത്സവം (1-ാം ദിവസം)
വൈകുന്നേരം 3.00 ന്
രുഗ്മിണി സ്വയംവരം
2025 ജൂൺ 21 - ശനി
കഥകളി ഉത്സവം (2-ാം ദിവസം)
വൈകുന്നേരം 5.30 ന്
നളചരിതം1-ാം ദിവസം
2025 ജൂലൈ 17 - വ്യാഴം
സമ്പൂർണ്ണ രാമായണ പാരായണം
രാവിലെ 6.00 മുതൽ വൈകുന്നേരം 6.00 വരെ
2025 ജൂലൈ 18 വെള്ളി മുതൽ 27 ഞായർ വരെ
ഗരുഡ പുരാണം
വൈകുന്നേരം 6.00 മുതൽ 8.30 വരെ
ആചാര്യൻ ശരത് എ. ഹരിദാസ്
ജൂലൈ 28 തിങ്കൾ മുതൽ ഓഗസ്റ്റ് 05 ചൊവ്വ വരെ
ദേവീ ഭാഗവത നവാഹയജ്ഞം
രാവിലെ 6.30 മുതൽ വൈകുന്നേരം 6.30 വരെ
ശ്രീകണ്ഠേശ്വരം സോമവാര്യർ
2025 ഓഗസ്റ്റ് 06 ബുധൻ മുതൽ 16 ശനി വരെ
ശിവപുരാണം
രാവിലെ 6.30 മുതൽ വൈകുന്നേരം 6.30 വരെ
വിമൽ വിജയ് കന്യാകുമാരി
2025 സെപ്റ്റംബർ 22 - തിങ്കൾ
നൃത്തോത്സവം
വൈകുന്നേരം 6.00 മുതൽ 9.00 വരെ
രുഗ്മിണി കല്ല്യാണം
കുച്ചിപ്പുടി ആർട്ട് അക്കാദമി, ചെന്നൈ
2025 സെപ്റ്റംബർ 23 - ചൊവ്വ
നൃത്തോത്സവം
വൈകുന്നേരം 6.00 മുതൽ 9.00 വരെ
രസപ്രപഞ്ചം പഞ്ചഭൂതം അനുപമ മോഹൻ
2025 സെപ്റ്റംബർ 24 - ബുധൻ
നൃത്തോത്സവം
വൈകുന്നേരം 6.00 മുതൽ 9.00 വരെ
ഭരതനാട്യം
ഡോ. ശ്രീലത വിനോദ്, ചെന്നൈ
2025 സെപ്റ്റംബർ 25 - വ്യാഴം
സംഗീതോത്സവം
വൈകുന്നേരം 6.00 മുതൽ 9.00 വരെ
സംഗീത കച്ചേരി
ശ്രീ പ്രണവം ശങ്കരൻ നമ്പൂതിരി
2025 സെപ്റ്റംബർ 26 - വെള്ളി
സംഗീതോത്സവം
വൈകുന്നേരം 6.00 മുതൽ 9.00 വരെ
സംഗീത കച്ചേരി
വൈക്കം വിജയലക്ഷ്മി
2025 സെപ്റ്റംബർ 27 - ശനി
സംഗീതോത്സവം
വൈകുന്നേരം 6.00 മുതൽ 9.00 വരെ
വീണ വേണു വയലിൻ
2025 ഒക്ടോബർ 24 - വെള്ളി
അനുഷ്ഠാനകലകൾ
രാവിലെ 10.00 മുതൽ
പഞ്ചുരുളി കാസർഗോഡ്
വരാഹി സങ്കൽപ്പത്തിലുള്ള തെയ്യമാണ് പഞ്ചുരുളി.
പഞ്ചുരുളി
2025 ഒക്ടോബർ 25 ശനി - 26 ഞായർ
അനുഷ്ഠാനകലകൾ
രാവിലെ 10.00 മുതൽ
മുത്തപ്പൻ തിരുവപ്പന വെള്ളാട്ടം
സന്ധ്യ വെള്ളാട്ടം
തിരുവപ്പന, കുടി വെള്ളാട്ടം
2025 നവംബർ 20 - വ്യാഴം
നാടൻ കലോത്സവം
വൈകുന്നേരം 6.00 മുതൽ 9.00 വരെ
മണ്ണാൻകൂത്ത് (ട്രൈബൽ ഡാൻസ്)
2025 നവംബർ 21 - വെള്ളി
നാടൻ കലോത്സവം
വൈകുന്നേരം 6.00 മുതൽ 9.00 വരെ
നാടൻ പാട്ട്
ജനാർദ്ദനൻ പുതുശ്ശേരി
2025 നവംബർ 22 - ശനി
നാടൻ കലോത്സവം
വൈകുന്നേരം 6.00 മുതൽ 9.00 വരെ
ബാവുൽ സംഗീതം
ശാന്തി പ്രിയ



എഡിറ്റോറിയൽ...

# കേരളം വയോജന നാടാകുന്നോ ?

**കേ**രളത്തിലെ മിക്ക പ്രദേശങ്ങളിലും ഇന്ന് പഴയ ചെറിയ ഓലപ്പുരകൾക്കും ഓടിട്ട വീടുകൾക്കും പകരം വലിയ മണിമാളികകളും വൻസൗധങ്ങളുമാണ് നമുക്ക് കാണാൻ കഴിയുന്നത്. പണ്ടത്തെ ചെറിയ വീടുകളിൽ കടന്ന് ചെന്നിരുന്നപ്പോൾ അവിടെ മുത്തശ്ശനും മുത്തശ്ശിയും അച്ഛനും അമ്മയും കുട്ടികളും ഒക്കെയുള്ള, കളിചിരികൾ നിറഞ്ഞ, സന്തോഷം അലതല്ലുന്ന അന്തരീക്ഷത്തിൽ ജീവിക്കുന്നവരെയായിരുന്നു നമ്മൾ കണ്ടിരുന്നത്. വീട്ടുകാര്യങ്ങൾ നോക്കുന്ന യുവാക്കളായ ഭാര്യയും ഭർത്താവും അവരുടെ കുട്ടികളും കുട്ടികളെ വേണ്ടവിധം മാർഗ്ഗനിർദ്ദേശങ്ങൾ നല്കി, നല്ല കഥകൾ പറഞ്ഞ് കൊടുത്ത് , അവരെ നേർവഴിക്ക് നടത്തുന്ന മുത്തശ്ശിയും മുത്തശ്ശനും, അവർക്ക് വേണ്ട പരിചരണം നല്കുന്ന മക്കളും. അങ്ങനെ ഭൂരിപക്ഷം കുടുംബങ്ങളും സന്തോഷാന്തരീക്ഷത്തിൽ ജീവിച്ചു പോന്നു. കാലം മാറി. ഇന്ന് കാണുന്ന വലിയ കെട്ടിടങ്ങളിൽ ചെല്ലുമ്പോൾ, നാം കാണുന്നത് അതിവിശാലമായ ഹാളോടു കൂടിയ അഞ്ചും ആറും ബെഡ്റൂമുകളുള്ള വീടുകളിൽ പ്രായാധിക്യം കൊണ്ട് ബുദ്ധിമുട്ടുന്ന വൃദ്ധദമ്പതികളെയായിരിക്കും. മക്കളുടെ കാര്യം ചോദിക്കുമ്പോൾ വളരെ അഭിമാനത്തോടെ പറയും അവൻ അമേരിക്കയിലാണ്, ഗൾഫിലാണ്, കാനഡയിലാണ് എന്നൊക്കെ. പക്ഷെ കുറേകൂടി കാര്യങ്ങളിലേയ്ക്ക് കടന്നാൽ

➠

വാല്യം 17 ✣ ലക്കം - 4 ✣ ഏപ്രിൽ - 2025

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 8 |
| വാസ്തു ശാസ്ത്രം | 9 |
| ക്ഷേത്രങ്ങളിലൂടെ | 11 |
| സുഭാഷിതം | 14 |
| നിശീഥിനിയിലെ മിന്നാമിനുങ്ങ് | 15 |
| ഗീതാധിപത്യം ജയിക്കണേ | 17 |
| മദ്യവും മയക്കുമരുന്നും | 18 |
| നമഃശിവായ | 21 |
| ഒരു അറബിരാജ്യത്തിലൂടെ | 24 |
| ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്.... | 27 |
| ആരാണ് ഗുരു ആരാണ് ശിഷ്യൻ | 30 |
| കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-12 | 32 |
| ജീവിതാനുഭവങ്ങൾ | 36 |
| പശ്ചിമഘട്ട മലനിരകളും വയനാട് ദുരന്തവും | 40 |
| ദൃഗ് ദൃശ്യ വിവേകം | 43 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |



പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ.ടി. മോഹനൻ

അവരുടെ ഉള്ളിലെ തേങ്ങലുകൾ കണ്ണിൽ നിന്നും തുള്ളിതുള്ളികളായി കവിളിലൂടെ പ്രവഹിക്കുന്നത് വേദനയോടെ നാം കാണേണ്ടി വരും. എന്തേ നമ്മുടെ നാട് ഇങ്ങനെ വൃദ്ധ ഭവനങ്ങളായി മാറാൻ കാരണം? വിദ്യാഭ്യാസത്തിനും അതിനുശേഷവും യുവജനങ്ങൾ കേരളം വിട്ടു പോകുന്നത് എന്തുകൊണ്ട് ഇത് വളരെ ഗൗരവത്തോടുകൂടി ചിന്തിക്കേണ്ട ഒരു വിഷയമാണ്. വിദ്യ അഭ്യസിക്കാൻ പോലും കുട്ടികൾ പുറം നാടുകളിലേയ്ക്കു പോകുവാൻ എന്തേ കാരണം? വിദ്യാഭ്യാസം കഴിഞ്ഞാൽ അവരിൽ മിക്കവരും ഭാരതത്തിലെ തന്നെ മറ്റേതെങ്കിലും സംസ്ഥാനത്തിലേയ്ക്കോ മറ്റ് രാജ്യങ്ങളിലേയ്ക്കോ ചേക്കേറുവാനാണ് താല്പര്യപ്പെടുന്നത്. സാക്ഷരതയുടെ കാര്യത്തിൽ കേരളം ഒന്നാമതാണെന്നാണല്ലോ പറയപ്പെടുന്നത്. മാതൃഭാഷയിൽ വായിക്കുവാനും എഴുതുവാനും മറ്റുള്ളവർ വായിക്കുന്നതോ പറയുന്നതോ മനസ്സിലാക്കുവാനും കഴിവുള്ള ഒരാളെ സാക്ഷരത ഉള്ള ആളായിട്ടാണ് കണക്കാക്കപ്പെടുന്നത്. അങ്ങനെ സാക്ഷരതയുള്ളവരെയെല്ലാം നമുക്ക് വിദ്യാഭ്യാസമുള്ളവരായി കണക്കാക്കുവാൻ കഴിയുമോ ? ഇന്നത്തെ നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരം പുതിയ കാലത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് പരിഷ്ക്കരിക്കപ്പെട്ടിട്ടുള്ളതാണോ? അങ്ങനെ അല്ലാത്തത് കൊണ്ടാണോ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി നമ്മുടെ കുട്ടികൾ മറ്റ് സ്ഥലങ്ങളെ തേടി പോകുന്നത്? ഇക്കാര്യത്തിൽ കൃത്യമായ ഒരു അന്വേഷണം നടത്തി വേണ്ടവിധം ഉള്ള പരിഷ്ക്കരണ നടപടികൾ അടിയന്തിരമായി നടപ്പിലാക്കിയാൽ വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള കുട്ടികളുടെ ഈ പരക്കം പാച്ചിൽ അവസാനിപ്പിക്കാൻ സാധിക്കും. ഇനി തൊഴിൽ തേടി മറ്റ് രാജ്യങ്ങളിലേയ്ക്കു പോകേണ്ടിവരുന്ന ചെറുപ്പക്കാരുടെ ഹൃദയവ്യഥ നാം മനസ്സിലാക്കേണ്ടതാണ്. പ്രായമായ അച്ഛനേയും അമ്മയേയും തനിച്ചാക്കി ദൂരേയ്ക്ക് പോകുന്നത് ഒരിക്കലും സന്തോഷത്തോടെ ആയിരിക്കില്ല. അവർ നേടിയ വിദ്യാഭ്യാസത്തിന് അനുയോജ്യമായ ഒരു ജോലി നമ്മുടെ നാട്ടിൽ ലഭിക്കാനുള്ള സാഹചര്യമില്ലാത്തതാണ് മനസ്സില്ലാമനസ്സോടെയാണെങ്കിലും നാടുവിട്ട് പോയി അവരുടെ ഭാവി രൂപപ്പെടുത്തുവാൻ അവരെ പ്രേരിപ്പിക്കുന്നത്. നമ്മുടെ നാട്ടിൽ ഇന്നത്തെ യുവാക്കളുടെ പ്രതീക്ഷയ്ക്കുതകുന്ന വിധത്തിലുള്ള ജോലികൾ ലഭ്യമാക്കുവാൻ പര്യാപ്തമായ വ്യസായസ്ഥാപനങ്ങൾ സ്ഥാപിക്കുകമാത്രമാണ് അതിനുള്ള പോംവഴി. നാട്ടിൽ നിലനിൽക്കുന്ന ജാതിസംവരണവും ഇതിന്റെ മറ്റൊരു കാരണമാണ്. ജാതി സംവരണമെന്നത് 10 വർഷത്തേയ്ക്ക് എന്നു പറഞ്ഞുകൊണ്ട് തുടക്കം കുറിച്ചത് ഇന്ന് മുക്കാൽ നൂറ്റാണ്ട് കഴിഞ്ഞിട്ടും തുടർന്നുകൊണ്ടേയിരിക്കുന്നു. ജാതിയും മതവും നോക്കാതെ ദാരിദ്ര്യം നോക്കി സംവരണം നല്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. കേരളത്തിൽ ആധുനിക വ്യവസായങ്ങൾ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ ഇനിയും വൈകിച്ചാൽ ഈ നാട് വൃദ്ധരുടെ നാട് മാത്രമായി മാറും. അതുപോരാ, നമ്മുടെ യുവാക്കളെ ഇവിടെ പിടിച്ചു നിർത്തുവാൻ ഉതകുന്ന സാഹചര്യം സൃഷ്ടിക്കണം. അല്ലെങ്കിൽ നമ്മുടെ യുവാക്കളുടെ ബുദ്ധിയും, കരുത്തും, കാര്യശേഷിയും മറ്റുള്ള രാജ്യങ്ങൾക്ക് മാത്രമായിരിക്കും പ്രയോജനപ്പെടുക. ഇങ്ങനെ ബൗദ്ധിക മേഖലയിലെ ശോഷണം തടയുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയാണ് ഈ നാടിന്റെ ഭാവിയെ കാംക്ഷിക്കുന്നവർ അടിയന്തിരമായി ചെയ്യേണ്ടത്.

ഈ കാര്യങ്ങളിലെല്ലാം കേന്ദ്രകേരള സർക്കാരുകളുടെ ശ്രദ്ധ പതിയുമെന്നു കരുതട്ടെ- നാടിനുവേണ്ടി, നാടിന്റെ ശ്രേഷ്ഠമായ ഭാവിക്കുവേണ്ടി.

**ജയ് ഹിന്ദ്**



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

**പ്രിയ കരയോഗാംഗങ്ങളെ,**

## എല്ലാവർക്കും വിഷു ആശംസകൾ

എറണാകുളം കരയോഗത്തിന്റെ 100-ാം ജന്മദിനം വരവായി. ശതാബ്ദിആഘോഷം ഉത്സവച്ഛായയോടെ വളരെ വിപുലമായ രീതിയിൽ ആഘോഷിക്കുന്നതിനുള്ള കർമ്മ പരിപാടികൾ പൂർത്തിയായിരിക്കുന്നു. ഏപ്രിൽ 4 മതുൽ എല്ലാ മാസവും 3 ദിവസം നീണ്ടു നിൽക്കുന്ന പരിപാടികളോടെ നവംബർ വരെ ശതാബ്ദിയാഘോഷം വിപുലമായി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഏപ്രിൽ 4 മുതൽ 6 വരെ സാഹിത്യോത്സവം, മെയ് 30 മുതൽ ജൂൺ 1 വരെ നാടകോത്സവം, ജൂൺ 20 മുതൽ 22 വരെ കഥകളി ഉത്സവം, ജൂലൈ 17 മുതൽ ഓഗസ്റ്റ് 16 വരെ ആദ്ധ്യാത്മികമാസാചരണം, സെപ്റ്റംബർ 22 മുതൽ 24 വരെ നൃത്തോത്സവം, സെപ്റ്റംബർ 25 മുതൽ 27 വരെ സംഗീതോത്സവം, ഒക്ടോബർ 24 മുതൽ 26 വരെ അനുഷ്ഠാനകലകൾ, നവംബർ 20 മുതൽ 22 വരെ നാടൻ കലോത്സവം എന്നീ പരിപാടികളാണ് നടത്തുന്നത്. ഡിസംബർമാസത്തെ പരിപാടിയെ സംബന്ധിച്ചുള്ള വിവരങ്ങൾ തുടർന്ന് അറിയിക്കുന്നതായിരിക്കും. നമ്മുടെ ഈ മഹത്തായ പ്രസ്ഥാനത്തിന്റെ നൂറാം വർഷം-ശതാബ്ദി ആഘോഷങ്ങൾ എങ്ങനെ ആയിരിക്കണമെന്ന് ആലോചിക്കുന്നതിനുവേണ്ടി ജസ്റ്റിസ് ശ്രീ. കെ.എസ്. രാധാകൃഷ്ണൻ സുപ്രീം കോടതി ജസ്റ്റിസ് (റിട്ട.) ചെയർമാനായ 201 അംഗ കമ്മറ്റിയാണ് ഒരു വർഷം നീണ്ടുനില്ക്കുന്ന ആഘോഷങ്ങൾക്ക് നേതൃത്വം നല്കുന്നത്. എറണാകുളം കരയോഗത്തിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾക്കും സമൂഹത്തിൽ കരയോഗത്തിനുള്ള പ്രത്യേക പഗിഗണനയും നിലനിർത്തിക്കൊണ്ട്, അതിനുതകുന്ന രീതിയിലുള്ള പരിപാടികളും പദ്ധതികളുമാണ് ആസൂത്രണം ചെയ്തിട്ടുള്ളത് എന്നതിൽ അതിയായ സന്തോഷമുണ്ട്.

ശതാബ്ദിയാഘോഷപരിപാടികൾ മുഴുവൻ തന്നെ, എറണാകുളം കരയോഗത്തിന്റെ ഫണ്ടുകൾ ഉപയോഗിക്കാതെ, മഹാമനസ്ക്കരായ എറണാകുളം കരയോഗം അംഗങ്ങളുടേയും അഭ്യുദയകാംക്ഷികളുടേയും സംഭാവനയിലും സ്പോൺസർഷിപ്പിലും ആണ് നടത്തുന്നത്. നിങ്ങൾ ഓരോരുത്തരും നിങ്ങളാൽ കഴിയുന്ന സംഭാവനകൾ തന്ന് എറണാകുളം കരയോഗത്തിന്റെ ശതാബ്ദിയാഘോഷവും അനുബന്ധപദ്ധതികളും വിജയിപ്പിക്കുവാൻ മുന്നോട്ട് വരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

ശതാബ്ദിയാഘോപരിപാടികളുടെ ഔപചാരികമായ ഉദ്ഘാടനം ഏപ്രിൽ 4ന് വൈകുന്നേരം 3 മണിക്ക് ബഹുമാനപ്പെട്ട വെസ്റ്റ്ബംഗാൾ ഗവർണർ ശ്രീ. സി.വി. ആനന്ദബോസ് ഐ എ എസ് നിർവ്വഹിച്ചു. തദവസരത്തിൽ പ്രതിപക്ഷ നേതാവ് ശ്രീ. വി.ഡി. സതീശൻ, ശ്രീ. ഹൈബി ഈഡൻ എം.പി. എന്നിവർ സന്നിഹിതരായിരുന്നു. ചടങ്ങിൽ വച്ച് എഴുത്തച്ഛൻ പുരസ്ക്കാരം നേടിയ പ്രൊഫ. എം.കെ. സാനുമാഷ്, ഡോ. എം. ലീലാവതി, ശ്രീ സി. രാധാകൃഷ്ണൻ, ശ്രീ. സേതു, ഡോ. എസ്.കെ. വസന്തൻ, ശ്രീ. എൻ.എസ്. മാധവൻ ഐഎഎസ് എന്നിവരെ ആദരിക്കുകയും ചെയ്തു.

എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി സംരക്ഷണത്തിൽ കാവുകളുടെ പ്രസക്തി എന്ന വിഷയത്തെ കുറിച്ച് പി.കെ. രാമചന്ദ്രൻ (Environmentalist and Social Worker, Former District Co-ordinator, Kerala State Biodiversity Board) പ്രഭാഷണം നടത്തുന്നു. 2025 ഏപ്രിൽ 19 ശനിയാഴ്ച വൈകുന്നേരം 5.00 മുതൽ 6.00 വരെ ടി. ഡി. എം. ഹാളിൽ. ഏവരേയും സ്വാഗതം ചെയ്യുന്നു.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ അകായിലെ സംഗീതം 2025 ഏപ്രിൽ 20 വൈകിട്ട് 4 മണിക്ക് ടി. ഡി. എം. ഹാളിൽ മങ്കൊമ്പ് ഗോപാലകൃഷ്ണന്റെ പാട്ടുകൾ. ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ 2025 ഏപ്രിൽ 22 വൈകിട്ട് 6.30 ന് ടി. ഡി. എം. ഹാളിൽ സമീർ ബിൻസി ആന്റ് പാർട്ടിയുടെ സൂഫീ സംഗീത സായാഹ്നം. ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗം സാഹിതിയോഗം പരിപാടി 2025 ഏപ്രിൽ 27 രാവിലെ 10.30 ന് ടി. ഡി. എം. ഹാളിൽ. എം തോമസ് മാത്യുവിന്റെ 'ആശാന്റെ സീതായനം'- അവതരണം: കെ. രാധാകൃഷ്ണൻ. ഏവർക്കും സ്വാഗതം.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

**ജനറൽ സെക്രട്ടറി**

**എറണാകുളം കരയോഗം**
**ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ**
**കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**




**2025 ഏപ്രിൽ 10 മുതൽ മെയ് 10 വരെ**

| | | | | |
|---|---|---|---|---|
| 1. | 16-04-2025<br>23-04-2025<br>30-04-2025<br>07-05-2025 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല.പി.പി | 3.00 p.m - 4.30 p.m. |
| 2. | 17-04-2025<br>24-04-2025<br>01-05-2025<br>08-05-2025 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 3. | 14-04-2025 | തിങ്കൾ | വിമൻസ് ഫോറം | 3.00 p.m - 5.00 p.m. |
| 4. | 19-04-2025 | ശനി | എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി സംരക്ഷണത്തിൽ കാവുകളുടെ പ്രസക്തി എന്ന വിഷയത്തെ കുറിച്ച് പി.കെ. രാമചന്ദ്രൻ സംസാരിക്കുന്നു. | 5.00 p.m. - 6.00 p.m. |
| 5. | 20-04-2025 | ഞായർ | എറണാകുളം കരയോഗം സാംസ്കാരികവേദി<br>**അകായിലെ സംഗീതം**<br>മങ്കൊമ്പ് ഗോപാലകൃഷ്ണന്റെ പാട്ടുകൾ | 4.00 p.m |
| 6. | 22-04-2025 | ചൊവ്വ | ബീം – സൂഫി സംഗീത സായാഹ്നം | 6.30 p.m. |
| 7. | 27-04-2025 | ഞായർ | സാഹിതീ യോഗം<br>എം. തോമസ്മാത്യുവിൻെറ 'ആശാന്റെ സീതായനം'<br>അവതരണം: കെ. രാധാകൃഷ്ണൻ | 10.30 a.m |
| 8. | 20-04-2025<br>04-05-2025 | ഞായർ | വേദപഠന കളരി | 10.30 a.m |

100 ERNAKULAM KARAYOGAM CENTENARY 1925-2025

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നില നിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്ക് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നല്കി അംഗത്വം നല്കുവാൻ തീരുമാനം എടുത്തിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

* * *

### എറണാകുളം കരയോഗം ശതാബ്ദിയാഘോഷഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

**കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടെ ജോയിൻ ചെയ്യുകയോ ചെയ്യാവുന്നതുമാണ്.**

☞ **8281588833**

Open this link to join my WhatsApp Group:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം



# ബാലലോകം



പറവൂർ രാജഗോപാൽ – 9847291483

## പ്രാർത്ഥനകൾ

**പ്രിയപ്പെട്ട കൂട്ടുകാരേ,**

മറന്നുപോയ പ്രാർത്ഥന

ഒരിടത്ത് വേലു എന്ന് പേരായ ഒരു കച്ചവടക്കാരനുണ്ടായിരുന്നു. നിത്യേന കച്ചവടാവശ്യങ്ങൾക്കായി അതിരാവിലെ വേലു വീട്ടിൽനിന്ന് പുറത്തുപോകും. ചില ദിവസങ്ങളിൽ നേരം ഏറെ വൈകിയിട്ടാവും അയാൾ വീട്ടിൽ തിരിച്ചെത്തുക.

അതിരാവിലെ അയാൾ തന്റെ പൂജാമുറിയിൽ കയറി പ്രാർത്ഥനപുസ്തകം തുറന്ന് അതിൽ നോക്കി പ്രാർത്ഥിക്കും. പോകുമ്പോൾ വേലു തന്റെ പ്രാർത്ഥനാപുസ്തകം കൈയ്യിലെടുക്കും. വീട്ടിൽ മടങ്ങിയെത്താൻ വൈകുന്ന ദിനങ്ങളിൽ സന്ധ്യയ്ക്ക് വഴിയിലെവിടെയെങ്കിലും നിന്ന് പ്രാർത്ഥനാപുസ്തകം നോക്കി അയാൾ പ്രാർത്ഥിക്കും. രാവിലെയും വൈകിട്ടുമുള്ള പ്രാർത്ഥന തുടങ്ങിയ കാലംതൊട്ട് അന്നുവരെ വേലു മുടക്കിയിട്ടില്ല. പക്ഷെ അന്ന് വൈകിട്ട് ചന്തയിൽനിന്ന് മടങ്ങുമ്പോൾ തന്റെ കൈയ്യിൽ പ്രാർത്ഥനാപുസ്തകമില്ലെന്ന് അയാൾ അറിഞ്ഞു. മറന്നതാണ്, വീട്ടിൽവെച്ച്!

നേരം സന്ധ്യയോടടുക്കുന്നു. വേഗം വീട്ടിലെത്തണം. വേലു അതിവേഗം തന്റെ കാളവണ്ടി തെളിച്ചു. വഴിയിലൊരിടത്തുവെച്ച് വണ്ടി നിന്നു. കാളകളിലൊന്ന് ക്ഷീണിച്ച് മുടന്തി നിന്നതാണ് കാരണം. 'കുറച്ചൊന്നു വിശ്രമിച്ചെങ്കിലേ ഇനി ഇവൻ വണ്ടിവലിക്കൂ'. – വേലു കാളകളെ അഴിച്ച്, വിശ്രമിക്കാൻ അല്പം മാറ്റിനിർത്തി. സന്ധ്യ വന്നതുതന്നെ!

പ്രാർത്ഥിക്കാനാവാതെ ദിവസം കടന്നുപോകുന്നുവെന്ന ചിന്ത അയാളെ ദുഃഖിതനാക്കി. അതുകൊണ്ട് ഇപ്രകാരമായിരുന്നു അയാളുടെ പ്രാർത്ഥന.

'ദൈവമേ, വലിയൊരു മണ്ടത്തരമെനിക്കിന്നു പറ്റി. പ്രാർത്ഥനാപുസ്തകം എടുക്കാതെയാണ് ഞാനിന്ന് വീട്ടിൽനിന്നു പോന്നത്. ഒന്നും ഓർമ്മിച്ചു വെയ്ക്കാനാവാത്ത എനിക്ക് പുസ്തകം നോക്കാതെ ഒരു പ്രാർത്ഥനപോലും ചൊല്ലാൻ കഴിയില്ല. അതുകൊണ്ട് ഇങ്ങനെയാണ് ഞാൻ ഇന്ന് പ്രാർത്ഥിക്കുന്നത്.... വളരെ പതുക്കെ ഞാൻ അഞ്ചുവട്ടം അക്ഷരമാല ഉരുവിടാം. എല്ലാ ഭാഷയും, പ്രാർത്ഥനയും അറിയുന്ന അങ്ങ് ആ അക്ഷരങ്ങൾ ചേർത്ത്വെച്ച് ഞാൻ മറന്നുപോയ പ്രാർത്ഥന കേൾക്കേണമേ...'

ദൈവം അന്ന് സന്നിധിയിൽ ഇങ്ങനെ മൊഴിഞ്ഞു. 'ഞാൻ ഇന്നുകേട്ട പ്രാർത്ഥനകളിൽ ഏറ്റവും നിഷ്കളങ്കമായത് ഇതു തന്നെയാണ്. വളരെ ലളിതവും ആത്മാർത്ഥവുമായ ഒരു ഹൃദയത്തിൽ നിന്നാണ് അതുവന്നത്.

**ആഗ്രഹ പ്രകാരം**

കുടിലചിത്തനും, ദുഷ്ടനും, അഹങ്കാരിയുമായ ഒരു രാജാവും സാധുവായ ഒരു കർഷകനും ദൈവത്തോടു പ്രാർത്ഥിച്ചു. അനേകനാൾ കൊണ്ടുള്ള ഇരുവരുടെയും പ്രാർത്ഥനയാണ്. ദൈവം കേൾക്കാതെ എങ്ങനെ....?

രണ്ടുപേരുടെയും മുന്നിൽ പ്രത്യക്ഷനാവാൻ ദൈവം തീരുമാനിച്ചു. അക്കാര്യം അവരെ അറിയിക്കുന്നതിന് ഒരു ദേവാംഗനയെ നിയോഗിച്ചു.

ദേവാംഗന ആദ്യം രാജാവിന്റെ അടുത്തെത്തി അറിയിച്ചു. 'രാജാവേ, അങ്ങ് ആഗ്രഹിക്കുന്ന

(ശേഷം 10–ാം പേജിൽ)



# വാസ്തു ശാസ്ത്രം




ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ - 9447032434

ഇന്നലെ കണ്ട വീട് ആ പ്രദേശത്തെ ഏറ്റവും വലിയ വീടാണ്. താഴെയും, മുകളിലുമായി 7 കിടപ്പുമുറികൾ; രണ്ട് അടുക്കളയും, വർക്ക്ഏരിയയും, രണ്ട് ഊണുമുറികൾ, നാല് കാർ ഇടാവുന്ന കാർപോർച്ച്. അൻപതുകൊല്ലം മുമ്പ് പണിത വീടാണെങ്കിലും ഇപ്പോഴും പുതിയ വീടുപോലെയുണ്ട്. വീട്ടിൽ ധാരാളം ഡോക്ടർമാരുണ്ട്. ഒരു ഫാമിലി ഒഴിച്ച് ബാക്കിയെല്ലാവരും വീടുപണിത് മാറിപ്പോയി. വീടിന്റെ മുഖം തെക്കോട്ടാണ്. വീട്ടിലേക്കുള്ള ഗേറ്റ് തെക്കുകിഴക്കായിരുന്നു. അടുത്ത കാലത്ത് വീടിന്റെ മുൻവശത്തുകൂടി ഹൈവേ വരികയും, ധാരാളം വാണിജ്യസ്ഥാപനങ്ങൾ വരികയും ചെയ്തു. ഈ വീടിന്റെ തെക്കുവശത്ത് മുന്ന് നിലയുള്ള ഷോപ്പിംഗമാൾ പണിതു. അതേ സമയത്തുതന്നെ ഗേറ്റ് തെക്ക്കിഴക്കുനിന്നും തെക്കുപടിഞ്ഞാറേക്ക് മാറ്റി. സ്ഥലത്തിന് നല്ലവില കിട്ടിത്തുടങ്ങിയപ്പോൾ പറമ്പിന്റെ കിഴക്കും, വടക്കുമുള്ള സ്ഥലങ്ങൾ മുറിച്ചു വിറ്റു. വീടിന്റെ വടക്കുവശത്ത് വീടിന്റെ തറ ഉയരത്തിൽ നല്ല ഗാർഡൻ ഉണ്ടാക്കി. ഇപ്പോൾ വീട് നിൽക്കുന്ന പ്ലോട്ടിന്റെ വടക്ക് ഉയർന്നും തെക്ക് താഴ്ന്നും നിൽക്കുന്നു. ഗേറ്റ് തെക്കുപടിഞ്ഞാറെ മൂലയിലും. കഴിഞ്ഞ ആറു മാസമായി അവിടെ പലവിധത്തിലുള്ള പ്രശ്നങ്ങൾ തുടങ്ങി. വളരെ സന്തോഷമായി ജീവിച്ചിരുന്ന വീട്ടിൽ ദിവസവും വഴക്കു തുടങ്ങി, ഡോക്ടറായ ഭാര്യ പിണങ്ങിപോയി, ഡോക്ടറായ ഗൃഹനാഥൻ ഭാര്യയെ ഡിവോഴ്സ് ചെയ്തു, വേറെ കല്യാണം കഴിച്ചു. ഇപ്പോഴും അവിടെ പലതരത്തിലുള്ള പ്രശ്നങ്ങളുണ്ട്. രണ്ടാംഭാര്യയും പ്രശ്നത്തിലാണ്. വളരെ പ്രസിദ്ധനായ ജോത്സ്യനെ കാണുകയും, അദ്ദേഹം പറഞ്ഞതനുസരിച്ചുള്ള പൂജകൾ നടത്തിയ ശേഷം വീടിന്റെ നാലതിരിലും തകിടുകൾ കുഴിച്ചിടുകയും ചെയ്തു.

വീടിന്റെ തെക്കുപടിഞ്ഞാറെ മൂലയിൽ ഗേറ്റ് ഒഴിവാക്കി കിഴക്കുനിന്നും പടിഞ്ഞാറോട്ട് (ചിത്രത്തിൽ A to B.) ഒരു കുട്ടിമതിൽ കെട്ടി തെക്കുപടിഞ്ഞാറെ ഭാഗം മണ്ണിട്ടുയർത്തി വെള്ളത്തിന്റെ ഒഴുക്ക് കിഴക്കോട്ടോ, വടക്കുകിഴക്കോട്ടോ ആക്കണം. കുട്ടി മതിലിന്റെ തെക്കുവശത്തുകൂടി വാഹനങ്ങൾ കിഴക്കോട്ട് വന്ന് വീടിന്റെ തെക്ക്, കിഴക്ക് ഭാഗത്തുകൂടി റോഡിലേക്ക് കടക്കണം. ഇപ്പോൾ വീട്ടിലേക്കുള്ള വഴി പഴയ സ്ഥലത്തുകൂടിതന്നെയായി. വീടിന്റെ വടക്കുഭാഗത്ത് ഗാർഡൻ ഉയർന്നു നിൽക്കുന്നതുകൊണ്ട് ഗാർഡനും വീടിനുമിടയിൽ ഒരു ചെറിയ മതിൽ കെട്ടണം. ചിത്രം (A1 to B1).

ഭൂമിയിൽ കുഴിയുണ്ടാക്കുമ്പോൾ മണ്ണ് വെളുത്തതും നെയ്യിന്റെ മണമുള്ളതുമാണെങ്കിൽ ബ്രാഹ്മണർക്കും, മഞ്ഞയും ചെളിയുമുള്ള പറമ്പ് വൈശ്യർക്കും ആണെന്ന് കണ്ടു. കൊല്ലങ്ങൾക്കുമുമ്പ് ആരോ എഴുതിവെച്ച പുസ്തകങ്ങൾ അനുസരിച്ച് സ്ഥലം പരിശോധിക്കാതെ പലരും വാസ്തുനോക്കി ഫലങ്ങൾ പറയുന്നു, പൂജ നടത്തുന്നു അവസാനം ഏതെങ്കിലും വാസ്തുക്കാരെ കാണുന്നു. ഒരിക്കലും സ്ഥലം പരിശോധിക്കാതെ വാസ്തു നോക്കുവാൻ കഴിയുകയില്ല. കെട്ടിടം നിൽക്കുന്ന പ്ലോട്ടിന്റെ ഗേറ്റിന്റെ സ്ഥാനം, വെള്ളത്തിന്റെ ഒഴുക്ക്,

തെക്കും, വടക്കും, കിഴക്കും, പടിഞ്ഞാറുമുള്ള Vacant പ്ലോട്ട്-ന്റെ ചുറ്റുമുള്ള സ്ഥലങ്ങൾ; വീടിനകത്തുകൂടി തെക്കുപടിഞ്ഞാറൻ കാറ്റും, പോ ക്കുവെയിലും കടന്നു പോകുന്നത് ഇതെല്ലാം പരിശോധിക്കാതെ എങ്ങനെയാണു വാസ്തു നോക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.




(8-ാം പേജിന്റെ തുടർച്ച...)

പ്രകാരം ദൈവം അങ്ങയുടെ മുന്നിൽ പ്രത്യക്ഷപ്പെടാൻ നിശ്ചയിച്ചിരിക്കുകയാണ്. ഏത് രൂപത്തിലാവണമെന്ന് അങ്ങ് തന്നെ നിശ്ചയിച്ചാലും'. രാജാവിന്റെ പ്രഖ്യാപനം പെട്ടെന്നുണ്ടായി.

'ദൈവം സമസ്ത അധികാരത്തോടും പ്രൗഢിയോടും കൂടെ എന്റെ മുന്നിൽ പ്രത്യക്ഷപ്പെടണം. അങ്ങനെ തന്നെ പ്രത്യക്ഷപ്പെടട്ടെ എന്റെ മുന്നിൽ ദൈവം'. ദൈവം രാജാവിന്റെ ആഗ്രഹം സഫലമാക്കി. ജ്വലിക്കുന്ന മിന്നൽ പിണരായി അവിടുന്ന് വെളിപ്പെട്ടു. കൊട്ടാരവും രാജാവും ദഹിച്ചു ചാമ്പലാകുവാൻ പിന്നെ താമസിച്ചില്ല.

ദേവാംഗന പിന്നീട് സാധു കർഷകന്റെ സമീപത്തെത്തി അയാളെ അറിയിച്ചു. 'ദൈവം നിങ്ങളുടെ പ്രാർത്ഥനകേട്ട് മുന്നിൽ പ്രത്യക്ഷപ്പെടാൻ പ്രസാദിച്ചിരിക്കുന്നു. ഏതുപ്രകാരമാകണമെന്ന് നിങ്ങൾ നിശ്ചയിച്ചോളു'.

കർഷകൻ ഏറെനേരം ആലോചിച്ചിരുന്നു. തുടർന്ന് പറഞ്ഞു. 'ഞാനൊരു സാധുവാണ്. ദൈവത്തെ നേർക്കുനേർ കാണാനുള്ള കരുത്തൊന്നും എനിക്കില്ല. ദൈവം പ്രത്യക്ഷപ്പെടാൻ തിരുമനസ്സാവുകയാണെങ്കിൽ, ഞാൻ ഉഴുന്ന ഭൂമിയായി, കുടിക്കുന്ന ജലമായി, കഴിക്കുന്ന അന്നമായി വെളിപ്പെട്ടാലും. അവിടുത്തെ സാന്നിദ്ധ്യം എന്റെ കുടുംബത്തിന്റെയും, അയൽക്കാരുടെയും മുഖങ്ങളിൽ വെളിപ്പെടട്ടെ'.

ദൈവം കർഷകന്റെ ആഗ്രഹം നിറവേറ്റുകയും ചെയ്തു. വിളയായും, വിളഭൂമിയായും, വിളിപ്പുറത്തരികെയായും അയാൾ ദൈവത്തെ എപ്പോഴും കണ്ടു. ദൈവമേ, അനുദിനാനുഭവങ്ങളിൽ സ്നേഹമായി എന്നെന്നും വെളിപ്പെടുവാൻ കാരുണ്യം കാട്ടിയാലും!

മുന്ന് പ്രാർത്ഥനകൾ കേട്ടില്ലേ? വായിച്ചറിഞ്ഞില്ലേ? ഏതു പ്രാർത്ഥനയാണ് ഏറ്റവും നല്ലതെന്ന് കൊച്ചുകൂട്ടുകാർക്ക് മനസ്സിലായി കാണുമെന്ന് കരുതട്ടെ.

**എല്ലാ കൂട്ടുകാർക്കും വിഷുദിനാശംസകൾ**

ക്ഷേത്രങ്ങളിലൂടെ

# തൃക്കണ്ടിയൂർ ശ്രീ മഹാദേവക്ഷേത്രം

ഇന്ദിരാഭായി - 8078552892

ഹരിശ്രീഗണപതയെനമഃ എന്ന് ആദ്യാക്ഷരം കുറിക്കുവാൻ മലയാളിയെ പഠിപ്പിച്ച പണ്ഡിതനും ഭക്തകവിയുമായിരുന്ന തുഞ്ചത്ത്രാമാനുജൻ എഴുത്തച്ഛന്റെ ആരാധനാമൂർത്തിയാണ് തൃക്കണ്ടിയൂർ ശ്രീ മഹാദേവൻ. തൃക്കണ്ടിയൂർ മഹാദേവനെ പ്രാർത്ഥിച്ച ശേഷമായിരുന്നു അദ്ദേഹം തന്റെ ഓരോ കൃതികളുടേയും രചനകൾ നടത്തിയിരുന്നത്. മലയാള ഭാഷയുടെ മാധുര്യവും, സാഹിത്യവും, മാഹാത്മ്യവും, ഭക്തിയും പ്രദാനം ചെയ്യുന്നവയാണ് അദ്ദേഹത്തിന്റെ കൃതികൾ. മലയാള ഭാഷയുടെ ആത്മാവിനെ അറിയാനുതകുന്ന തരത്തിൽ രചിച്ച അദ്ധ്യാത്മരാമായണം കിളിപ്പാട്ട് ഏറെ ഭക്തി നിർഭരമായ രാമകഥയാണ്. രാമായണം കിളിപ്പാട്ടിന്റെ രചനയിൽ ശ്രീ പാർവ്വതീ ദേവി ശ്രീ പരമേശ്വരനോട് രാമകഥ കേൾക്കാൻ ആഗ്രഹമുണ്ടെന്നു പറയുന്നതായും ഇന്നുവരെ ആരും ഇതേപ്പറ്റി ചോദിച്ചിട്ടില്ല, കേൾക്കാൻ ആഗ്രഹമുണ്ടെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. രാമകഥ പറഞ്ഞു തരാം എന്ന് ശ്രീ മഹാദേവൻ ദേവിയോട് പറയുന്നതായും രാമായണത്തിന്റെ തുടക്കത്തിൽ പറയുന്നുണ്ട്. ഇതിൽ സങ്കല്പിച്ചിരിക്കുന്ന മഹാദേവനും, ദേവിയും തൃക്കണ്ടിയൂരപ്പനും അമ്മയുമാണ് എന്നാണ് സങ്കൽപ്പം. തൃക്കണ്ടിയൂരപ്പന്റെ തിരുനടയിൽ പ്രാർത്ഥിച്ചിരുന്നുകൊണ്ടാണ് അദ്ദേഹം രാമായണരചന നടത്തിയത്. കിളിപ്പാട്ട് രീതിയിലുള്ള ധാരാളം കൃതികളുണ്ടെങ്കിലും അദ്ധ്യാത്മരാമായണം കിളിപ്പാട്ട് ഏറെ പ്രസിദ്ധമാണ്. കിളിപ്പാട്ട് പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് തുഞ്ചത്തെഴുത്തച്ഛൻ. 30 അക്ഷരങ്ങളുള്ള വട്ടെഴുത്തിനുപകരം 51 അക്ഷരങ്ങളുള്ള മലയാള ലിപി പ്രയോഗത്തിൽ വരുത്തിയതും അദ്ദേഹമാണ്.

കേരളത്തിന്റെ ആദ്യ സാംസ്കാരിക നാടെന്നറിയപ്പെട്ടിരുന്ന വെട്ടത്തു നാട്ടിൽ സ്ഥിതി ചെയ്യുന്ന ക്ഷേത്രമാണ് തൃക്കണ്ടിയൂർ ശ്രീ മഹാദേവക്ഷേത്രം. അജ്ഞാനമാകുന്ന ഇരുട്ടിനെ അകറ്റി ജ്ഞാനമാകുന്ന വെളിച്ചം പ്രസരിപ്പിച്ച നാടായിരുന്നു വെട്ടത്തുനാട്. അറിവിന്റെ വെട്ടം പരത്തിയ വെട്ടത്തുനാട് അനേകം മഹാന്മാരുടെ സാന്നിദ്ധ്യംകൊണ്ട് സമ്പന്നമായിരുന്നു. ആധുനിക മലയാളഭാഷയുടെ പിതാവെന്ന് വിശേഷിപ്പിക്കുന്നതും പ്രാചീന കവിത്രയത്തിലെ ഭക്തകവിയുമായിരുന്ന തുഞ്ചത്തെഴുത്തച്ഛന്റെ ജന്മസ്ഥലമായ തുഞ്ചൻ പറമ്പ് തൃക്കണ്ടിയൂർ മഹാദേവക്ഷേത്രത്തിന് സമീപത്താണ്. അദ്ദേഹത്തിന്റെ ഉപാസനാമൂർത്തിയായിരുന്നു തൃക്കണ്ടിയൂരപ്പൻ. വെട്ടത്തുനാടിന്റെ തലസ്ഥാനമായിരുന്ന തിരൂരിലാണ് തൃക്കണ്ടിയൂർ മഹാദേവക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഗണിത ശാസ്ത്രത്തിന്റെയും ജ്യോതിഷ ശാസ്ത്രത്തിന്റെയും കേന്ദ്രമായിരുന്നു തൃക്കണ്ടിയൂർ. വെട്ടത്തുനാട് ഭരിച്ചിരുന്ന രാജാക്കൻമാരുടെ കോടതിയായിരുന്നു തൃക്കണ്ടിയൂർ ക്ഷേത്രാങ്കണം. രാജാവിനെപ്പോലും ശിക്ഷിക്കുവാൻ അധികാരമുള്ള കോടതിയായിരുന്നു. അത് അനേകം പ്രത്യേകതകൾ നിറഞ്ഞ ചരിത്രമാണ് തൃക്കണ്ടിയൂരിനുള്ളത്.

കേരളത്തിൽ പരശുരാമൻ സ്ഥാപിച്ച ബ്രാഹ്മണഗ്രാമങ്ങളിൽ ഏറ്റവും കൂടുതൽ ബ്രാഹ്മണ ഇല്ലങ്ങളുണ്ടായിരുന്ന നാടായിരുന്നു തൃക്കണ്ടിയൂർ. ഇവിടെ 2700 ബ്രാഹ്മണ ഇല്ലങ്ങളുണ്ടായിരുന്നു. വെട്ടത്തുനാടിന്റെ കോടതിയായിരുന്ന തൃക്കണ്ടിയൂരിൽവെച്ച് പല

പ്രധാന തീരുമാനങ്ങളും നടപ്പാക്കിയിട്ടുണ്ട്. കഥകളിക്കും പ്രത്യേക സംഭാവനകളുണ്ടായിട്ടുണ്ട്. നടൻ പാടി അഭിനയിക്കേണ്ട എന്നും, കഥകളിക്ക് ചെണ്ട വേണമെന്നും നിർബന്ധമാക്കിയത് ഇവിടെ വെച്ചാണ്. എഴുത്തച്ഛൻ, രാമപുരത്തുവാര്യർ, ആദിശങ്കരാചാര്യ ശിഷ്യനായ പത്മപാദർ എന്നിവർ ജനിച്ചതും തൃക്കണ്ടിയൂർ ദേശത്ത് തന്നെയാണ്. മേൽപ്പത്തൂർ നാരായണ ഭട്ടതിരിക്ക് വാതരോഗം പിടിപെട്ടതും ഇവിടെവെച്ചാണ്. ഗുരുവായൂരിലെ കോടതി വിളക്ക് നിശ്ചയിച്ചതും ഇവിടെ വെച്ചുതന്നെയാണ്.

പ്രദോഷസമയത്ത് പ്രതിഷ്ഠിതമായതിനാൽ തൃക്കണ്ടിയൂർ മഹാദേവൻ പ്രദോഷശിവൻ എന്നറിയപ്പെടുന്നു. പരശുരാമൻ പ്രതിഷ്ഠ നടത്തിയ ശിവക്ഷേത്രമാണ് തൃക്കണ്ടിയൂർ മഹാദേവക്ഷേത്രം. ഒരേ ദിവസം മൂന്നിടത്ത് ശിവപ്രതിഷ്ഠ നടത്തിയതിൽ വൈകിട്ട് പ്രതിഷ്ഠ നടത്തിയ ക്ഷേത്രമാണ് തൃക്കണ്ടിയൂർക്ഷേത്രം. രാവിലെ തിരുവണ്ണൂരിലും, ഉച്ചക്ക് മണ്ണൂരിലും, വൈകിട്ട് തൃക്കണ്ടിയൂരിലും പ്രതിഷ്ഠ നടത്തിയതിനാൽ ഒരേദിവസം ഈ മൂന്ന് ക്ഷേത്രങ്ങളിലും ദർശനം നടത്തുന്നത് അതിവിശിഷ്ടമായി കണക്കാക്കുന്നു. തൃക്കണ്ടിയൂരിൽ ഭഗവാൻ ധ്യാനരൂപത്തിലാണ് കുടികൊള്ളുന്നത്. മറ്റു ശിവക്ഷേത്രങ്ങളിൽ സാധാരണമല്ലാത്ത ശക്തിപൂജയാണ് ഇവിടെ പ്രധാനം. വൃശ്ചികം 1 മുതൽ 41 ദിവസം നടത്തപ്പെടുന്ന ശക്തിപൂജ വളരെ പ്രധാനമാണ്. മലപ്പുറം ജില്ലയിലെ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലൊന്നാണ് തൃക്കണ്ടിയൂർ മഹാദേവക്ഷേത്രം. ടിപ്പുവിന്റെ പടയോട്ടകാലത്ത് നശിപ്പിക്കപ്പെട്ട ക്ഷേത്രങ്ങളിലൊന്നാണ് ഈ ക്ഷേത്രം. അതിവിശാലമായ ഒരു ക്ഷേത്രക്കുളം ഇവിടെയുണ്ട്. ക്ഷേത്രഭൂമിയുടെ അതെ വിസ്തൃതിയിലാണ് (മൂന്ന് ഏക്കർ) ഈ കുളം കാണപ്പെടുന്നത്. ക്ഷേത്രകുളത്തിന്റെ പടവുകളിൽ ചില ശിലാലിഖിതങ്ങൾ കാണാം. വള്ളുവനാട് രാജാക്കൻമാർ നിർമ്മിച്ചതാണ് ഈ ചിറ എന്ന് വിശ്വസിക്കുന്നു. രണ്ടുഘട്ടങ്ങളിൽ ഈ ചിറയുടെ പുനർനിർമ്മാണം നടന്നതായും രേഖകളിൽ കാണുന്നുണ്ട്. ഇത് കിഴക്കേചിറയെന്നും അറിയപ്പെടുന്നു. ചിറയുടെ നാലുപുറവും പടവുകൾ കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ക്ഷേത്രത്തിന് സമീപമുള്ള ഒരു മനയിൽ തീപിടുത്തം പലപ്പോഴും ഉണ്ടാകുമായിരുന്നു ദേവപ്രശ്നത്തിൽ ഭഗവാൻ തൃക്കണ്ണുതുറക്കുന്നതിനാലാണ് അഗ്നിബാധയുണ്ടാകുന്നത് എന്ന് മനസ്സിലായി. അതിനു പരിഹാരമായി ക്ഷേത്രഭൂമിയുടെ അതെ വിസ്തൃതിയിൽ കിഴക്കോട്ടു ദർശനമായിരിക്കുന്ന ഭഗവാന്റെ ക്ഷേത്രത്തിനുമുന്നിൽ തന്നെ ക്ഷേത്രക്കുളം നിർമ്മിച്ചു.

ടിപ്പു അടിച്ചുതകർത്തതിന്റെ ബാക്കി പത്രമാണ് ഇന്നു നാം കാണുന്ന തൃക്കണ്ടിയൂർ ശിവക്ഷേത്രകാഴ്ചകൾ. കിഴക്കെ ഗോപുരം തകർത്താണ് ടിപ്പുവിന്റെ സൈന്യം ക്ഷേത്രം ആക്രമിച്ചത്. തകർന്ന ഗോപുരത്തിന്റെ തറ ഇന്നും കാണാം ഗോപുരവാതലിന്റെ ഇരുമ്പുകട്ടിളയും മറ്റും ആക്രമണത്തെ ഓർമ്മപ്പെടുത്തികൊണ്ട് ഇന്നും നിൽക്കുന്നു. ഭഗവാൻ നിത്യം കണികണ്ടിരുന്ന ഋഷഭത്തെയും വലിയ ബലിക്കല്ലിനെയും തകർത്തു. ആ ബലിത്തറയിൽ ചെറിയ ബലിക്കല്ലുസ്ഥാപിച്ചാണ് ഇന്ന് പൂജകൾ നടത്തുന്നത്. ബലിക്കല്ല് പഴയരീതിയിൽ പുനർസ്ഥാപിക്കാൻ ഇന്നും സാധിച്ചിട്ടില്ല. ശിവലിംഗം ഇളക്കിമാറ്റാൻ സാധിക്കാതെ വന്നപ്പോൾ അടിച്ചുപൊട്ടിച്ചു. ഇന്നും കേടുപറ്റിയ വിഗ്രഹത്തിൽ ഗോളക സ്ഥാപിച്ചതാണ് ഇവിടുത്തെ പൂജാവിഗ്രഹം. ലക്ഷദീപം തെളിയിച്ചിരുന്ന വിളക്കുമാടത്തറ പാടെ നശിപ്പിച്ചു. അത് ഇന്നും കാടുമൂടിക്കിടക്കുന്നു. ക്ഷേത്രത്തിന് ചുറ്റിലുമായി തലവെട്ടിമാറ്റിയ നന്ദി വിഗ്രഹവും കാടുമൂടികിടക്കുന്നുണ്ട് നശിപ്പിക്കപ്പെട്ട വിളക്കുമാടത്തറയും വർഷത്തിൽ ഒരു ദിവസം മാത്രം തുറക്കുന്നതും മറ്റു ദിവസങ്ങളിൽ അടഞ്ഞുകിടക്കുന്നതുമായ

# എറണാകുളം കരയോഗം - പി. എസ്. ഗോപിനാഥൻ നായർ പതിനേഴാമത് പരിസ്ഥിതി അവാർഡ് ദാനം

**2025 ഏപ്രിൽ 22 ന് ചൊവ്വാഴ്ച ഭൗമദിനത്തിൽ വൈകുന്നേരം 5.15ന് ടി. ഡി. എം. ഹാളിൽ**

17-ാമത് 'എറണാകുളം കരയോഗം പി. എസ്. ഗോപിനാഥൻ നായർ പരിസ്ഥിതി അവാർഡ്' ദാനവും ഭൗമദിനാചരണവും ടി.ഡി.എം. ഹാളിൽ ഏപ്രിൽ 22 ചൊവ്വാഴ്ച വൈകുന്നേരം 5.15ന് കൂടുന്ന പൊതുചടങ്ങിൽ വച്ച് നടത്തപ്പെടുന്നു. ഈ വർഷത്തെ അവാർഡിന് അർഹനായിട്ടുള്ളത് ശ്രീ. മുരുകേശൻ ടി.പി. മാലിപ്പുറമാണ്.
ഒരു മത്സ്യ തൊഴിലാളിയായ ഇദ്ദേഹം കാറ്റാടിമരങ്ങളും കണ്ടൽ കാടുകളും ഏറെക്കാലമായി നട്ടുവളർത്തി പരിരക്ഷിച്ചുപോരുന്നു. ഇതു കൂടാതെ കടലാമകൾ കരയിൽ വന്ന് മുട്ട ഇട്ട് മടങ്ങി കഴിയുമ്പോൾ ആ മുട്ടകൾ വിരിയുന്നതുവരെ അതിന് സംരക്ഷണം നല്കുവാൻ അദ്ദേഹം പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അങ്ങനെ വിവിധങ്ങളായ രീതിയിൽ പ്രകൃതി സംരക്ഷണപ്രവർത്തനങ്ങൾ സ്വമേധയാ നടത്തിക്കൊണ്ടിരി ക്കുന്ന ഒരു മഹത്വ്യക്തിയാണ് ശ്രീ മുരുകേശൻ.



പ്രസ്തുത ചടങ്ങിലേയ്ക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

എന്ന്

പി.രാമചന്ദ്രൻ (വേണു)
ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം

---

വടക്കേനടയിലെ വാതിലും ക്ഷേത്രഗോപുരത്തിന്റെ അവശേഷിക്കുന്ന തറയും ഇരുമ്പുകട്ടിളയും നഷ്ടപ്പെട്ടതും അറിയപ്പെടാത്തതുമായ ചരിത്രങ്ങളുടെ സ്മാരകങ്ങളായി ഇവിടെ കാണപ്പെടുന്നു. വെട്ടത്തുനാടിന്റെ കോടതിയായിരുന്ന ഈ ക്ഷേത്രാങ്കണം സാമൂഹ്യ വ്യവസ്ഥിതിയുടെ ഉഗ്രശാസനകളും ഭരണ സാരഥികളുടെ കല്പനകളും അടങ്ങിയ ഭൂതകാല ചരിത്രത്തിന്റെ സാക്ഷിപത്രമായി ഇവിടെ ഇന്നും നിലനിൽക്കുന്നു.

പരശുരാമൻ ഇവിടെ യാഗം നടത്തിയിരുന്നു എന്ന് വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ യാഗകുണ്ഡമാണ് പിന്നീട് തീർത്ഥകുളമായി പരിണമിച്ചത്. യാഗകുണ്ഡം ഉണ്ടായിരുന്നതിനാൽ ഈ സ്ഥലം കുണ്ഡപുരം എന്നും തൃക്കണ്ടിയൂരപ്പനെ കുണ്ഡപുരത്തപ്പൻ എന്നും അറിയപ്പെട്ടിരുന്നു ഗജപൃഷ്ഠാകൃതിയിലാണ് ഇവിടുത്തെ ശ്രീകോവിൽ നിർമ്മിച്ചിരിക്കുന്നത്. ശ്രീകോവിലിന്റെ ചുമരിൽ മനോഹരമായ കൊത്തുപണികൾ കൊണ്ടലങ്കരിച്ചിട്ടുണ്ട്. കന്നിമൂലയിൽ ഗണപതി ഭഗവാനെയും, ശ്രീകോവിലിന് വടക്കുകിഴക്കുഭാഗത്ത് പരശുരാമനെയും പ്രതിഷ്ഠിച്ചിരിക്കുന്നു. ഗണപതി ഭഗവാൻ സാധാരണയായി നാം കാണാറുള്ളതിൽനിന്നും വ്യത്യസ്ഥമായി തുമ്പിക്കൈ വിപരീത ദിശയിലേക്കാണ് വെച്ചിരിക്കുന്നത്. പരശുരാമപ്രതിഷ്ഠയുള്ളതിനാലാകാം ഇവിടെ ആനയെ എഴുന്നള്ളിക്കാറില്ല. നന്ദികേശ്വരൻ ഇവിടെ ഉപദേവനാണ് . സോപാനത്തിലും, മ

(ശേഷം 14-ാം പേജിൽ)

# സുഭാഷിതം

വിദ്വൽപ്രഭ . ജെ. എസ് – 9847537007

## ആത്മവിശ്വാസം

സ്വയം വിശ്വസിക്കുക സ്വയം വിലയിരുത്തുക എന്നതാണല്ലോ? നല്ല പ്രവർത്തി കൂടുതൽ വിശ്വാസം ആർജ്ജിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. നാം ഒരു സാമുഹജീവിയാണ് എന്നുകരുതി സമൂഹം വിലയിരുത്തുന്നതിന് അമിത പ്രാധാന്യം നൽകിയാൽ നാം എവിടെയും എത്തിച്ചേരുകയില്ല. നമുക്ക് മുമ്പേ നടന്ന നേതാക്കൾ, സദഗുരുക്കൾ അതല്ലേ നമ്മെ ബോധ്യപ്പെടുത്തുന്നത്.

ഇന്നലയെ ഓർത്ത് ദുഃഖിക്കുകയും നാളെ എന്താണ് എന്ന് വ്യാകുലപ്പെടുകയും ചെയ്താൽ നാം വെറും പാഴ്‌വസ്തുക്കളായി മാറും. നമ്മിലെ വിശ്വാസം ചോർന്നു പോയാൽ സ്വയം നിയന്ത്രണം വിട്ട അവസ്ഥയിലേക്ക് എത്തിച്ചേരും.

തെരുവുവിളക്കിന്റെ വെളിച്ചത്തിൽ വിദ്യ അഭ്യസിച്ച അബ്രഹാംലിങ്കൺ ഭാവിയിൽ അമേരിക്കൻ പ്രസിഡന്റായി അടിമത്തം അവസാനിപ്പിച്ചു. സ്വന്തം ഇച്ഛാശക്തി, ആത്മവിശ്വാസം എന്നിവയിൽ ഉറച്ചു നിന്നുകൊണ്ടു പ്രവർത്തിച്ചു. ചുറ്റുമുള്ളവരും, വരുംതലമുറയും എന്ത് ചിന്തിക്കുമെന്നത് അദ്ദേഹത്തെ അലട്ടിയില്ല.

ഗാന്ധിജി മാനവസംസ്കാരത്തിന്റെ അവിഭാജ്യഘടകമായി ഇന്നും ചരിത്രത്തിൽ മങ്ങാതെ നിലകൊള്ളുന്നു. എന്താണ് ആ മഹത്വത്തിന് പിന്നിൽ. ഇന്നിൽ ജീവിക്കുക. ഇന്നലെകളുടെ ഭാരം മനസ്സിൽ ചുമക്കാതെ വരാനിരിക്കുന്നവയെ ആലോചിച്ച് വേവലാതിപ്പെടാതിരിക്കുക. ജീവിതത്തിൽ വെളിച്ചം പ്രദാനം ചെയ്യാം.

സ്വന്തം കഴിവിൽ വിശ്വസിച്ച ശാസ്ത്ര പ്രതിഭ ഡോ. അബ്ദുൾ കലാം എന്തെന്തു സംഭാവനകൾ മാനവസമുഹത്തിനു നൽകി. അദ്ദേഹം സ്വന്തം സ്വപ്നങ്ങളിൽ വിശ്വാസമർപ്പിച്ചു. ഏതു മലയേയും ഉരുക്കാനുള്ള ആത്മവിശ്വാസം സംഭരിച്ചു.

അവനവനിൽ നിക്ഷിപ്തമായിരിക്കുന്ന കഴിവുകൾ പ്രാവർത്തികമാക്കി മാനവസമുദായത്തിന് സമ്മാനിക്കാൻ കഴിയുമാറാകട്ടെ. ആത്മവിശ്വാസം മുതൽക്കൂട്ടാകട്ടെ. ■

---

(13-ാം പേജിന്റെ തുടർച്ച...)

ണ്ഡപത്തിലും നന്ദിവിഗ്രഹങ്ങളുണ്ട് നന്ദികേശ്വരന് നിത്യപൂജയും, നിവേദ്യവുമുണ്ട്. ചുറ്റമ്പലത്തിനുപുറത്ത് തെക്കുഭാഗത്തായി അന്തിമഹാകാള പ്രതിഷ്ഠയുണ്ട്. അന്തിമഹാകാളനാണ് ക്ഷേത്രത്തിനു സ്ഥാനം കണ്ടെത്തിയതും ക്ഷേത്രം സംരക്ഷിക്കുന്നതും എന്ന് വിശ്വസിക്കുന്നു. വടക്കുഭാഗത്തായി അയ്യപ്പനും ഉണ്ട്. ഒരുകാലത്ത് സമ്പന്നമായിരുന്ന ഈ ക്ഷേത്രത്തിന് നിത്യപൂജപോലും ഇല്ലാതിരുന്ന ചരിത്രമുണ്ട്. ഒരുപാടു മഹത് വ്യക്തിത്ത്വങ്ങളുടെ പാണ്ഡിത്യവും, കല്പനകളും, ശാസനങ്ങളും മുഴങ്ങിക്കേട്ടിരുന്ന ഈ ക്ഷേത്രങ്കണത്തിലെത്തുമ്പോൾ ഇന്ന് രാമായണവും, നാരായണീയവുമാണ് മനസ്സിലെത്തുക. പല ആദ്ധ്യാത്മിക പണ്ഡിതന്മാരുടേയും ആരാധനാമൂർത്തിയായിരുന്ന തൃക്കണ്ടിയൂരപ്പൻ ഉഗ്രപ്രതാപത്തിന്റെയും നഷ്ടപ്രതാപത്തിന്റേയും ചരിത്രങ്ങൾ സ്മരിച്ചുകൊണ്ട് തൃക്കണ്ടിയൂരിൽ വിരാജിക്കുന്നു. രാമായണം, നമുക്ക് സമ്മാനിച്ച എഴുത്തച്ഛനേയും നാരായണീയം തന്ന മേല്പത്തൂർനാരായണഭട്ടതിരിപ്പാടിനേയും പോലെയുള്ള അനേകം ഭക്തർക്ക് അനുഗ്രഹം ചൊരിഞ്ഞ തൃക്കണ്ടിയൂരപ്പാ, ശ്രീ മഹാദേവാ അങ്ങയുടെ തൃപ്പാദപത്മങ്ങളിൽ ശിരസ്സാ നമിക്കുന്നു. ■

# നിശീഥിനിയിലെ മിന്നാമിനുങ്ങ്

പത്മജ മേനോൻ – 8289887472

(തുടർച്ച.....)

ജാനുവിന് വേണ്ട പണം നൽകി താൻ വീട് പൂട്ടിയിറങ്ങി. അമ്മയുടെ അസ്ഥിത്തറയിൽ വിളക്ക് വെയ്ക്കുവാൻ ജാനുവിനെ ഏല്പിച്ചു. അച്ഛൻ വീണ്ടും പറഞ്ഞു നീ ശരിക്കും ആലോചിച്ചിട്ടാണോ? ... അമ്മ എന്താ മോളെ നിങ്ങൾ തമ്മിൽ പ്രശ്നം എന്ന് പറഞ്ഞ് വിഷമിച്ചു, പൂർണിമ തന്നെ കെട്ടിപ്പിടിച്ച് കരഞ്ഞു. താൻ പറഞ്ഞു ഇല്ല മോളെ 'ചേച്ചി ശരിക്കും ഇഷ്ടപ്പെട്ട് ആകുന്നതാണ് നീ വിഷമിക്കണ്ട'യെന്ന്. പിറ്റേന്ന് തന്നെ താൻ നാഗപ്പുരയിൽ താമസിച്ച് വ്യതം തുടങ്ങി. ആദ്യ ദിവസങ്ങളിൽ ഭയം തന്നെ കീഴടക്കിയിരുന്നു. നിശീഥിനിയുടെ നിശബ്ദതയിൽ കരിയിലകൾ അമരുന്ന ശബ്ദവും, മുളങ്കാടുകൾ ഇളകുന്ന മർമ്മരവും, കുറുനരികളുടെ ഓരിയിടലും, വവ്വാലുകളുടെ ചിറകടിയും എല്ലാം തന്നെ ഭയചകിതയാക്കി. ദിവസങ്ങൾ പോകുംതോറും താൻ ഈ സാഹചര്യവുമായി താദാത്മ്യം പ്രാപിച്ചു തുടങ്ങി. കുറച്ചു ദിവസം കഴിഞ്ഞാൽ താൻ നാഗത്തമ്മയാകും. അപ്പോൾ താൻ നാഗങ്ങളുടെ അമ്മയാണ്. ഇവിടെയെല്ലാം സർപ്പങ്ങൾ ഇഴഞ്ഞു നടക്കും തനിക്ക് മാത്രമെ കാണാൻ കഴിയൂ മറ്റാർക്കും കാണാൻ കഴിയില്ല. ഇങ്ങനെ നാഗത്തമ്മയാകുവാനാണ് വിധിയെങ്കിൽ എന്തിനായിരുന്നു എന്നെ നീ ജീവിതത്തിൽ കോമാളി വേഷം കെട്ടിച്ചത്. ഉത്തരം കിട്ടാതെ അവൾ ജനാലക്കരികിൽ പോയിനിന്നു.

മുളങ്കാടുകളിലും, നാഗത്തറയിലും എല്ലാം മിന്നാമിനുങ്ങുകൾ പറന്നു നടക്കുന്നു. ഇതുപോലെ മിന്നാമിനുങ്ങുകളെ കണ്ടത് തന്റെ കല്യാണത്തിന്റെ ആദ്യരാത്രിയിലായിരുന്നു. മിന്നാമിനുങ്ങുക്കൂട്ടങ്ങൾ വളരെ സന്തോഷത്തിലാണെന്ന് തോന്നുന്നു അവ പറന്നു നടക്കുന്നത് കാണാൻ എന്ത് ഭംഗിയാണ് അപ്പോഴാണ് ഒരു നിഴൽ നടന്നു വരുന്നത് കണ്ടത് അവൾ സൂക്ഷിച്ച് നോക്കി ആരോ ഒരാൾ, മുഖം കാണാൻ പറ്റുന്നില്ല അയാൾ തന്റെ നാഗപ്പുരയുടെ വാതിലിൽ മുട്ടുന്നു.... ധൈര്യം ചോർന്നു പോയ നിമിഷങ്ങളായിരുന്നു... ദേവനന്ദാ വാതിൽ തുറക്കൂ.. ഞാൻ സിദ്ധാർത്ഥ് ആണെന്ന് പറഞ്ഞപ്പോൾ അവൾ ഞെട്ടിത്തരിച്ചു. തിരിച്ച് പോകൂ ഞാൻ വ്യതത്തിലാണ് എന്ന് താൻവിളിച്ച് പറഞ്ഞു. എല്ലാം എനിക്കറിയാം വാതിൽ തുറക്കൂ നാഗത്തമ്മയായി അഭിഷേകം കഴിഞ്ഞിട്ടില്ലല്ലോ എന്ന് പറഞ്ഞു സിദ്ധാർത്ഥ് വാതിൽ തള്ളി തുറന്നു... അച്ഛൻ ഫോൺ ചെയ്തപ്പോഴാണ് ഞാൻ വിവരങ്ങൾ അറിഞ്ഞത്.... ഞാൻ ദേവനന്ദയെ ഭാര്യയായി കൂട്ടിക്കൊണ്ടു പോകുവാനായി വന്നതാണ്. എന്താ സിദ്ധാർത്ഥ് ഈ പറയുന്നത്–അപ്പോൾ റീത്തയും മകനും....? അവർ എന്നെ വിട്ടു പോയി. നാട്ടിൽ നിന്ന് പോയശേഷം ഞാനാകെ വിഷമത്തിലായിരുന്നു. ഞാൻ എല്ലാ കാര്യങ്ങളും ഡയറിയിൽ എഴുതി വെയ്ക്കാറുണ്ട് ഒരു ദിവസം എന്റെ ഡയറി വെച്ചിരുന്ന അലമാര ലോക്ക് ചെയ്യാതെ ഓഫീസിൽ പോയിരുന്നു. ഞാൻ വീട്ടിൽ തിരിച്ച് വന്നപ്പോൾ റീത്തയെയും മകനെയും കണ്ടില്ല. അവൾ എന്റെ ഡയറിയെടുത്ത് വായിച്ചിരിക്കണം കാര്യങ്ങൾ മനസ്സിലാക്കിയ അവൾ ഒരു കത്ത് എഴുതി വെച്ചിരിന്നു. 'നമ്മൾക്ക് ഒരിക്കലും ഭാര്യാഭർത്താക്കന്മാരായി ജീവിക്കാൻ കഴിയില്ല. ഞാൻ ഇനിയും സിദ്ധാർത്ഥിനെ ബുദ്ധിമുട്ടിക്കുന്നത് ശരിയല്ല. ഞാൻ മഠത്തിൽ ചേരുവാൻ പോ

➠

കുന്നു. അവിടെ ഞാനും മോനും സുരക്ഷിത രായിരിക്കും പിന്നെ വിവേകിന്റെ ഓർമ്മകൾ മാത്രം മതി എനിക്ക്. ഇത്രയുമെല്ലാം എനിക്കുവേണ്ടി ചെയ്ത സിദ്ധാർത്ഥിനോട് നന്ദി പറഞ്ഞാൽ തീരുന്നതല്ല ആ ത്യാഗം എന്നറിയാം. നിങ്ങൾക്ക് വിവേകിനോടുള്ള ആത്മാർത്ഥ സ്നേഹമാണ് ഞാനും മോനും അനുഭവിച്ചത്. നിങ്ങൾ നാട്ടിലേയ്ക്ക് പോയി ദേവനന്ദയുടെ കൂടെ സുഖമായി ജീവിക്കണം. എന്നെ ഓർത്തു വിഷമിക്കേണ്ട എന്നതായിരുന്നു ആ കത്തിലെ ഉള്ളടക്കം ഞാൻ അവളെ അന്വേഷിച്ച് പോയെങ്കിലും അവൾ വരുവാൻ കൂട്ടാക്കിയില്ല. എന്ത് ചെയ്യണം എന്നറിയാതെ വിഷമിച്ചിരിക്കുകയായിരുന്നു, ദേവനന്ദ വേറെ വിവാഹത്തിന് തയ്യാറായോ എന്നൊന്നും എനിക്ക് അറിയില്ലല്ലോ-അപ്പോഴാണ് അച്ഛന്റെ ഫോൺ വന്നത് എല്ലാം ശരിയാക്കി ഓടിവന്നതാണ് അതാണ് രാത്രി തന്നെ നിന്നെക്കാണാൻ വന്നത്. ഇവിടെ നിന്നെ കണ്ടപ്പോഴാണ് സമാധാനമായത് . എല്ലാം കേട്ടിരുന്ന ദേവനന്ദ പറഞ്ഞു - മറ്റൊരു വിവാഹം അത് എന്റെ ജീവിതത്തിൽ ഉണ്ടാവില്ല എന്ന് ഞാൻ നിശ്ചയിച്ചിരുന്നു. മനസ്സിൽ സിദ്ധാർത്ഥിനെയും ഓർത്ത് ഈ ജന്മം കഴിച്ച് കൂട്ടുവാനായിരുന്നു എന്റെ തീരുമാനം ഞാനറിയാതെ നിങ്ങളെ ഇഷ്ടപ്പെട്ടിരുന്നു. അപ്പോഴാണ് ഇങ്ങനെ എനിക്ക് ചെയ്യേണ്ടിവന്നത്. സ്വപ്നങ്ങൾ നഷ്ടപ്പെട്ട ഞാൻ മറ്റുള്ളവരുടെ സ്വപ്നങ്ങൾക്ക് വഴിയൊരുക്കി കൊടുത്തു. സങ്കടം കൊണ്ട് അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകുകയായിരുന്നു. ഒരുപാടു വൈകിപ്പോയി സിദ്ധാർത്ഥ് വരുവാൻ. ഇപ്പോൾ ഞാൻ എല്ലാം മറന്ന് യോഗിനിയായി മാറിക്കൊണ്ടിരിക്കുകയാണ്, സിദ്ധാർത്ഥ് ഒരിക്കലും എന്നെ അന്വേഷിച്ച് വരരുതായിരുന്നു. സാരമില്ല ദേവനന്ദ നമ്മൾ ഒരുമിച്ച് ജീവിതം തുടങ്ങുന്നതെയുള്ളൂ.... ഇല്ല... സിദ്ധാർത്ഥ് എനിക്ക് ഒരിക്കലും തിരിച്ച് വരുവാൻ കഴിയില്ല. മരവിച്ചുപോയ എന്റെ വികാരങ്ങൾക്ക് തിരി കൊളുത്താതെ നിങ്ങൾ തിരിച്ച് പോകണം .ഇനി ഒരിക്കലും എന്റെ മുന്നിൽ വരരുത് എന്ന് പറഞ്ഞ് അവൾ തിരിഞ്ഞ് വാതിലടയ്ക്കാൻ പോയപ്പോൾ സിദ്ധാർത്ഥ് പെട്ടന്ന് അവളെ പിടിച്ച് തന്നിലേക്ക് അടുപ്പിച്ച് ആലിംഗനം ചെയ്തു. നിങ്ങൾ എന്നെ അശുദ്ധമാക്കിയല്ലോ.... ഇനി എന്താ സംഭവിക്കാൻ പോകുന്നത് നാഗങ്ങളെ എന്ന് പറഞ്ഞ് അവൾ വാവിട്ട് കരഞ്ഞു....

ദേവനന്ദ ഒന്ന് മനസ്സിലാക്കു ഇഷ്ടമില്ലാത്ത കാര്യങ്ങൾ ചെയ്യണം എന്ന് ഒരു ദൈവവും ആഗ്രഹിക്കുകയില്ല... നിന്റെ മനസ്സിൽ ഞാൻ നിറഞ്ഞു നിൽക്കുമ്പോൾ ദേവനന്ദക്ക് ഒരിക്കലും 'നാഗത്തമ്മ' ആകുവാൻ കഴിയില്ല. അതിന്റെ തെളിവാണ് തന്റെ ഈ കണ്ണീർ. നഷ്ടബോധത്തിൽ നിന്ന് ഉടലെടുത്ത കണ്ണീര് ഭൂമിദേവിയെപ്പോലും പൊള്ളലേൽപ്പിക്കും വിശ്വാസമെല്ലാം മനസ്സിലാണ്. ആചാരങ്ങൾ ഉണ്ടായിരിക്കാം, ചെയ്യാൻ പറ്റാത്ത ആചാരങ്ങൾക്ക് പ്രതിവിധിയുമുണ്ട്. എത്ര പണം ചെലവാക്കിയും നമ്മൾക്ക് പ്രതിവിധി ചെയ്യാം. ആചാരങ്ങൾ തെറ്റിച്ചാൽ സർപ്പദംശം ഏറ്റ് മരിക്കും എന്നാണ് പറയുന്നത് അവൾ വിറയലോടെ പറഞ്ഞു. വരൂ... എന്ന് പറഞ്ഞ് സിദ്ധാർത്ഥ് ദേവനന്ദയുടെ കൈ പിടിച്ച് നാഗത്തറയിലേക്ക് കൊണ്ടുപോയി. നാഗദേവതകൾ കോപത്തിലാണെങ്കിൽ നമ്മൾ രണ്ടുപേർക്കും സർപ്പദംശം ഏൽക്കട്ടെ എന്ന് പറഞ്ഞ് നാഗത്തറയുടെ ചുവട്ടിൽ ഇരുന്നു. എന്റെ അമ്മ എനിക്കായി കണ്ടുപിടിച്ച, എന്നെ ആത്മാർഥമായി സ്നേഹിക്കുന്ന നിന്നെ വിട്ടുപോകുവാൻ കഴിയില്ല. നമ്മളുടെ അണയാത്ത സ്നേഹം നാഗങ്ങൾ കാണാതെയിരിക്കില്ല, ഭക്തി എന്ന് പറയുന്നത് ഹൃദയ വിശാലതയാണ്,... പരമ പ്രധാനമായ സ്നേഹം മറ്റുള്ളവർക്ക് പകർന്നു നൽകുന്നതാണ് യഥാർത്ഥ ഭക്തി.... എന്ന് പറഞ്ഞ് അവർ തൊഴുകൈകളോടെ ഇരുന്നു. സർപ്പങ്ങളുടെ ചീറ്റലും, മുളങ്കാടിന്റെ ആടിയുലച്ചിലും, മിന്നാമിനുങ്ങ്കൂട്ടങ്ങളുടെ ആഘോഷങ്ങളും ഒന്നും അവരറിഞ്ഞില്ല.

# ഗീതാധിപത്യം ജയിക്കണേ!

പി. ഐ. ശങ്കരനാരായണൻ – 9388414034

കൃഷ്ണ! കൃഷ്ണ! മുകുന്ദ! ജനാർദ്ദനാ!
നിന്റെ ഗീതാധിപത്യം ജയിക്കണേ,
ദുഃഖിത മർത്ത്യലോകത്തിനാകെ നിൻ
നൻമൊഴി കർമ്മവീര്യം പകരണേ!

ദുഷ്ട ശക്തികൾ നാടു ഭരിക്കവേ,
ദുഷ്ടത നാട്ടിലെങ്ങും പെരുകവേ,
ശിഷ്ടരായ ജനങ്ങൾ നിരന്തരം
കഷ്ടതകളാൽ വാടിത്തളരവേ,

കൃഷ്ണ! കൃഷ്ണ! മുകുന്ദ! ജനാർദ്ദനാ!
പാഞ്ചജന്യം മുഴക്കി നീയെത്തണേ!

സത്യധർമ്മങ്ങളെങ്ങും പുലരണേ,
നിത്യ നിർമ്മല ശാന്തി തെളിയണേ,
ഏതു ദുഃഖവും സംഗീതമാക്കിടും
നിൻ മുരളികാഗീതം ശ്രവിക്കണേ!

കൃഷ്ണ! കൃഷ്ണ! മുകുന്ദ! ജനാർദ്ദനാ!
സജ്ജനാനന്ദ വർദ്ധക! കേശവ!

അർത്ഥകാമ കോപാധികൾ മാറണേ,
ശുദ്ധജീവിതം സാധ്യമാക്കിടണേ,

സ്നേഹ കാരുണ്യ വാത്സല്യധാരയാൽ
മാനസങ്ങളിൽ മോദം വളരണേ!

ഞാനുയർന്നവൻ താഴ്ന്നവനെന്നതും
ഞാൻ മഹാശക്തിശാലിയെന്നുള്ളതും
മാറണം, സമ.ഭാവനയാലഹം
നിന്നിൽ നിർഭരമാകണേ ഗോവിന്ദാ!

സർവ്വഭൂതസ്ഥമാത്മാന, മാത്മാനം
സർവ്വഭൂതം, ഹൃദി ഹൃദി തോന്നണേ!
ഭൂവിതിൽ യോഗക്ഷേമം നിറയണേ,
കൃഷ്ണ! ഗീതാധിപത്യം ജയിക്കണേ!

കൃഷ്ണ! കൃഷ്ണ! മുകുന്ദ! ജനാർദ്ദനാ!
നിന്റെ ഗീതാധിപത്യം ജയിക്കണേ!

ദുഃഖിത മർത്ത്യലോകത്തിനാകെ നിൻ
നാൻമൊഴി കർമ്മവീര്യം പകരണേ!
ഭൂവിതിൽ യോഗക്ഷേമം നിറയണേ,
കൃഷ്ണ! ഗീതാധിപത്യം ജയിക്കണേ!

****

ഇലകളിൽ നിന്ന് ഇറ്റുവീണ മഞ്ഞുകണങ്ങൾ മുഖത്തു സ്പർശിച്ചപ്പോഴാണ് അവർ കണ്ണ് തുറന്നത് നേരം പുലരുവാൻ പോകുന്നു തങ്ങൾക്ക് ഒന്നും സംഭവിച്ചിട്ടില്ല നാഗദേവത്തെയാണ് എന്ന് പറഞ്ഞ് അവർ എഴുന്നേറ്റ് തൊഴുതു. സർപ്പ ദൈവങ്ങൾക്ക് നമ്മൾ ഒന്നാകുന്നത് ഇഷ്ടമാണ് എന്ന് പറഞ്ഞ് സന്തോഷത്താൽ അവർ പൊട്ടിക്കരഞ്ഞുകൊണ്ട് പരസ്പരം നോക്കി. സിദ്ധാർത്ഥ് നാഗത്തറയിലെ മഞ്ഞൾപ്പൊടിയെടുത്ത് തന്റെ നെറ്റിയിലും സിന്ധുര രേഖയിലും കുറി വരച്ചു. വികാരധീനരായി അവർ പരസ്പരം കെട്ടിപ്പുണർന്ന് നിൽക്കുമ്പോൾ നിറകണ്ണുകളോടെ അവൾ അറിയുന്നുണ്ടായിരുന്നു. നാഗദേവതകൾ അവരെ അനുഗ്രഹിക്കുന്നതായി....... ■

മിനിക്കഥ

## വിശ്വാസ സംരക്ഷണം

കുട്ടിക്കാലത്ത് അവൻ അമ്മയോട് ആവശ്യപ്പെടുമായിരുന്നു. 'എനിക്ക് അമ്പിളി മാമനെ വേണം' അല്ലെങ്കിൽ 'നക്ഷത്രങ്ങളെ വേണം' ഇത്യാദി. 'കൊണ്ടെത്തരാം'എന്നേ അമ്മ പറയാറുള്ളു. കഴിയുമായിരുന്നെങ്കിൽ അമ്മ അതു ചെയ്തേനെ. അമ്മമാരെ വിശ്വസിക്കാം.

അമ്പിളിമാമനും നക്ഷത്രങ്ങളുമെന്നല്ല, ലോകം മുഴുവൻ അമ്മയുടെ കാൽക്കീഴിലുണ്ട് എന്ന വിശ്വാസം മാത്രം മതിയല്ലോ അവന് അമ്മയെ ആജീവനാന്തം സംരക്ഷിക്കാൻ!

ഉണ്ണി വാരിയത്ത് – 9867179480

# മദ്യവും മയക്കുമരുന്നും

യു. എസ്. രവീന്ദ്രൻ – 9496120978

ഓരോ ദിവസത്തെ ദിനപത്രം കയ്യിൽ കിട്ടുമ്പോഴും അതിൽ സമകാലീന വാർത്തകളിൽ ഏറ്റവും കൂടുതലായി കാണുന്നത് ദുർമരണങ്ങളും തട്ടിപ്പുകളുമാണ്. പ്രബുദ്ധമെന്ന് വിശ്വസിക്കുന്ന കേരളജനതയുടെ സാമ്പിൾ പ്രതിഫലനമാണുള്ളത്. ഇതിൽ ദുർമരണങ്ങൾ ഏറ്റവും കുടുതലുണ്ടാകുന്നത് വാഹനാപകടങ്ങളിലോ, പരസ്പരം നിസ്സാരകാരണങ്ങൾ പറഞ്ഞ് കൊലക്ക് വിളിച്ച് എതിരാളിയെ കൊലപ്പെടുത്തുന്നത് മൂലമോ ആണ്. മദ്യവും മയക്കുമരുന്നും ഉപയോഗിച്ച് വാഹനമോടിക്കുകയും മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി സ്വന്തം വ്യക്തിത്വം നശിച്ച് ഏതു നിമിഷവും പൊട്ടിത്തെറിക്കാവുന്ന ബോംബുകളായി ഇന്നത്തെ യുവജനത മുഖ്യധാരയിൽ നിന്നും വഴുതി പോയ്ക്കൊണ്ടിരിക്കുകയാണ്. ഈ അധഃപതനത്തിന് മദ്യത്തിനും മയക്കുമരുന്നിനുമുള്ള പങ്ക് ഏറെയാണ് ഓരോവർഷവും ഭക്ഷണത്തിന് ചിലവാക്കുന്നതിനേക്കാൾ പണം മദ്യപാനത്തിന് ചെലവാക്കുന്ന നാടായി കേരളം മാറിയിരിക്കുകയാണ്. റേഷൻ കടയിൽ അരിയില്ലെങ്കിലും കൺസ്യൂമർഫെഡിൽ മദ്യം സുലഭമാണ്. മയക്കുമരുന്ന് കടത്തിക്കൊണ്ടുവന്ന ഒരു വിദേശിയെ രക്ഷിക്കാൻ അശ്രാന്തപരിശ്രമം ചെയ്ത ഒരു മഹാനാണ് ഒരു കാലത്ത് മന്ത്രിപദം വരെ അലങ്കരിച്ചിരുന്നത്. മദ്യപാനത്തിലൂടെ ഖജനാവിൽ എത്തുന്ന പണത്തിന്റെ വലുപ്പത്തിനേക്കാൾ അത് സമൂഹത്തിൽ സൃഷ്ടിക്കുന്ന ഭയാനകമായ അന്തരീക്ഷം പതിന്മടങ്ങ് കൂടുതലാണ്.

എന്നാൽ ഇതിനേക്കാൾ ഗുരുതരമാണ് മയക്കുമരുന്നിന്റെ ഉപയോഗം അടുത്തക്കാലത്ത് സോഷ്യൽ മീഡിയയിൽ ഉണ്ടായിരുന്ന ഒരു വീഡിയോ അത്യന്തം ദുഃഖകരമാണ്. കുട്ടുകാരുമൊത്ത് ആളൊഴിഞ്ഞ സ്ഥലത്തുവെച്ച് മകൻ ലഹരി ഉപയോഗിക്കുന്നത് കണ്ടുപിടിച്ച പിതാവിനെ കുട്ടുകാരുമൊത്തുചേർന്ന് മർദ്ദിക്കുന്ന കാഴ്ചയായിരുന്നു അത്. ലഹരിക്കടിമയായി സ്വന്തം മാതാവിനെയും പിതാവിനെയും വെട്ടിക്കൊല്ലുന്ന കാഴ്ചകൾ സാധാരണമായിരിക്കുന്നു. നമ്മൾക്കെന്തു പറ്റി?

മയക്കുമരുന്നുകളുടെ ക്രയവിക്രയവും ഉപയോഗവും സർക്കാരിന് നിയന്ത്രിക്കാൻ കഴിയാത്ത മാഫിയകളുടെ കയ്യിലാണ്. ചെറുപ്പത്തിലേ പിടികൂടുക എന്ന നയം നടപ്പാക്കുന്നതിന് ഈ മാഫിയകൾ നമ്മുടെ വിദ്യാലയങ്ങളുടെയും, കലാലയങ്ങളുടെയും പരിസരം വിപണന കേന്ദ്രമാക്കി മാറ്റിയിരിക്കുന്നു. പ്രതിദിനഭിന്ന വിചിത്രമായ രൂപഭാവത്തോടെ മയക്കുമരുന്ന് പ്രചാരകർ നമ്മുടെ ഭാവി പ്രതീക്ഷകളുടെ കടയ്ക്കൽ തീവിഷം ഒഴിക്കുകയാണ് അദ്ധ്യാപകരും രക്ഷിതാക്കളും ഉൾപ്പെടെയുള്ള സമൂഹത്തിന്റെ നിരന്തരവും നിതാന്തവുമായ ജാഗ്രതയും അധികാരികളുടെ വിട്ടു വീഴ്ചയില്ലാത്ത, പഴുതുകൾ അടച്ചുകൊണ്ടുള്ള ശക്തമായ ഇടപെടലുകളും ഈ മേഖലയിൽ അനിവാര്യമായിരിക്കുന്നു.

മയക്കുമരുന്നുകളെ പറ്റിയുള്ള ചർച്ചകൾ ഇന്ന് സാധാരണയാണെങ്കിലും മയക്കുമരുന്നുകൾ എന്ന പ്രയോഗം പ്രശ്നത്തിന്റെ ഗൗരവം ഉൾക്കൊള്ളുന്നില്ല. മയക്കുമരുന്നുകൾ നമ്മെ മയക്കുകയും, ഉറക്കുകയും ചെയ്യുന്നു. നാർക്കോട്ടിക് പദാർത്ഥങ്ങൾ എന്നാണിവയെ വിളിക്കുന്നത് ചില മരുന്നുകൾ ഉത്തേജകങ്ങളാണ് - Stimulants ചിലവ വിഭ്രാന്തി ജനകങ്ങളാണ് - Hallucinations

തീവണ്ടിയിൽ സഹയാത്രികർക്ക് ബിസ്കറ്റിൽ ഫ്ളുനൈട്രാസിഫാം ചേർത്ത് നൽകി കൊള്ള നടത്തിയത് ഒരു വാർത്തയായിരുന്നു. ഒരു മതപഠന ശാലയിലെ കൊച്ചുകുട്ടികൾക്ക് മയക്കുമരുന്ന് മധുരപലഹാരത്തിൽ കലർത്തി നൽകി മതപണ്ഡിതൻ പീഡിപ്പിച്ച കഥയും വാർത്തയായിരുന്നു സ്കൂൾ ഗെയിംസ്, കോളേജ് ഗെയിംസ്, നാഷണൽ ഗെയിംസ് എന്നി മത്സരങ്ങളിലെല്ലാം കായികതാരങ്ങളിൽ കുറച്ചു പേരെങ്കിലും ഡ്രഗ്സ് ഉപയോഗിക്കാറുള്ളത് കണ്ടുപിടിച്ചിട്ടുണ്ട്. ഗെയിംസുകൾക്ക് ശേഷം അവശേഷിക്കുന്ന മാലിന്യകൂമ്പാരത്തിൽ നിന്നും സിറിഞ്ചുകൾ, ആക്ടോവെജിൻ, സ്റ്റാനോസോലോൾ, മീതൈൽ ഹെക്സോനമിൻ എന്നി ഉത്തേജകമരുന്നുകളുടെയും, ഇവ ഉപയോഗിക്കുന്നത് അറിയാതിരിക്കുന്നതിനുള്ള മാസ്കിങ്ങ് ഏജന്റായ ഫ്ളുറോസെമിഡിന്റേയും സാന്നിധ്യം ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മനുഷ്യൻ ജന്മനാ ജിജ്ഞാസുവാണ്. എന്തു കിട്ടിയാലും വെറുതെയൊന്ന് മണത്തുനോക്കും രുചിച്ചുനോക്കും, പുകച്ചോ, കത്തിച്ചോ, നോക്കും. ചിലർ ഭയംമൂലം പിന്മാറും, ചിലർ എടുത്തു ചാടും മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റാൻ. മനം മാറ്റം ഉണ്ടാകുന്ന ബ്യൂഫോടിനിൻ എന്ന രാസവസ്തു അടങ്ങിയ ചൊറിത്തവളയുടെ മാംസം രുചിച്ചുനോക്കിയവരാണ് മനുഷ്യർ. മനം മയക്കുന്നതോ, ഉത്സാഹം പകരുന്നതോ, വേദന ശമിപ്പിക്കുന്നതോ, വിഭ്രാന്തിയിലാഴ്ത്തുന്നതോ ആയ നാലായിരത്തോളം സസ്യയിനങ്ങളെ വിവിധ ഭൂവിഭാഗങ്ങളിൽ വസിക്കുന്ന മനുഷ്യസമൂഹങ്ങൾ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ രാസവസ്തുക്കൾ പരീക്ഷണശാലയിൽ രൂപം കൊണ്ടു. മനം മാറ്റമുണ്ടാക്കുന്ന മരുന്നുകളുടെ ലോകം വളർന്ന് വലുതായി.

ആദികാല മനുഷ്യനായിരുന്ന നിയാണ്ടർതാൽ മനുഷ്യർ മയക്കുമരുന്ന് ഉപയോഗിച്ചിരുന്നുവെന്ന് ഇറാക്കിലെ ഷാനിദർ ഗുഹയിൽനിന്നും ലഭിച്ചതും അമ്പതിനായിരം കൊല്ലം പഴക്കമുള്ളതുമായ അവശിഷ്ടങ്ങൾ തെളിവ് നൽകുന്നു.

ഋഗ്വേദത്തിൽ സോമരസത്തെ പ്രശംസിക്കുന്ന സ്തുതികളുണ്ട് 'സാർകോസ്റ്റിമാബ്രൂണോനിയാനം' എന്ന സസ്യത്തിനിന്ന് എടുക്കുന്നതാണെന്ന് വിശ്വാസിക്കപ്പെടുന്നു. 'സോമ' അക്കാലത്ത് വിലമതിക്കപ്പെട്ട ലഹരി മരുന്നായിരുന്നു. ബൈബിളിലെ പുറപ്പാട് പുസ്തകത്തിൽ പറയുന്ന 'മന്ന' മനോവിഭ്രാന്തിയുണ്ടാക്കുന്ന ഒരിനം കുമിൾ ആയിരുന്നു. എന്ന് ചില പണ്ഡിതർക്ക് അഭിപ്രായമുണ്ട്.

സന്തോഷമുളവാക്കുന്നതും, ഉത്സാഹം പകരുന്നതും, വേദന ശമിപ്പിക്കുന്നതുമായ രാസവസ്തുക്കളും അവ ഉൾക്കൊള്ളുന്ന സസ്യങ്ങളും ദൈവത്തിന്റെ വരദാനമായാണ് വിശ്വസിച്ചിരുന്നത്. വിഭ്രാന്തി ഉളവാക്കുകയും മനുഷ്യന് ദൂഷ്യം ചെയ്യുന്നതും ചെകുത്താന്റെ സൃഷ്ടികളാണെന്നും വിശ്വസിക്കുന്നു. കറുപ്പും, കഞ്ചാവും, കൊക്കെയ്നും ദൈവാനുഗ്രഹം ഉൾകൊള്ളുന്നവയും ഉമ്മം (Datura Stramonium) സാത്താന്റെ പഴാവുമാണത്രേ (Devils Apple). പ്രാചീന ലാറ്റിൻ ഭാഷയിലെ സ്പിരിറ്റസ് എന്ന വക്കിൽ നിന്നാണ് സ്പിരിറ്റ് എന്നെ വാക്ക് ഉത്ഭവിച്ചത്. ശ്വാസമെന്നും, ആത്മാവെന്നും പ്രാണനുമെന്നൊക്കെ വിവിധ ഭാഷകളിൽ സ്പിരിറ്റിന് അർത്ഥമുണ്ട്. എല്ലാം ഔഷധവുമാണ്, വിഷവുമാണ്. ഏതു രൂപത്തിൽ ഏതളവിൽ ആരുടെ മേൽനോട്ടത്തിൽ എന്തിനുവേണ്ടി പ്രയോഗിക്കപ്പെടുന്നു എന്നതാണ് നിർണ്ണായകമായ കാര്യം. വിദഗ്ധന്റെ കയ്യിൽ വിഷം ഔഷധമാകും, വിഡ്ഢിയുടെ കയ്യിൽ തിരിച്ചും.

മരുന്നുകളെ മൂന്നായി തിരിക്കാം

1 മയക്കുമരുന്നുകൾ (Sedatives)

2) ഉത്തേജകമരുന്നുകൾ (Stimulants)

3) മതിഭ്രമകാരികൾ (Hallucinogens)

Sedatives ഒരു വ്യക്തിയെ ശാന്തമാക്കുന്നു. കൂടുതൽ ഉപയോഗിച്ചാൽ Downers എന്ന് പറയാം. ഉത്തേജക മരുന്നുകൾ നാഡീവ്യൂ

ഹത്തെ ഉത്തേജിപ്പിക്കുന്നു. ഇവയെ Uppers എന്ന് വിളിക്കാറുണ്ട്. മതിഭ്രമകാരികൾ Hallucinogens നിലവിലില്ലാത്ത വസ്തുക്കൾ ഉണ്ടെന്ന് തോന്നലുണ്ടാക്കാൻ കഴിയുന്ന വസ്തുക്കളാണ്.

പ്രധാനമായും അഞ്ച് രീതികളിലൂടെയാണ് മനംമാറ്റമുണ്ടാക്കുന്ന മരുന്നുകൾ ദുരുപയോഗം ചെയ്യപ്പെടുന്നത്.

**1)** പുകവലി: രാസവസ്തുക്കൾ ചേർന്ന ബീഡിയോ, സിഗരറ്റോ, ചുരുട്ടോ കത്തിച്ച് വലിക്കുന്നരീതി. ഒറ്റയായും കൂട്ടമായും ആസ്വദിച്ച് ക്രമേണ അതിനടിമപ്പെടുന്നു, ശ്വാസകോശത്തിലേക്ക് കടക്കുന്ന രാസവസ്തു ഏഴ് മുതൽ പത്ത് സെക്കന്റുകൾക്കുള്ളിൽ രക്തത്തിലേക്കും ഹൃദയത്തിലേക്കും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും എത്തുന്നു.

**2)** കുത്തിവെയ്പ്പ്: സ്വയം കുത്തിവെയ്ക്കുന്നവരും ക്ലബ്ബുകളിൽ പോയി കുത്തി വെയ്പ്പിക്കുന്നവരുമുണ്ട്. ക്ലബ്ബുകളിൽ പോയി കുത്തിവെയ്പ്പിക്കുന്നവരിൽ രക്തസംബന്ധമായ വേറേയും രോഗങ്ങൾ വന്നു കുടാനുള്ള സാദ്ധ്യതയുണ്ട്, 30 സെക്കന്റ് മുതൽ 3 മിനിട്ട് സമയത്തിനുള്ളിൽ രാസവസ്തുവിന്റെ പ്രവർത്തനം തുടങ്ങും.


**3)** മൂക്കിലൂടെ വലിക്കൽ: മൂക്കിലൂടെ ശ്വാസകോശത്തിലേക്കും തുടർന്ന് രക്തത്തിലേക്കും രാസവസ്തു പ്രവേശിക്കുന്നു.

**4)** ചർമ്മത്തിൽ പുരട്ടുന്ന രീതി: ചില രാസവസ്തുക്കൾ ചർമ്മത്തിൽ പുരട്ടുകയോ, നാവിന്നടിയിൽ വെയ്ക്കുകയോ ചെയ്താൽ മതി, കണ്ണിൽ ഒഴിക്കുന്നവയും കൺപോളകൾക്കടിയിൽ വയ്ക്കുന്നവയുമുണ്ട്.

**5)** ആഹാരം/ പാനീയം എന്നിവയിലൂടെ: ഇത്തരം രാസവസ്തുക്കൾ ആഹാരത്തിന്റെ കൂടെ കഴിക്കുമ്പോൾ ചെറുകുടലിൽവെച്ച് രക്തത്തിൽ ആഗിരണം ചെയ്യപ്പെടുന്നു. കരളിൽ എത്തിച്ചേർന്ന് ക്രമേണ മസ്തിഷ്കഭാഗങ്ങളിലേക്ക് എത്തുന്നു.

ഇങ്ങനെയുള്ള ശീലങ്ങൾ വിധേയത്വത്തിലേക്കും മരുന്നിനോടുള്ള അടിമത്വത്തിലേക്കും കൊണ്ടുചെന്നെത്തിക്കുന്നു. അടിമപ്പെട്ടു കഴിഞ്ഞാൽ മയക്കുമരുന്ന് കിട്ടിയില്ലെങ്കിൽ പനിയും, വിറയലും, വയറിളക്കവും, ഛർദ്ദിയും, തളർച്ചയും, കോപവുമൊക്കെ ഉണ്ടാകും. മയക്കുമരുന്നുമായി പൊരുത്തപ്പെട്ടുകഴിഞ്ഞാൽ മരുന്നിന്റെ അളവ് വർദ്ധിപ്പിക്കാനുള്ള പ്രവണതയും ഉണ്ടാകും. ഉത്തേജക മരുന്ന് ഉപയോഗിച്ച ആളിന് തല്ക്കാലം ഉന്മേഷം അനുഭവപ്പെടുമെങ്കിലും പിന്നീട് മാന്ദ്യവും, വിഷാദവും അനുഭവപ്പെടും. ഇതിനെ മറികടക്കാൻ വീണ്ടും ഒരു ഡോസു കൂടി ഉപയോഗിക്കും ഒന്നാംഘട്ടത്തിൽ ഒരു പരീക്ഷണമായി തുടങ്ങുന്ന മയക്കുമരുന്ന് രണ്ടാംഘട്ടത്തിൽ ഒരിക്കൽക്കുടി ഒരു കൈ നോക്കാമെന്നും അടുത്തഘട്ടത്തിൽ വിധേയനാകുകയും, പിന്നെ മയക്കുമരുന്നിന്റെ അടിമയുമായി തീരുന്ന സ്ഥിതിവിശേഷമാണ് ഉണ്ടാകുന്നത്.

തുടരും....




**Ernakulam Karayogam**
T.D.M.Hall Complex, D.H.Road,
Kochi - 682016

# നമഃശിവായ

ഡോ. കെ. ഹരിഹരൻ – 9847313322

വേണ്ടവിധം കർമ്മം ചെയ്ത് ചിലപ്പോൾ കാര്യസിദ്ധി ഉണ്ടായാലും ഈശ്വരൻ പ്രതികൂലനായാൽ കിട്ടിയതും നാശമാകും. കാര്യം നടന്നു പക്ഷെ ഫലപ്രാപ്തിയിലെത്തിയില്ല. ചിലപ്പോഴാകട്ടെ കാര്യമേ നടന്നില്ലെന്നു വരാം. ഇടയ്ക്ക് വിഘ്നങ്ങൾ വരാം. ഇതിന്റെ സാരാംശം ഇങ്ങനെയാണ് –പരമേശ്വരൻ പുണ്യത്തിന്റെ മാത്രമല്ല, പാപത്തിന്റേയും ഫലം തരുന്നവനാണ്. പരമേശ്വരൻ തെറ്റുകൾക്ക് മാപ്പു നൽകാറുണ്ടെങ്കിലും ലോകസംഗ്രഹവും നടക്കേണ്ടതുതന്നെയാണ്. ഇങ്ങനെ ഒരു ചീത്ത കാര്യം ചെയ്യുന്നവൻ അതിന്റെ പരിണിതഫലം കൂടി അനുഭവിക്കാൻ മുൻകൂട്ടി തയ്യാറാകണം. ഈശ്വരകൃപയെ തന്നെ മുന്നിൽ നിർത്തിവേണം കർമ്മം ചെയ്യാൻ. അല്ലെങ്കിൽ, എത്ര ഭക്തിയുണ്ടായാലും ഇടയ്ക്ക് കുഴപ്പങ്ങളും, തടസ്സങ്ങളുമുണ്ടാകുക തന്നെ ചെയ്യും. ക്രിയാകർമ്മാദികളിൽ പൂർണ്ണ ഭക്തിയുള്ളതുകൊണ്ടാണ് അദ്ദേഹത്തിന് ദക്ഷൻ എന്ന പേര് വീണത്. എന്നിട്ടും പിഴവുകൾ വന്നു. എന്തെന്നാൽ 'ശംഭേർമായാവിമോഹിത' ഭഗവാന്റെ മായയിൽ മനുഷ്യൻ അകപ്പെട്ടുപോകുന്നു. എല്ലാവരിലും മുഖ്യനായ ഈശ്വരനെ അയാൾ ഈശ്വരനായി കണ്ടില്ല. അവരവരുടെ കാര്യത്തിൽ അവരവർ തന്നെ ഈശ്വരൻ എന്ന് അയാൾ പറഞ്ഞു നടന്നു.

'ശാന്തം ശിവമദ്വൈതം ചതുർത്ഥം' – ഇതിന്റെ സാധന അല്ലെങ്കിൽ പ്രാപകം ഗൗരിയാണ്. ഗൗരി എന്നാൽ കാളിമ ഇല്ലാത്തത് അങ്ങനെയെങ്കിൽ ജ്ഞാനം (വിദ്യ) എല്ലാം ഗൗരിയാണ്. കാളിമ ഉപാധികൃതമാണ്. വിഷയം കറുത്തതോ, കാളിമയുള്ളതോ ആയാലെ ജ്ഞാനവും കാളിരൂപത്തിലാകൂ. ഈ സംസാരത്തിലെ സകല വിഷയങ്ങളും ത്രിഗുണാത്മകളാണ് എന്നത് നിശ്ചിതമാണ്. അതുകൊണ്ട് ശുദ്ധവെളുപ്പ്, ശുദ്ധ രക്തവർണ്ണം, ശുദ്ധകറുപ്പ് വിഷയങ്ങൾ ഒരിടത്തുമില്ല. മിശ്രം മാത്രമെയുണ്ടാകൂ. മിശ്രിത മാത്ര ആകുമ്പോൾ സംസാരിക വിഷയങ്ങളെ വെച്ച് ശുദ്ധ ഗൗരിയെ ആഗ്രഹിക്കുന്നത് നിഷ്ഫലമാണ്. ത്രിഗുണാതീത വിഷയമാകുമ്പോൾ ശുദ്ധഗൗരിയാകും ത്രിഗുണാതീതം എന്നാൽ അത് ബ്രഹ്മം തന്നെയാണ്. ശുദ്ധചൈതന്യ വിഷയമാകയാൽ പ്രമഹസ്സാകും. തദ്വിഷയകം തന്നെ ഗൗരി. അവളുടെ വദനാബ്ജവൃന്ദം ശ്രവണാദിവൃത്തികളുടെ കൂട്ടമാണ്. അവയെ വിരിയിക്കുന്നവനായ സൂര്യൻ-ശിവൻ-പരസ്പരാശ്രിതരാണ്. ഇങ്ങനെയുള്ള വിശുദ്ധഗൗരീരൂപി ബ്രഹ്മവിദ്യ പ്രാപ്തിക്കുള്ള സാധനയാണ് ദക്ഷാധ്വരനാശനം.

അറിവോടെയല്ലാത്ത ഹിംസക്ക് പ്രായശ്ചിത്തം ഉണ്ട്. പ്രായശ്ചിത്തം ചെയ്താൽ പാപം നഷ്ടമാകും പ്രായശ്ചിത്തം ചെയ്തില്ലെങ്കിൽ പാപം തീർച്ചയായും വർദ്ധിക്കും. പ്രായശ്ചിത്തം എന്താണ്? ബ്രഹ്മയജ്ഞം ചെയ്യുക. വേദശാസ്ത്രസത്സംഗം കേൾക്കുക, കേൾപ്പിക്കുക. വേറൊന്ന് പ്രതിദിനം ഭഗവത്പൂജനം-ദേവപൂജനം ചെയ്യുക. മൂന്നാമത് പിതൃപൂജനം, ശ്രാദ്ധതർപ്പണാദികൾ തിഥിയിലോ, അല്ലെങ്കിൽ പിതൃപക്ഷത്തിലോ ചെയ്യുക. നാലാമത്തേത് പ്രാണിസേവ-പശുവിന് പുല്ല്, ശ്വാവിന് ആഹാരം കൊടുക്കുക. അഞ്ചാമത്തേതു അതിഥി, സാധു സന്യാസികളുടെ സേവ എന്നിവ ഇവകളാൽ ആവശ്യം ഭാവികളായ പാപങ്ങൾക്ക് പ്രായശ്ചിത്തമാവും വിശേഷപാപങ്ങൾ നിലനിൽക്കും. അത്രയും തന്നെ വിശേഷ പുണ്യങ്ങളും ഉണ്ടാകുമെന്നാണെങ്കിൽ തക്ക പ്രായശ്ചിത്തങ്ങൾ ചെയ്തില്ലെങ്കിൽ നിശ്ചയമാ

യും പാപസഞ്ചയം അധികമാകും. ഇത് വെറും വാക്കല്ല പ്രത്യക്ഷമാണ്. ഈ ലോകത്തിൽ മനുഷ്യനെക്കൂടാതെ കീടങ്ങൾ, പ്രാണികൾ, ഈച്ചകൾ, വൃക്ഷലതാദികൾ എന്നിവ വളരെ കൂടുതലുണ്ട്. അവയെല്ലാം ഓരോ കർമ്മഫല ങ്ങളാണ്. പാപത്തിന്റെ അളവ് കുറയ്ക്കുവാൻ വിശേഷ പുണ്യകർമ്മം വേണ്ടിവരും അതിനാണ് വിശേഷയജ്ഞം, ദാനം, തപസ്സ് ആദിയായവ അധോഗതിയും മദ്ധ്യഗതിയും വേണ്ടെങ്കിൽ പി ന്നെയുള്ളത് ഊർധ്വഗതിയാണ്. ഇതും ദോഷ ങ്ങളാൽ ദുഷിച്ചതാണ്. നിങ്ങൾ ധാരാളം പു ണ്യം സമ്പാദിച്ച് ഊർധ്വഗതി പ്രാപിച്ചു, ദേവ നായി എന്നാൽ അവിടെ ഈ പുണ്യം ഭോഗ ത്താൽ ഒരുനാൾ സമാപ്തമാകും. പുണ്യം ക്ഷയിക്കും. പുണ്യം ക്ഷയിച്ചാൽ തിരിച്ചു മനു ഷ്യലോകത്തിൽ തന്നെ വരും. തിരിച്ചു വരാനാ ണെങ്കിൽ പോകുന്നതെന്തിന്? ഇപ്പോൾ ഇവി ടെയാണല്ലോ ഇരിക്കുന്നത്. ഈ കുഴഞ്ഞ അവസ്ഥയിൽ ഭഗവാൻ ശങ്കരൻ വന്നെത്തും. എങ്ങനെ? 'ദക്ഷാധ്വരനാശകായ' 'അധ്വനോ രാന്തീതി അധ്വര' മാർഗ്ഗദർശകനെയാണ് അധ്വരനെന്ന് പറയുന്നത് മാർഗ്ഗദർശി, അധ്വ എന്നാൽ മാർഗ്ഗം. 'രാദാനേ' മാർഗ്ഗദർശകൻ. പുണ്യം, പാപം, മിശ്രം ഈ മൂന്നിനേയും നശി പ്പിക്കുന്നവൻ-ഭഗവാൻ ശങ്കരൻ.

സമസ്ത ധർമ്മങ്ങളേയും ഉപേക്ഷിച്ചിട്ട് അദ്വൈത ഭാവനയോടുകൂടി ഭഗവാനെ ശര ണം പ്രാപിക്കുക. അധർമ്മത്തെ ഉപേക്ഷിക്കുക എന്നത് സർവ്വശാസ്ത്ര പ്രസിദ്ധമാണ്. സന്യാ സത്താൽ നൈഷ്കർമ്മസിദ്ധിയുണ്ടാകും. 'നിഷ്ക ർമ്മണാം ഭാവോ നൈഷ്കർമ്മ്യം'- 'ജ്ഞാനം തന്നെ സന്യാസം' മൂന്ന് മാർഗ്ഗങ്ങളും ഉപേക്ഷി ച്ചു കഴിഞ്ഞാൽ നാലാമതൊരു മാർഗ്ഗമുണ്ട് മോക്ഷമാർഗ്ഗം. അതൊരു മാർഗ്ഗമല്ല എത്തിച്ചേര ലാണ്. ശിവായ... ദക്ഷാധ്വരനാശകായ തു രിയതത്ത്വമായ ബ്രഹ്മസ്വരൂപത്തെ അവഗ തമാക്കുന്ന സാധനയെ കാണിക്കാനാണ് ഗൗരീവദനബ്ജം എന്നീ പദങ്ങളാൽ വിശേഷിപ്പി ച്ചിരിക്കുന്നത്. നാം ഗൗരീവദനാബ്ജ വൃന്ദത്തെ പോലെ ചീത്ത വൃത്തികളെ വൃന്ദമാക്കിയാൽ അവ വിരിയിച്ച് നിർത്താനായി സൂര്യരൂപ ത്തിൽ ശിവൻ ഉപസ്ഥിതനാകും. ഏതിലാണോ ത്രിഗുണാത്മകമായ സംസാരം വിഷയരൂപ ത്തിൽ ഉപസ്ഥിത മാകാതിരിക്കുന്നത് അതാണ് ബ്രഹ്മവിദ്യയായ ഗൗരി. വദനമെന്നാൽ പ്രവച നം. അതിന്റെ പരിണാമരൂപങ്ങളായ ജ്ഞനാ ദികളിൽ നിന്ന് ഉൽപന്നമാകുന്ന ആവൃത്ത വൃത്തികൾ, അവയെ സൂര്യസമാനം പ്രകാശി പ്പിച്ചു വിരിയിച്ചു നിർത്തുന്നവനാണ് ശിവൻ. അദ്ദേഹം തന്നെയാണ് ദക്ഷാധ്വരനാശകൻ. മൂ ന്നുമാർഗ്ഗങ്ങൾ നേരത്തെ വ്യാഖാനിച്ചു. പുണ്യജ ന്യ ഊർദ്ധമാർഗ്ഗം, പാപജന്യ അധോമാർഗ്ഗം, ഉഭയജന്യതിരശ്ശീനമാർഗ്ഗം. പുണ്യം കൊണ്ട് ലോകദേവമാർഗ്ഗം തുറക്കപ്പെടും, പാപം കൊണ്ട് നരകതിര്യഗാദിമാർഗ്ഗവും, പുണ്യപാപങ്ങൾ രണ്ടും ചേർന്നാൽ മനുഷ്യലോകത്തേക്കുള്ള മാ ർഗ്ഗവും തുറക്കപ്പെടും. ഇത് ചാത്രിക മാർഗ്ഗമാണ്, മനുഷ്യലോകത്തേക്കുള്ള ഉഭയിക്കൾ (പുണ്യവും പാപവും ചെയ്തവർ) ചുറ്റിത്തിരിയും. ഈ മൂന്ന് മാർഗ്ഗങ്ങളെയാണ് അധ്വാ എന്ന് വിളിക്കുന്നത്. അവയെ തരുന്നവൻ അധ്വരനാണ്.

അധ്വരമെന്ന് യജ്ഞത്തിനെയാണ് പറയു ന്നത്. യജ്ഞം ഊർധ്വമാർഗ്ഗത്തെത്തന്നെ തരും. അപ്പോൾ അധോമാർഗ്ഗവും മദ്ധ്യമാർഗ്ഗ വും മൂന്ന് തരത്തിലുള്ള യജ്ഞങ്ങളെയാണ് പറഞ്ഞിട്ടുള്ളത്-സാത്വികം, രാജസം, താമ സം. മനസ്സ് ഏകാഗ്രമാക്കി വെച്ച് ശ്രദ്ധയോ ടും ഭക്തിയോടും ചെയ്യുന്ന യജ്ഞമാണ് സാ ത്വിക യജ്ഞം. ധാരാളം ആളുകൾ യജ്ഞം ചെയ്യുന്നത് ദംദാർത്ഥമാണ്. മറ്റുള്ളവരെ കാണിക്കാൻ വേണ്ടിയാണ്. പണ്ഡിതന്മാരെ വിളിച്ചു വരുത്തും, മന്ത്രം ചൊല്ലുകയും, ചൊ ല്ലിക്കുകയും ചെയ്യും. എന്നാൽ നോട്ടം ആര് വന്നു, ആരെല്ലാം കൊള്ളാം! കൊള്ളാം എന്ന് പറയുന്നുണ്ട് എന്നതിലാണ് ഫലോച്ചയും തീവ്ര മായി ഉള്ളവരാണ്. ഇഹലോകത്ത് ധനസമ്പത്തു

ണ്ടാക്കണം, പേരെടുക്കണം പരലോകത്തിലും ആഗ്രഹം ഇങ്ങനെ വിഹിതവും അവിഹിതവുമായ സകലവിധ ഫലങ്ങളെയും കാംഷിക്കുന്നു. പൂജ തുടങ്ങിയവയും യജ്ഞം തന്നെയാണ്. ഏതെങ്കിലും വിശേഷ വ്യക്തി വന്ന് അരമണിക്കൂർ യജ്ഞവേദിയിൽ ഇരുന്നാൽ, ഇയാളും ഒപ്പം ഇരിക്കും. ഇത്തരം യജ്ഞം രാജസമാണ്. യജ്ഞം വിധിപ്രകാരം നടക്കുന്നുണ്ടെങ്കിലും ആഗ്രഹങ്ങളുടെ ആധിക്യത്താൽ, അഹങ്കാരം, ദംദം, പൊങ്ങച്ചം തുടങ്ങിയവ കൂടിയാൽ അത് രാജസമായി തീരും. ഓരോരോ പ്രയോഗങ്ങൾക്കും ഓരോരോ ഫലം ഇച്ഛിച്ച് ഇപ്രകാരം എല്ലാ ഫലങ്ങളും വേണമെങ്കിൽ ആഗ്രഹിച്ചുകൊള്ളുക. എന്നാൽ ഹനുമാന് അഞ്ചുരൂപയുടെ എണ്ണ നേർന്നിട്ട് നാലുകോടി രൂപാവീതം, ഓരോ പുത്രനും കിട്ടണം എന്നത് പോലുള്ള ആഗ്രഹങ്ങൾ ഉണ്ടാകുമ്പോഴത്തെ കാര്യമാണ് പറഞ്ഞത്.

വൈദികവും സ്മാർത്തവുമായ കർമ്മങ്ങൾ ചെയ്യുമ്പോൾ വിധി വാക്യങ്ങളോട് വിശേഷശ്രദ്ധ പുലർത്തണം. പൂജയും യജ്ഞമായി കരുതാം. എന്നാൽ, ധാരാളം ആളുകൾ ആദ്യം തന്നെ തിരിതെളിയിച്ച് ആരതി കാണിക്കും ശേഷം പൂവും ചന്ദനവും അർപ്പിക്കും, അഭിഷേകം ചെയ്യും. എന്നാൽ എല്ലാത്തിനും ഒരു ക്രമമുണ്ട്. 'വേദം കൃത്വാ വേദിം കരോതി' എന്ന ക്രമ വിധി വാക്യമുണ്ട്. വിധിവിരുദ്ധ യജ്ഞം താമസമായിത്തീരും. അത്തംസർജ്ജനം ചെയ്യാതെയുള്ള യജ്ഞവും താമസമാണ്. വൈശ്വാനര യജ്ഞം നടത്തിയാൽ മാത്രമേ ബാഹ്യയജ്ഞം സാർത്ഥകമാകു. യജ്ഞത്തിൽ അന്നം നിവേദിക്കുന്നതും ആവശ്യമാണ്, അന്നം ആഗ്രഹിച്ചു വരുന്നവർക്ക് അന്നവും കൊടുത്തിരിക്കണംഅന്നം നൽകുന്നതിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ പ്രശ്നമല്ല. അതുപോലെ മന്ത്രോച്ചാരണവും അത്യന്താപേക്ഷിതമാണ്. മന്ത്രങ്ങളാൽ തന്നെ ദേവതകളെ സ്മരിക്കണം. യജ്ഞാദികൾ ചെയ്യുമ്പോൾ, അതിൽ വരുന്ന അർത്ഥങ്ങളെ സ്മരിക്കേണ്ടത് മന്ത്രോച്ചാരണത്തിലാണ് വൈദിക യജ്ഞങ്ങളിൽ മന്ത്രാർത്ഥങ്ങൾ വിധേയ പദാർത്ഥങ്ങളായിരിക്കണം. പൗരാണിക യജ്ഞങ്ങളിൽ അവയുടെ സ്ഥാനം വളരെ താഴേക്ക് പോയിട്ടുണ്ട് മന്ത്രോച്ചാരണം കൊണ്ട് മന്ത്രാർത്ഥത്തിൽ ശബ്ദ ശക്തിയുടെ ആദാനം ഉണ്ടാവുന്നു. 'നമസ്തേ രുദ്രമാന്യവ ഉതോത' എന്ന് പറയുമ്പോൾ തന്നെ രുദ്ര ശക്തി പ്രകടമാവുകയും ഹൃദയത്തിലോ സമുഖമായോ രുദ്രമൂർത്തി സമാഹിതനാവുകയും ചെയ്യുന്നു. അതിനാൽ യജ്ഞം മന്ത്രഹീനമായാൽ അത് ശക്തിഹീനമായിത്തീരുന്നു, മാത്രവുമല്ല ആ യജ്ഞം താമസവുമായിത്തീരുന്നു. പൂജ, പാരായണം, യാഗം, ഹോമം തുടങ്ങിയവയിലെല്ലാം ദക്ഷിണയും കൊടുക്കണം ദിവസവും പൂജാസമയത്ത് കാണിക്ക അർപ്പിക്കാറുണ്ട്. ആ കാണിക്ക ഏതെങ്കിലും പവിത്ര കാര്യത്തിനായി ഉപയോഗിക്കണം. ക്ഷേത്രത്തിലോ, ദരിദ്ര നാരായണ സേവയിൽ അർപ്പിക്കുകയോ ചെയ്യാം. യജ്ഞം ശ്രദ്ധാപൂർവ്വമായിരിക്കണം.

തുടരും....

**എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2025 മാർച്ച് മാസം സംഭാവന നൽകിയവർ**

| | | |
|---|---|---|
| 1. | സലിൽ കുമാർ, ദിൽ മുല്ലശ്ശേരി കനാൽ റോഡ്, കൊച്ചി – 11 | 5,000/- |
| 2. | രാജ്മോഹൻ | 5,000/- |

യാത്രാ വിവരണം

# ഒരു അറബി രാജ്യത്തിലൂടെ

പി . ജയരാമൻ - 9847102015

(തുടർച്ച.....)

**അബുദാബിയിലേക്ക്**

അടുത്ത ദിവസം ഹോട്ടലിലെ പ്രാതലിന് ശേഷം ഏതാണ്ട് 10 മണിയോടെ റോഡുവഴി അബുദാബിയിലേക്ക് യാത്ര തിരിച്ചു. (അതേ കാർ, അതേ ഡ്രൈവർ) വളരെ നല്ല റോഡും, വാഹനവുമായതിനാൽ 165 കിലോമീറ്റർ ദൂരമുള്ള അബുദാബിയിലേക്ക് വഴിക്ക് നിറുത്താതെ പോയാൽ 2 മണിക്കൂറിൽ താഴെ സമയം മതിയാകും. പേർഷ്യൻ ഗൾഫിന്റെ വടക്കൻ തീരത്ത് 450 കിലോമീറ്റർ നീണ്ടു കിടക്കുന്ന അബുദാബി Emirates, പടിഞ്ഞാറുഭാഗത്ത് ഖത്തർ, തെക്ക് സൗദിഅറേബ്യ, കിഴക്ക് ഒമാൻ, ആഭ്യന്തരമായി Dubai-യോട് ചേർന്ന് കിടക്കുന്ന അബുദാബി, UAE- യിലെ ഏറ്റവും വലുതും, സമ്പന്നവും, പ്രബലവുമായ Emirates, UAE-യുടെ തലസ്ഥാന നഗരം. പെട്രോളിയം ഉത്പന്നങ്ങൾ ഖനനം ചെയ്യുന്ന UAE-ലെ പ്രമുഖ കേന്ദ്രം.

ദുബായ്- അബുദാബി ഹൈവേയിൽ ഏതാണ്ട് 120 കിലോമീറ്റർ കഴിഞ്ഞാൽ നമ്മുടെ പ്രധാനമന്ത്രി 2024 ഫെബ്രുവരി 14ന് ഉൽഘാടനം നടത്തിയ ഹിന്ദു ക്ഷേത്രം ദർശിക്കാൻ നിറുത്തി. ഈ വലിയ ക്ഷേത്രം Al Rahbi ക്കടുത്തുള്ള Abu Mureikhah എന്ന സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്. BAPS Swaminarayan Sanstha (BAPS Mandir) മന്ദിർ എന്ന് അറിയപ്പെടുന്ന ഈ ക്ഷേത്രത്തിന്റെ നടത്തിപ്പ് BAPS Swaminarayan Sanstha ആണ് ചെയ്യുന്നത്. 27 ഏക്കർ (11 ഹെക്റ്റർ) വിസ്തീർണ്ണമുള്ള സ്ഥലത്താണ് ക്ഷേത്രം പണികഴിച്ചിട്ടുള്ളത്. ക്ഷേത്രത്തിന് വേണ്ടിവന്ന സ്ഥലം UAE സർക്കാർ സംഭാവനയായി നൽകിയതാണ്. ക്ഷേത്രം പണിയാൻ ഏതാണ്ട് 700 കോടി രൂപ ചിലവഴിച്ചു. 2019-ൽ നിർമ്മാണം ആരംഭിച്ച് 2024 ആദ്യം പൂർത്തിയാക്കി. ഏതാണ്ട് 65,000 ആളുകൾ (എല്ലാ മതക്കാർക്കും പ്രവേശനം അനുവദിച്ചിട്ടുണ്ട് ) നിത്യേന ഈ ആരാധനാലയം സന്ദർശിക്കുന്നതായി കണക്കാക്കപ്പെടുന്നു. ക്ഷേത്രത്തിൽ കയറാൻ ടിക്കറ്റൊന്നും ആവശ്യമില്ല. തിരിച്ചറിയൽ കാർഡ് കാണിച്ച് ഗേറ്റിൽ പേര് രജിസ്റ്റർ ചെയ്താൽ മതി. ക്ഷേത്രത്തിന്റെ നടുക്കുള്ള ശ്രീകോവിലിൽ Swaminarayan, Swami Gunatitanand എന്നിവരുടെ മാർബിളിൽ കൊത്തിയ പ്രതിമകൾ കാണാം. ഈ രണ്ടു മൂർത്തികളെയും ചേർത്ത് Akshar Purushottam Maharaj ആയി ആരാധിക്കുന്നു. വെയിലത്ത് കുറെ ദൂരം നടക്കണമെങ്കിലും ആവശ്യക്കാർക്ക് കുട, തൊപ്പി, വെള്ളം എന്നിവ സൗജന്യമായി ലഭിക്കും. പേന ഉള്ളിൽ കടത്താൻ സമ്മതിക്കില്ല: കാറിൽ വെയ്ക്കാതെ കൂടെകൊണ്ടുവന്നാൽ അത് കുപ്പത്തൊട്ടിയിലേക്കവർ വലിച്ചെറിയും. എന്റെ Dot Pen ഇപ്രകാരം എനിക്ക് നഷ്ടപ്പെട്ടു. ടോയ്ലറ്റ് സൗകര്യങ്ങളും, വിശ്രമിക്കാനുള്ള ഇടങ്ങളും ഒരുക്കിയിട്ടുണ്ട്. പൊരിഞ്ഞ വെയിലിൽ കുറെ നടക്കേണ്ടതിനാൽ പ്രായമായവർക്ക് കുറച്ചു ബുദ്ധിമുട്ട് തോന്നിയേക്കാം.

അബുദാബിയിൽ പിന്നിട് പോയത് QUSA Al-Waṭan Palace ( Emirates Palace) ലേക്കാണ. ഓൺലൈൻ ആയി നേരത്തെ ബുക്ക് ചെയ്ത ടിക്കറ്റ് പ്രവേശനകവാടത്തിൽ കാണിച്ചാൽ, അവിടെ നിന്ന് അഞ്ചു മിനിറ്റിനുള്ളിൽ അവരുടെ ബസ്സിൽ പാലസിലെത്താം.അബുദാബി സന്ദർശിക്കുന്ന രാഷ്ട്രത്തലവന്മാരെ ഇവിടെ വെച്ച് സ്വീകരിക്കുകയും അവരുമായി സം

ഭാഷണം നടത്തുകയും ചെയ്തു വരുന്നു. 2001-ൽ പണിതുടങ്ങിയ ഈ കൊട്ടാരം 2005 നവംബറിൽ പണിതീർത്തു; ചിലവ് മുന്ന് ദശലക്ഷം അമേരിക്കൻ ഡോളർ (ഒരു അമേരിക്കൻ ഡോളർ ഏതാണ്ട് 84.5 ഇന്ത്യൻ രൂപയ്ക്കു തുല്യം). 2019-ൽ ഈ കൊട്ടാരം പൊതുജനങ്ങൾക്ക് കാണാൻ തുറന്നു കൊടുത്തു. വെളുത്ത മാർബിളിൽ പണിത ഈ കെട്ടിടം വളരെ ഭംഗിയായി അലങ്കരിച്ചിട്ടുണ്ട്. 121 അടി വ്യാസമുള്ള ഒരു താഴികക്കുടവും(domes), 350000 ക്രിസ്റ്റലുകൾ ഉള്ള ഒരു ബഹുശാഖ ദീപവും (Chandelier), ഇവിടുത്തെ ആകർഷണങ്ങളാണ്. നടുവിലുള്ള ഗ്രേറ്റ് ഹാൾ പറഞ്ഞറിയിക്കാൻ വയ്യാത്തത്ര ഭംഗിയുള്ളതാണ്. അതിന്റെ കിഴക്കുഭാഗത്ത് House of knowledge അവിടെ 50000 പുസ്തകശേഖരങ്ങളും ഒരു വലിയ ലൈബ്രററി കാണാം. കൂടാതെ ധാരാളം കരകൗശല ഉത്പന്നങ്ങളും മറ്റ് രാഷ്ട്രത്തലവന്മാരിൽ നിന്നും ലഭിച്ച സമ്മാനങ്ങളും അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട് ഗ്രേറ്റ് ഹാളിന്റെ പടിഞ്ഞാറെ വിങ് ഔദ്യോഗിക കാര്യങ്ങൾക്കായി ഉപയോഗിക്കുന്നു. കാബിനറ്റ് മീറ്റിംഗുകൾ, രാഷ്ട്രത്തലവൻമാരുമായുള്ള ചർച്ചകൾ എന്നിവയെല്ലാം ഈ ഭാഗത്തുള്ള പല വലിപ്പത്തിലുള്ള ഹാളുകളിൽ നടത്തപ്പെടുന്നു. ഈ ഭാഗത്തേക്ക് പൊതു ജനങ്ങൾക്ക് പ്രവേശനമില്ല.

കൊട്ടാരത്തിൽ ഏതാണ്ട് രണ്ടു മണിക്കൂർ ചിലവഴിച്ചശേഷം നഗരത്തിലെ ഒരു ഇന്ത്യൻ റെസ്റ്റോറന്റിൽ പോയി, ഏതാണ്ട് നാലു മണിയോടെ, ഭക്ഷണം കഴിച്ചു. അവസാനമായി അബുദാബിയിലെ Sheikh zayed Grand Mosque സന്ദർശിച്ചു. UAE- ലെ ഏറ്റവും വലിയ മുസ്ലിം പള്ളിയും, ലോകത്തിലെ മൂന്നാമത്തെ ഏറ്റവും വലിയ പള്ളിയുമാണത്രെ ഇത്. സൗദി അറബിയയിലെ മെക്കയിലുള്ള Masjid al-Haram ആണ് ലോകത്തിലെ ഏറ്റവും വലിയ മുസ്ലിം പള്ളി, ഈ പള്ളിക്കു 82 താഴികക്കുടങ്ങളും (Domes) 1000 സ്തൂപങ്ങളും (Columns)24 കാരാറ്റ് സ്വർണ്ണം പതിച്ച ബഹുശാഖാ ദീപങ്ങളും (Chandeliers) കാണാം. ലോകത്തിലെ കൈകൊണ്ടു തുന്നിയ ഏറ്റവും വലിയ പരവതാനിയാണ്. (Carpet- 60570 Sq.Mts = 5627 Sq.Mts) ഇവിടുത്തെ പ്രധാന പ്രാർത്ഥന ഹാളിൽ വിരിച്ചിരിക്കുന്നത്. 22,400 Sq.Mts വിസ്തീർണ്ണമുള്ള ഈ പള്ളിയിൽ 40,000-ലേറെ സന്ദർശകരെ ഒരേ സമയം സ്വീകരിക്കാം. പ്രധാന പ്രാർത്ഥന ഹാളിൽ 7000 പേർക്കിരുന്ന് പ്രാർത്ഥിക്കാം. മറ്റു രണ്ടു ചെറിയ ഹാളുകളിൽ 1500 പേർക്ക് വീതം ഇരിക്കാം ഒരു ലക്ഷം ടൺ ഗ്രീക്ക് മാർബിൾ ഈ പള്ളിയുടെ നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുണ്ട്. ഇവിടെയും കുറെ നടക്കാനുണ്ട്; പക്ഷെ വെയിലത്ത് കൂടിയാല്ലെന്ന് മാത്രം. 250 കോടി AED (UAE Dirham) ചെലവ് ചെയ്ത ഈ Project 1996-ൽ ആരംഭിച്ച് 12 കൊല്ലത്തിനുള്ളിൽ 2008-ൽ പൂർത്തിയാക്കി ഇതിന്റെ നിർമ്മാണത്തിന് ഇറ്റലി, ജർമ്മനി, UK, ടർക്കി, ഈജിപ്റ്റ്, ഇറാൻ, ചൈന, ഇന്ത്യ, പാകിസ്ഥാൻ എന്നി രാജ്യങ്ങളിലെ നൂറുകണക്കിന് ജോലിക്കാരെ നിയോഗിച്ചു. ഇറാനിലെ 1300 ശില്പികളാണ് ന്യൂസ്ലാന്റിൽ നിന്നുള്ള Wool ഉപയോഗിച്ച് പ്രധാന ആരാധന ഹാളിലെ, നേരത്തെ പറഞ്ഞ ലോകത്തിലെ ഏറ്റവും വലിയ പരവതാനി, കൈകൾകൊണ്ട് തുന്നിയെടുത്തത്. കാർപെറ്റിന്റെ അമിതഭാരം മൂലം രണ്ടായിപിളർത്തി രണ്ട് വിമാനങ്ങളിൽ കൊണ്ടുവരേണ്ടിവന്നു. ദുബായിലെ ഹോട്ടലിൽ മടങ്ങിയെത്തിയപ്പോഴേക്കും രാത്രി 10 മണി കഴിഞ്ഞിരുന്നു.

**അടുത്ത ദിവസം**

അടുത്ത ദിവസം, 21 ഒക്ടോബറിന് വീണ്ടും ദുബായിലെ കഴ്ചകൾക്കായി ചിലവിട്ടു. ഹോട്ടലിലെ പ്രഭാത ഭക്ഷണത്തിന് ശേഷം ഏതാണ്ട് 10 മണിയോടെ Aya Universe-ലേക്ക് പുറപ്പെട്ടു. അതിനെ Interactive ഉം Experiential( അനുഭവജ്ഞാനം പ്രദാനം ചെയ്യുന്നത്) ഉം ആയ ഒരു പാർക്ക് ആയി കണക്കാക്കാം. ഈ പാർക്ക് സാങ്കേതിക വിദ്യയും (Technology), നേ

രംമ്പോക്കിനുള്ള അവസരവും (Entertainment) ഒത്തിണക്കി ഭാവിയുടെ പശ്ചാത്തലത്തിലാണ് ഒരുക്കിയിരിക്കുന്നത്. ഭാവിയിലെ ഒരു മ്യൂസിയം (Fantastic Museum)എന്ന് വേണമെങ്കിൽ വിളിക്കാം. അവിടെ ചിലവഴിച്ച രണ്ടു മണിക്കൂർ അവിസ്മരണീയമായ അനുഭവങ്ങൾ പ്രദാനം ചെയ്തു. പ്രകാശം (ലൈറ്റ്) ഉപയോഗിച്ച് ഒരു മാസ്മരിക പ്രപഞ്ചം തന്നെ അവിടെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. തീർച്ചയായും കണ്ടാസ്വദിക്കേണ്ട അതിശയകരമായ കാഴ്ചകൾ അവിടെ കാണാം. പാരഗൺ ഹോട്ടലിൽ (കോഴിക്കോട്ടെയും, കൊച്ചിയിലെ ലുലുമാളിലെയും പാരഗൺ ഹോട്ടലുമായി എന്തെങ്കിലും ബന്ധമുണ്ടോ എന്നറിയില്ല) നിന്ന് കഴിച്ച അവരുടെ മലയാളി രീതിയിലുള്ള വിഭവ സമൃദ്ധമായ 'താലി മീൽസ്' തികച്ചു സ്വാദിഷ്ടമായിരുന്നു. ചെറിയ വിശ്രമത്തിന് ശേഷം ദുബായിലെ പേരെടുത്ത മിറാക്കിൾ ഗാർഡൻ കാണാൻ പോയി ഈ പൂന്തോട്ടം ഒരത്ഭുത പ്രതിഭാസം തന്നെയാണ്. ദുബായിലെ തീർച്ചയായും കാണേണ്ട സ്ഥലങ്ങളിൽ മുൻപന്തിയിൽ തന്നെ ഇതിന് സ്ഥാനമുണ്ട്. അവിടെ പല രൂപങ്ങളിലും, നിറങ്ങളിലും, വലിപ്പങ്ങളിലുമുള്ള 15 കോടി ചേതോഹരങ്ങളായ പുഷ്പങ്ങൾ ഒരുക്കിയിട്ടുണ്ട്. പുഷ്പങ്ങൾ കൊണ്ടുനിർമ്മിച്ച AIRBUS -A380 വിമാനത്തിന്റെ മാതൃക അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. ലോകത്തിലെ ഏറ്റവും വലിയ പുഷ്പക ഉദ്യാനം National Flower Garden 150 ദശലക്ഷം പൂക്കളോടും 250 ദശലക്ഷം പൂ ചെടികളോടും കുടി അവിടെ ഒരുക്കിയിട്ടുണ്ട്. ഈ ഉദ്യാനത്തിനു 72000 Sq. മീറ്റർ വിസ്തീർണ്ണമുണ്ട്. Abden Naser Rahaal-ന്റെ നേതൃത്വത്തിൽ Akar Landscaping & Agriculture Company - യാണ് ഈ ഉദ്യാനം സൃഷ്ടിച്ചത് ഒരു വർഷം ഏതാണ്ട് ഒന്നര കോടിയിലേറെ സന്ദർശകർ ഇവിടെ എത്തുന്നുണ്ട. അവിടെ കാണുന്ന പ്രധാന പുഷ്പങ്ങളിൽ ചിലവ: Marigold, Sun Flower, Rose, Petunia ,Tulip, Calendula മുതലായവ. 2022 വരെ ഈ ഗാർഡൻ മുന്ന് ഗിന്നസ് ബുക്ക് ലോക റിക്കോർഡുകൾ നേടിയിട്ടുണ്ട് ഇവിടുത്തെ രമണീയമായ കാഴ്ചകൾ പറഞ്ഞു ഫലിപ്പിക്കാൻ പ്രയാസമാണ്. നേരിട്ട് കണ്ട് ആസ്വദിക്കേണ്ടവ തന്നെയാണ്.

അവസാനമായി മിറാക്കിൾ ഗാർഡനടുത്തുള്ള Global Village (ആഗോള ഗ്രാമം) കാണാൻ പോയി അവിടെ ധാരാളം പവിലിയനുകൾ, കച്ചവട സ്റ്റാളുകൾ, ഫുഡ് കോർട്ട്, പലതരം റൈഡുകൾ, കാഴ്ചകൾ എന്നിവ ഉണ്ട്. ഈ വില്ലേജിന് British Safety Council-ന്റെ പേരെടുത്ത 'Sword of Honour' എന്ന അവാർഡ് ലഭിച്ചിട്ടുണ്ട്, 1997 ജനുവരിയിൽ ചെറിയ തോതിൽ ആരംഭിച്ച ഈ വില്ലേജിൽ ഇപ്പോൾ 75 രാജ്യങ്ങൾക്ക് പവിലിയനുകൾ ഉണ്ട്. ഇന്ത്യയുടെ പവലിയനിൽ നമ്മുടെ രാജ്യത്തെക്കുറിച്ചുള്ള നിരവധി വിവരങ്ങൾ പ്രദർശിപ്പിച്ചിട്ടുണ്ട് രാത്രി 10 മണിയോടെ ഹോട്ടലിൽ തിരിച്ചെത്തി.

**മടക്കം**

പിറ്റേന്ന് രാവിലെ (ഒക്ടോബര് 22ന്) ഒൻപതു മണിയോടെ ദുബായ് അന്താരാഷ്ട്രവിമാനത്താവളത്തിലേക്ക് പുറപ്പെട്ടു. ഞങ്ങളുടെ സാരഥിയായി ഞങ്ങളോടൊപ്പം ഏതാണ്ട് അഞ്ചു ദിവസങ്ങൾ ഉണ്ടായിരുന്ന മലയാളി ഡ്രൈവർ ഫക്രുദിന് നല്ല ടിപ്പ് എല്ലാം നൽകി എയർപോർട്ടിൽ വെച്ച് യാത്ര പറഞ്ഞു. ഇൻഡിഗോ വിമാനകമ്പനിയുടെ ഫ്ളൈറ്റ് 30 മിനിട്ട് താമസിച്ച് UAE സമയം ഉച്ചക്ക് 12.30-ന് പുറപ്പെട്ടു. പണം കൊടുത്ത് വിമാനത്തിൽ നിന്ന് ലഘുവായ ഉച്ചഭക്ഷണം കഴിച്ചു. ഇന്ത്യയിലെ സമയം വൈകുന്നേരം ആറുമണിക്ക് കൊച്ചി അന്താരാഷ്ട്രവിമാനത്താവളത്തിൽ വിമാനമിറങ്ങി. വീട്ടിലെത്തിയപ്പോൾ ഏതാണ്ട് രാത്രി എട്ടുമണി. അഞ്ചു ദിവസങ്ങൾ ചിലവഴിച്ച ഗൾഫ് യാത്ര, കുറച്ച് തിരക്കുള്ളതായിരുന്നെങ്കിലും മറക്കാനാവാത്തതും, തികച്ചും ആസ്വാദ്യകരവുമായിരുന്നു. ■

## ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്...(7)

# മനസ്സ് ഒരു മാന്ത്രിക സ്വപ്ന ഖനി

സി. രാമചന്ദ്രൻ – 9995820684

പ്രപഞ്ചം മൂലകങ്ങൾകൊണ്ടും ഊർജ്ജ കണികകൾകൊണ്ടും നിറഞ്ഞതാണ്. ഊർജ്ജവും പദാർത്ഥവും പരസ്പരം കൊടുക്കുന്നതും വാങ്ങുന്നതുമാണ്. മൂലകങ്ങളോ സംയുക്തങ്ങളോ, മിശ്രിതങ്ങളോ ആയ പദാർത്ഥങ്ങളാണ് പ്രപഞ്ചത്തിലാകമാനം സ്ഥിതിചെയ്യുന്നത്. പ്രപഞ്ചോത്പത്തിക്കുശേഷം നടന്നു എന്ന് നമ്മുടെ അറിവ് നമ്മോടു പറയുന്ന ഏറ്റവും വലിയ അട്ടിമറി ജീവോത്പത്തിയുടേതാണ്. അതിനെയും കടത്തിവെട്ടുന്ന ഒന്നാണ് മനുഷ്യന്റെയും അവന്റെ മസ്തിഷ്കത്തിന്റെയും പരിണാമം. സദാ ത്രസിക്കുന്ന സഹസ്രകോടി കോശങ്ങളുടെ കോളനികളുടെ സമുച്ചയമാണ് മനുഷ്യനുൾപ്പെടെയുള്ള ജൈവശാഖകൾ. മറ്റു ജൈവശാഖകളിൽ നിന്ന് മനുഷ്യനെ വ്യത്യസ്ഥനാക്കുന്നത് അവന്റെ ചിന്തിക്കുന്ന മസ്തിഷ്കമാണ് എന്ന് ഇതിനകം ആവർത്തിക്കുകയുണ്ടായി.

ലോകപ്രശസ്ത മസ്തിഷ്ക ശാസ്ത്രജ്ഞനായ ഡോ. വി. എസ്. രാമചന്ദ്രൻ ഇങ്ങനെ എഴുതുന്നു. 'മനുഷ്യൻ എഴുതുന്നു, അന്വേഷിക്കുന്നു, സൃഷ്ടിക്കുന്നു, അറിവിനായി ഉഴറുന്നു, ജീനുകൾ വേർതിരിക്കുന്നു, അണുവിനെ വിഭജിക്കുന്നു, റോക്കറ്റുകൾ വിക്ഷേപിക്കുന്നു. ഇതിനേക്കാളെല്ലാം സവിശേഷമായതെന്തെന്നാൽ ഇതിനെല്ലാം കാരണമായ മസ്തിഷ്കം സ്വന്തം ഉള്ളറകളിലേയ്ക്കും ചുഴിഞ്ഞുനോക്കാൻ ഉദ്യമിക്കുന്നു എന്നതാണ്. അനന്യവും ഉദാത്തവുമായ മസ്തിഷ്ക പ്രവർത്തനത്തെ കൂട്ടിവായിക്കുമ്പോൾ അത് മനസ്സിനെത്തന്നെയും അമ്പരപ്പിക്കുന്നു.'

ഭൗതിക ജീവിതത്തിനുതകുന്ന ആയുധങ്ങളും ഉപകരണങ്ങളും സൃഷ്ടിക്കുന്നതിനോടൊപ്പം സാമൂഹ്യ ജീവിതത്തിനുതകുന്ന ഉപായങ്ങളായ ഗോത്രം, രാജ്യം, സാമ്രാജ്യം തുടങ്ങിയ രാഷ്ട്രീയ സംവിധാനങ്ങളും അത് രൂപീകരിക്കുന്നുണ്ട്. സാമൂഹ്യകൂട്ടായ്മയുടെ ദൃഢതയ്ക്കുതകും വിധം മതം, ദൈവം, ആചാരം, പൗരോഹിത്യം തുടങ്ങിയ ഉപായങ്ങളും അതിന്റെ തുടർച്ചയാണ്. ഇതിനും പുറമേയാണ് വിനോദോപാധികളായ കലകളും, കളികളും. ആയുധങ്ങളും ഉപകരണങ്ങളുമുണ്ടാക്കുന്നത് ബുദ്ധിയും, യുക്തിയും, ഭാവനയും മാത്രമുപയോഗിച്ചാണെങ്കിൽ മറ്റുള്ളതിലെല്ലാം അതോടൊപ്പം വികാരങ്ങളും വിചാരങ്ങളും വിഭാവനയും കലരും.

മനുഷ്യ മസ്തിഷ്കത്തിന്റെ ഒരു അർത്ഥഗോളം ബുദ്ധിയും യുക്തിയും കൈകാര്യം ചെയ്യുമ്പോൾ മറുപകുതി വികാരങ്ങളും ഭാവനയും കൈകാര്യം ചെയ്യുന്നു എന്ന് മുൻപ് സൂചിപ്പിച്ചിട്ടുണ്ട്. ഇതു തമ്മിൽ ബന്ധപ്പെടുത്താനുള്ള നാഡീവ്യവസ്ഥകളെ ഇണക്കുന്ന കണ്ണീനാളിയുമുണ്ട്.

മസ്തിഷ്കത്തിനു വെളിയിലുള്ള ഭൗതികലോകത്തിലില്ലാത്ത രൂപങ്ങൾക്കും നിലനിൽക്കാനുള്ള ഒരിടം മസ്തിഷ്കത്തിലുണ്ട് എന്നത് ചിലപ്പോൾ അനുഗ്രഹമായും ചിലപ്പോൾ ശാപമായും മാറുന്നുണ്ട്. ഭൗതികലോകത്തിലില്ലാത്ത മാലാഖ, ഗന്ധർവ്വൻ, കുട്ടിച്ചാത്തൻ, ആനമറുത തുടങ്ങിയതെല്ലാം മസ്തിഷ്കത്തിനകത്തുമാത്രം നിലനിൽക്കുന്നവയാണ്. എന്നാൽ അരൂപമായ ഒന്നിനെ സങ്കല്പിച്ചുണ്ടാക്കുക ദുഷ്കരമാണ്. അതുകൊണ്ടാണ് അരൂപം എന്ന ആശയത്തിനും ഒരു രൂപം മനുഷ്യന് സങ്ക

ൽപ്പിക്കേണ്ടി വന്നത്. ആ രൂപം ശബ്ദത്തിലാണ്, വാക്കിലാണ്, വരയിലാണ്. അനന്തതയേയോ, അതിശൂന്യതയേയോ സങ്കല്പിക്കാനാകാത്ത തുപോലെ ആ രൂപവും സങ്കൽപ്പിക്കുക വിഷമമാണ്. സങ്കല്പം വിശ്വാസിയുടെ ഇഷ്ടമാണ് എന്ന് അയോധ്യകേസിൽ സുപ്രീം കോടതി നിരീക്ഷിച്ചത് ഓർമ്മിക്കുക.

സങ്കല്പിച്ചുണ്ടാക്കുന്ന പണത്തിന്റെ രൂപമാണ് രൂപ. പ്രകൃതിയിൽ പദാർത്ഥങ്ങളേയുള്ളൂ. പണമില്ല. പദാർത്ഥത്തിന്റെ മൂല്യ സങ്കല്പമാണ് പണം. പണത്തിന്റെ പ്രതിരൂപങ്ങളാണ് നാണയവും നോട്ടും മറ്റും. പദാർത്ഥങ്ങൾക്ക് പകരം കൈമാറാനുള്ള സൂത്രമാണ് കറൻസിനോട്ടുകൾ. പദാർത്ഥങ്ങളുടെ മൂല്യവും സാങ്കല്പികമാണ് . അത് പദാർത്ഥത്തിന്റെ ലഭ്യതയേയും മനുഷ്യന്റെ ആസക്തിയേയും മനുഷ്യന്റെ ആവശ്യത്തേയും അനുസരിച്ചിരിക്കും. അതിനനുസരിച്ചാണ് വില. അഞ്ഞുറുരൂപയുടെ ഒരു കറൻസിനോട്ട് പശുവിനു നീട്ടിയാൽ വിശപ്പുണ്ടെങ്കിൽ അത് തിന്നും. പത്തുകിലോ പിണ്ണാക്കിന്റെ മൂല്യം അതിൽ പ്രതീകമായി കല്പിക്കപ്പെട്ടിട്ടുണ്ടെന്നു തിരിച്ചറിയാൻ വേണ്ടത്ര വിധത്തിൽ പശുവിന്റെ മസ്തിഷ്കം വികസിച്ചിട്ടില്ല.

രാഷ്ട്രം എന്നതും മനുഷ്യന്റെ സങ്കല്പങ്ങളെ കുട്ടിയിണക്കിയുണ്ടാക്കുന്ന ഒരു പ്രതീകമാണ്. പ്രപഞ്ചത്തിൽ, പ്രകൃതിയിൽ രാജ്യങ്ങളോ, രാഷ്ട്രങ്ങളോ ഇല്ല. ചരിത്രത്തിൽ സാമ്രാജ്യങ്ങളുടെ അതിരുകൾ വരയ്ക്കപ്പെടുന്നതും മായ്ക്കപ്പെടുന്നതും നമുക്ക് കാണാം. രാഷ്ട്രങ്ങൾ സൃഷ്ടിക്കപ്പെടുകയും, തകർക്കപ്പെടുകയും ചെയ്യും. ചരിത്രത്തെ നാം സമകാലീനതയിൽനിന്നകന്നു നിന്നു നോക്കുമ്പോൾ നാറാണത്ത് ഭ്രാന്തനെപ്പോലെ പൊട്ടിച്ചിരിക്കുവാൻ തോന്നും.

ഹൊമീനിയൻ കുടുംബ വൃക്ഷത്തിൽനിന്ന് ശാഖയായി പിരിഞ്ഞവനാണ് മനുഷ്യപൂർവ്വികനായ ഹോമോനിയന്തർത്താളുകൾ എന്നാണ് നരവംശ ശാസ്ത്രജ്ഞന്മാരുടെ നിഗമനം. അന്നവർ ആഭരണങ്ങൾ ധരിക്കുകയും പാചകവൈവിധ്യം പരീക്ഷിക്കുകയും മരിച്ചവരെ സംസ്കരിക്കുകയും ചെയ്തിരുന്നു. ഭാഷ കൈകാര്യം ചെയ്യാനും അവർ പ്രാപ്തരായിരുന്നു. മുപ്പത്തയ്യായിരം വർഷങ്ങൾക്കു മുൻപ് അവർക്ക് വംശനാശം സംഭവിച്ചു. അത് സ്വാഭാവികമായിരുന്നുവോ അതോ ആധുനിക മനുഷ്യൻ അവരെ ഉൻമൂലനം ചെയ്തതായിരിക്കുമോ എന്ന് തീർത്തുപറയുവാൻ തെളുവുകളില്ല. അവർ നിർഭാഗ്യവാന്മാരും നാം ഭാഗ്യവാന്മാരുമായിരുന്നിരിക്കാം. അല്ലായിരുന്നെങ്കിൽ അവരായിരുന്നേനെ ചന്ദ്രനിൽ കൊടികുത്തുന്നത്.

ഹോബിറ്റുകൾ എന്ന കുള്ളൻ മനുഷ്യർ ജാവ ദ്വീപുകളിൽ പണ്ടുണ്ടായിരുന്നു എന്ന് കണ്ടിട്ടുണ്ട്, 'ഹോമോഫ്ളോറൻസിയൻസ്' എന്ന ശാസ്ത്രനാമമാണവർക്ക്. പ്രകൃതി സംരക്ഷകർ എന്ന് നാം നമ്മെ ഇന്ന് സ്വയം കൊട്ടിഘോഷിക്കുന്നു എങ്കിലും പ്രകൃതി സംരക്ഷകരുടെ ഒരു യഥാർത്ഥ തലമുറയായിരുന്നു അത്. ഇന്ന് നിലനിൽക്കുന്ന മനുഷ്യവംശമാണ് അവരെ വംശനാശത്തിലേയ്ക്ക് തള്ളിവിട്ടത്. അല്ലായിരുന്നെങ്കിൽ അവരായിരുന്നേനെ തീ, ചക്രം, കൃഷി, എഴുത്ത് തുടങ്ങിയതെല്ലാം വികസിപ്പിക്കുമായിരുന്നത്.

മനുഷ്യ മസ്തിഷ്കത്തിന്റെ സ്വയം പരിഷ്കരണത്വര, ചരിത്രത്തിന്റെ ഗതിതന്നെ തിരിച്ചിട്ടുണ്ട്. മാനസ പരിവർത്തനത്തിന്റെ ചാലകശക്തിയാണ് അത് പ്രകൃതിനിർദ്ധാരണത്തിലൂടെ നേടിയെടുത്തത്. അസാധാരണമായ തോതിൽ ദൈർഘ്യമുള്ള മനുഷ്യന്റെ ശൈശവവും, ബാല്യവും, കൗമാരവും ഈ പരിഷ്കരണ ക്ഷമതയ്ക്ക് തുണയായി. ഈ പ്രത്യേകതകളില്ലായിരുന്നുവെങ്കിൽ മനുഷ്യൻ

ഇന്നും നഗ്നവാനരനായി തുടരുമായിരുന്നേനെ. 'മോഹദൃുക്തരായ മാലാഖമാരാകുന്നതിനു പകരം വാനരക്കുട്ടമായി പരിമിതപ്പെടുമായിരുന്നു' (വി. എസ്. രാമചന്ദ്രൻ).

കാർഷിക വിപ്ലവത്തിനുശേഷമാണ് സമൂഹങ്ങൾക്ക് വലുപ്പം വെച്ച് രാജ്യം, സാമ്രാജ്യം എന്നെല്ലാം വിപുലമായത് ഇതിന് സഹായകമായത് കഥകളും മിത്തുകളും ഇതിഹാസങ്ങളുമാണ്. ഈ സാങ്കല്പികസാഹിത്യനിർമ്മിതികൾ ജനനം മുതൽക്കേ മനസ്സിൽ ഉറയ്ക്കുക മൂലം ചില പ്രത്യേകരീതികളിൽ മനസ്സ് പാകപ്പെടുന്നതിനും ചില പ്രത്യേക മാനദണ്ഡങ്ങൾ പിൻതുടരുന്നതിനും പ്രത്യേകരീതിയിൽ പെരുമാറുന്നതിനും പ്രത്യേക നിയമങ്ങൾ പാലിക്കുന്നതിനും പ്രത്യേക ജീവിത ശൈലി പ്രതിഗ്രഹിക്കുന്നതിനുമിടയാക്കി. വിവിധ നദീതട സംസ്കാരങ്ങളിൽ വികസിച്ചുവന്ന ഈ ശൈലികളാണ് ഓരോരോ നദീതട സംസ്കാരങ്ങൾക്കും വ്യത്യസ്ഥ വ്യക്തിത്വം നൽകിയത്. അതാതിടങ്ങളിൽ വ്യത്യസ്ഥ ദൈവങ്ങളേയും രൂപപ്പെടുത്തിയെടുത്തു. തങ്ങളുടെ ദൈവമാണ് യഥാർത്ഥ സ്രഷ്ടാവെന്ന് ഓരോരുത്തരും വിശ്വസിച്ചു. കൃത്രിമമായുണ്ടാക്കപ്പെട്ട ഇത്തരം പ്രവണതകളെയാണ് സംസ്കാരം എന്നറിയപ്പെടുന്നത്.

കുതിരകൾ മെരുങ്ങിയതോടെയാണ് യാത്രകളും അതോടൊപ്പം വാർത്തകളും ശീഘ്രതയിലായത്. സാമ്രാജ്യങ്ങളെ നിലനിറുത്തുവാൻ ചക്രവർത്തിമാർക്കതു സഹായകമായി. അതേസമയം സമാനമായ ഭാഷയും, കലകളും, കളികളും, മതവും ജനസഞ്ചയങ്ങളെ വൈകാരികമായി യോജിപ്പിച്ചു. അനുഭുതികളുടെയും പ്രതീക്ഷകളുടെയും പ്രത്യാശയുടെയും ഒരിടമായി മതം നിലകൊണ്ടു.

ദൈവത്തിൽ വിശ്വസിക്കുന്ന മതങ്ങളും വിശ്വസിക്കാത്ത മതങ്ങളുമുണ്ട്. ബുദ്ധമതം, ജൈനമതം, പാർസി തുടങ്ങിയ മതങ്ങളിൽ ദൈവത്തിനു പ്രാധാന്യമില്ല. എന്നാൽ ആചാരങ്ങൾ മുഖ്യമാണുതാനും. ആധുനിക ശാസ്ത്രത്തിന് വിശ്വാസസംഹിതകളില്ല, പക്ഷപാതിത്വമില്ല, അതിന് ഒരു രീതി ശാസ്ത്രമാണുള്ളത്. നിരീക്ഷണം, പരീക്ഷണം, വീണ്ടും നിരീക്ഷണം, വിശകലനം, നിഗമനം എന്നതാണതിന്റെ രീതി. തെളിവുകളാണ് അതിന്റെ ആധാരം. എന്നാൽ ഒരു ശാസ്ത്രജ്ഞന് പക്ഷപാതങ്ങളിൽ നിന്ന് ഒഴിയുവാനാകുകയില്ല. മനുഷ്യൻ എന്ന നിലയിലുള്ള മസ്തിഷ്കത്തിന്റെ നിർമ്മിതി, കാല്പനികതയെ പ്രോത്സാഹിപ്പിക്കുന്നുണ്ട് എന്നതാണതിനു കാരണം. മസ്തിഷ്കം ഒരു മന്ത്രികച്ചെപ്പാണ്, സ്വപ്ന ഖനിയാണ്.

തുടരും......

**2025 മാർച്ച് മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ**



**ചന്ദ്രലേഖ നായർ (L/0635)**
Avalon, ദിവാൻസ് റോഡ്,
എറണാകുളം




**കമലാക്ഷിയമ്മ (L/5281)**
62/4202, ശ്രീവിഹാർ,
Monastry Road,
എറണാകുളം



**ശങ്കർ മേനോൻ (L/1355)**
7 C, Asset East,
Thottekkat Apts,
എറണാകുളം



**നന്ദകുമാർ (L/2722)**
DIL, No 57/276
മുല്ലശ്ശേരി കനാൽ റോഡ്



**രാമചന്ദ്രൻ. സി (L/4393)**
5C, Centre Court
ചിറ്റൂർ റോഡ് - 16

# ആരാണ് ഗുരു ആരാണ് ശിഷ്യൻ

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

ലോകമിന്ന് മാറ്റങ്ങൾക്കു വിധേയമാണ് സാങ്കേതിക വിദ്യയിൽ ഒരു വിരൽതുമ്പിന്റെ ചലനത്തിനനുസരിച്ച് പ്രപഞ്ചത്തെ മുഴുവൻ ഒറ്റകെട്ടായി നിർത്താൻ വരെ കഴിയുന്ന മനുഷ്യന് സ്വന്തം കുട്ടികളെ നിയന്ത്രിക്കുവാനും നേർവഴിക്കു നടത്തുവാനും സാധിക്കുന്നില്ലായെന്നത് പരിതാപകരമാണ്. കേരളം ഗുരുത്ത്വക്കേടിലല്ലയെന്നുണ്ടെങ്കിലും കാലംമാറുമ്പോൾ വീക്ഷണഗതികളിൽ മാറ്റം വരുന്നു. അങ്ങനെ വരുമ്പോൾ അദ്ധ്യാപകൻ, പഠിക്കേണ്ട വസ്തുതകളെ വിശദീകരിക്കുന്ന ഒരു വ്യക്തി മാത്രമല്ല വായ് തുറന്നാൽ കേൾക്കുന്ന ആൾക്ക് പ്രചോദനം ഉൾക്കൊള്ളുന്ന വ്യക്തികൂടിയായിരിക്കണം . വിദ്യാർത്ഥിയുടെ മാനസികവും സാമൂഹ്യപരവുമായ വളർച്ചയെ മനസ്സിലാക്കി ആ കുട്ടിയിലേക്ക് ഇറങ്ങി വരണം . വെറും സിലബസിൽ ഉള്ളതുമാത്രം പഠിക്കുവാൻ കലാലയം ആവശ്യമില്ല ഓൺലൈനോ, പോസ്റ്റൽ ട്യൂഷനോ ഒക്കെ ധാരാളം.

ഒരാളോട് സംസാരിക്കുമ്പോൾ കേൾക്കുന്ന ആളുടെ പ്രായത്തിനും അറിവിനുമനുസരിച്ച് അവരുടെ തലത്തിൽ നിന്നുകൊണ്ട് സംസാരിക്കുന്ന ആളാണ് യഥാർത്ഥ ഗുരു. ഭാവി തലമുറയെ വാർത്തെടുക്കുകയെന്നത് കഠിനമാണ്. മണ്ണ് കുഴച്ച് കലമുണ്ടാക്കുന്ന കുശവന്റെ ഏകാഗ്രതയും അറിവും ജോലി ചെയ്യാനുള്ള കഴിവും ഒത്തുചേരുമ്പോൾ അയാളുടെ സൃഷ്ടി അയാളുടെ മനോമുകുരത്തിൽ കണ്ടതുപോലെ തന്നെയായിരിക്കും. വിഗ്രഹമുണ്ടാക്കുമ്പോൾ മനസ്സ് നിറയെ വിഗ്രഹമായിരിക്കണം. ഏതു പണിയിലേർപ്പെട്ടാലും അതിന്റെ മൂല്യത്തിലായിരിക്കണം ശ്രദ്ധ. അതിനിയടിൽ വീട്ടിലെ പ്രശ്നങ്ങളൊന്നും തന്നെ ചിന്തിക്കരുത്. വലിയ വലിയ കാര്യങ്ങൾ മനസിലാക്കി പഠിക്കുന്ന രീതിയിൽ നിന്നും എങ്ങനെ ജയിപ്പിച്ചുവിടാമെന്ന് വിശ്വസിക്കുന്ന ഈ വിദ്യാഭ്യാസ രീതി ഉയർന്ന ക്ലാസ്സുകളിലേക്കെത്തിച്ചേരുമ്പോൾ പഠിക്കുവാൻ പ്രയാസം. അദ്ധ്യാപകർക്ക് ഭാരിച്ച സിലബസ് , സമ്മർദ്ദം. ഇവർക്ക് കൂടുതൽ സമയം സ്കൂളിൽ ചെലവഴിക്കേണ്ടിവരുമ്പോൾ താളം തെറ്റുന്ന ഗൃഹാന്തരീക്ഷം. ഗവൺമെന്റ് സ്കൂളിലായാലും, പ്രൈവറ്റ് സ്കൂളിലായാലും സമ്മർദ്ദം ഇന്ന് ഭാഷ വിഷയങ്ങൾ പഠിപ്പിക്കുവാൻ ശാസ്ത്ര വിഷയങ്ങളേക്കാൾ പ്രയാസം. ശാരീരിക ക്ഷമതയോ, ബുദ്ധി ക്ഷമതയോ, സ്വഭാവ ക്ഷമതയോ ഒക്കെ ശ്രദ്ധിക്കാൻ സമയമില്ല.

വിദ്യാഭ്യാസമെന്നത് ഒരദ്ധ്യാപകന്റെ വായിൽ നിന്നും വീഴുന്നത് മുഴുവൻ ഒരു വിദ്യാർത്ഥിയുടെ നോട്ടുബുക്കിലേക്ക് പകരുന്നതല്ല മറിച്ച് രണ്ടുപേരുടെയും തലച്ചോറിൽ കൂടി കടന്ന് മനസ്സിലേക്കെത്തേണ്ട ഒന്നാണ. നമ്മൾ പറയുന്നത് മറ്റുള്ളവർ സമ്മതിക്കണമെങ്കിൽ ആദ്യം അതിലെ യുക്തി അവരെ ധരിപ്പിക്കണം. ആത്മനിയന്ത്രണത്തിലൂടെ മാത്രമേ ഇതു സാധിക്കുകയുള്ളു. ഒന്നാലോചിക്കണം നമ്മളെ പഠിപ്പിച്ച എത്ര അദ്ധ്യാപകരെ നാം ഓർമ്മിക്കുന്നു, എത്ര അദ്ധ്യാപകരുടെ മനസ്സിൽ നമുക്കിടം കിട്ടിയിട്ടുണ്ട്. ഇവയൊക്കെ അനുസരിച്ചാണ് ഗുരുശിഷ്യബന്ധത്തിന്റെ കെട്ടുറപ്പ്.

വിദ്യാഭ്യാസം മനുഷ്യനെ നിർമ്മിക്കാനുള്ളതാണ് യഥാർത്ഥ ഗുരു ഒരു വിദ്യാർത്ഥിയുടെ കണ്ണ് പ്രപഞ്ചത്തിന്റെ അന്തസത്തയിലേക്ക് തുറക്കാൻ സഹായിക്കുന്നു. ഇതിന് മനോഭാവം മാറണം. ഓരോ ജോലിക്കും ഓരോ മനോ

ഭാവമാണ് വേണ്ടത്. ഒരു ഗുമസ്തന്റെ മനോഭാവമല്ല രാഷ്ട്രനിർമ്മാണത്തിലേർപ്പെട്ടിരിക്കുന്ന രാഷ്ട്ര ശില്പിയുടേത്. ആത്മാഭിമാനവും, ആത്മശക്തിയും, കടപ്പാടും, വിശ്വസ്തതയും, അർപ്പണവും ഒക്കെക്കൂടി ചേരുമ്പോൾ മാത്രമേ ആത്മാർത്ഥത ഉണ്ടാകുകയുള്ളൂ.

കർമ്മം പുണ്യമോ, പാപമോ ആകാം പുണ്യം ആചരിക്കുന്നവന് മാത്രമേ ആദ്ധ്യാത്മിക പുരോഗതിയുള്ളു. ഭാരതത്തിൽ ഓരോ തരത്തിലുള്ള ആശയങ്ങൾ ഉണ്ടാകുമ്പോഴും അതിന്റെ പുറകിൽ ഓരോ മഹാപുരുഷന്മാരും ഉണ്ടായിരുന്നു. ഭഗവത് ഗീതതന്നെ, ആലസ്യത്തിൽനിന്നും ഉണർത്തി ആത്മസാക്ഷാത്കാരത്തിലേക്ക് നയിക്കുന്ന കൃഷ്ണനെപ്പോലെ ഒരു ഗുരു ഏതു പ്രതിസന്ധിയിലും മനസ്സിനെ ധൈര്യപ്പെടുത്തി നിഷ്ക്രിയനായിരിക്കുന്ന ഒരാളെ ജീവിത പാതയിലേക്ക് നയിക്കുന്നു അതാണ് ഗുരു. ഓരോ വ്യക്തിയിലും അടങ്ങിയിരിക്കുന്ന ക്രിയാത്മകതയെ ഉണർത്തി, മറ്റൊരാളിൽ ഉള്ള ദിവ്യാംശത്തെ പുറത്തു കൊണ്ടുവരുന്നതും ഗുരുവാണ്. ഒരാൾക്ക് മാനസാന്തരം തനിയെ വരുത്താൻ കഴിയില്ല അവിടെ ഒരു നല്ലപുസ്തകമോ, റോൾമോഡലോ പോലെ പരിവർത്തനത്തിലേക്ക് ആ വ്യക്തിയെ വലിച്ചുകൊണ്ടുപോകാൻ കഴിവുള്ള ഒരാൾ വരണം. ഒരു തവളയെ നീർക്കോലി പിടിക്കുന്നതും, പെരുമ്പാമ്പ് പിടിക്കുന്നതും വ്യത്യസ്തമല്ലേ സർഗ്ഗാത്മകവും ഒരാളുടെ കഴിവിനെ വികസിപ്പിച്ചു സ്വന്തം കാലിൽ നിൽക്കുമാറാക്കുന്നതും വലിയ പ്രയാസമുള്ള കാര്യമാണ്. ഒരുവനിലുള്ള സ്വാഭിമാനത്തെ വളർത്തി അവൻ വലിയൊരു ശക്തിയുടെ ഉറവിടമാണെന്ന് മനസ്സിലാക്കി അവനെ ഒരു പ്രവാഹമായി മാറ്റുന്നതാണ് ഗുരു. അതും ഗ്രഹിക്കാനുള്ള കഴിവ്, വ്യക്തിത്വം, നീതിബോധം, തത്ത്വശാസ്ത്രജ്ഞാനം ഇവയെല്ലാമുള്ള ഒരു ശിഷ്യനുമാത്രമേ ഒരു നല്ല ഗുരുവിനെ സൃഷ്ടിക്കാനും സാധിക്കു.

ആശ്ചര്യോ വക്താ കുശലോ സ്യ ലബ്ധാ
ആശ്ചര്യോ ജ്ഞാന കുശലാനശിഷ്ട

വിവേക ചൂഢാമണിയിൽ ശങ്കരാചാര്യർ പറയുന്നത് വേദജ്ഞാനമുള്ളവനും, പാപരഹിതനും, കാമത്തിൽ ആശ്രയിക്കപ്പെടാത്തവനും, ബ്രഹ്മജ്ഞാനിയും, ബ്രഹ്മലീനനും, ശാന്തനും, ഇന്ധനം കത്തിയതിൽ അഗ്നിയെപ്പോലുള്ളവനും, പ്രത്യേക ഹേതുവില്ലാതെ തന്നെ ദയാസമുദ്രമായിരിക്കുന്നവനും, പ്രണയിക്കുന്ന സജ്ജനങ്ങളുടെ ബന്ധുവും ആണ് യഥാർത്ഥ ഗുരുവെന്നാണ് പറയുന്നത്.

ഒരാളുടെയും ആഗ്രഹം പൂർണ്ണമാവുന്നില്ല. ഒരു പരിപൂർണ്ണതയിൽ നേടുന്നത് ശാന്തിയാണ്. തന്നെ ആശ്രയിക്കുന്നവരെയെല്ലാം സഹായിക്കുന്ന ഒരു വ്യക്തിയാണല്ലോ ഗുരു. ഇക്കാലത്ത് അത്തരം ഗുരുക്കൻമാർ വിരളമാണ് ശ്രീരാമകൃഷ്ണദേവൻ പറയുന്നത് പണം മാറി കൊടുക്കുന്നവൻ നാണയം പരിശോധിക്കുന്നതു പോലെ ഗുരുവിനെ പരിശോധിക്കുമ്പോൾ ഗുരുവിന്റെ ബുദ്ധി പ്രകാശിക്കുന്നത് ബോദ്ധ്യമാകും. ഇത്തരം ഗുരുക്കളാലും ശിഷ്യരാലും ആധുനികവിദ്യാലയങ്ങൾ നിറയുമ്പോൾ ഭാരതിയരാണെന്ന് നമുക്കഭിമാനിക്കാം. ■

## ഭഗവത്ഗീത പാരായണം

**വൈശാഖമാസത്തോടനുബന്ധിച്ച് എറണാകുളം കരയോഗത്തിൽ 2025 ഏപ്രിൽ 28-ാം തീയതി തിങ്കളാഴ്ച രാവിലെ 7.30 മുതൽ 1.00 മണി വരെ ഭഗവത് ഗീതാപാരായണം ഉണ്ടായിരിക്കുന്നതാണ്.**



# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം.12

എം.ആർ.എസ് മേനോൻ - 9037126220

(തുടർച്ച.....)

കേരളത്തിൽ ശാക്തേയ പാരമ്പര്യത്തിലെ 11 ശാക്തേയ കാവുകളെപ്പറ്റി നാം പരാമർശിച്ചു കഴിഞ്ഞു.

**12 കൊടുങ്ങല്ലർ കാവ്.**

കേരളത്തിലെ ഏറ്റവും പ്രാചീനമായ ക്ഷേത്രങ്ങളിലൊന്നാണ് കൊടുങ്ങല്ലൂർ ക്ഷേത്രം. കൊടുങ്ങല്ലൂർ ക്ഷേത്രവുമായി ബന്ധമുള്ള നിരവധി ക്ഷേത്രങ്ങൾ കേരളത്തിൽ ഉണ്ട്. ഉത്തര കേരളത്തിൽ ധാരാളം ഉള്ള കുറുംബക്ഷേത്രങ്ങൾ (കൂർമ്മക്കാവുകൾ) കൊടുങ്ങല്ലൂരമ്മയുമായി ബന്ധമുള്ളവയാണ്. ദക്ഷിണേന്ത്യയിലെ' ശാക്തേയ ഉപാസകരുടെ പ്രധാന കേന്ദ്രമാണ് കൊടുങ്ങല്ലൂർ. ഇവിടന്ന് ഭഗവതിയെ ആവാഹിച്ചും പ്രാർത്ഥിച്ചും കൊണ്ടുപോയി പ്രതിഷ്ഠിച്ച നിരവധി ക്ഷേത്രങ്ങൾ കേരളത്തിൽ പല ഭാഗങ്ങളിലും ഉണ്ട്.

നിരവധി ഐതിഹ്യങ്ങൾ ഈ ക്ഷേത്രത്തെപ്പറ്റിയുണ്ട്. ചരിത്രപ്രസിദ്ധമായ ചിലപ്പതികാരത്തിലെ കണ്ണകിയാണ് ഇവിടുത്തെ പ്രതിഷ്ഠ എന്നാണ് ഒരു വിശ്വാസം. ചിലപ്പതികാരം രചിച്ച ഇളങ്കോവടികൾ ചേരരാജാവായിരുന്ന ചേരൻ ചെങ്കുട്ടവന്റെ സഹോദരനായിരുന്നു. രണ്ടായിരം വർഷം മുമ്പ് രചിച്ച ചിലപ്പതികാരത്തോളം പഴക്കം ഈ ക്ഷേത്രത്തിന് ഉണ്ട്. ഈ ക്ഷേത്രത്തിൽ നിന്ന് 300 മീറ്റർ തെക്കോട്ട് മാറിയാണ് അന്ന് രാജ്യം ഭരിച്ചിരുന്ന ചേരൻ ചെങ്കുട്ടവൻ പ്രതിഷ്ഠിച്ച ഭഗവതിയുടെ മൂലസ്ഥാനമായ ശ്രീ കുരുംബക്കാവ്. പത്തിനിക്കടവുൾ ( ഭാര്യാ ദൈവം ) എന്ന പേരിൽ ആണ് കണ്ണകിയെ പ്രതിഷ്ഠിച്ചത്. കണ്ണകിയുടെ വിഗ്രഹം കൊത്തിയെടുക്കാനുള്ള കല്ല് ഹിമാലയത്തിൽ നിന്നാണ് കൊണ്ട് വന്നത്. സിലോണിലെ ഗജബാഹു ഒന്നാമൻ ഉൾപ്പെടെ നിരവധി രാജാക്കന്മാർ ഈ ചടങ്ങുകളിൽ പങ്കെടുത്തിരുന്നു. പാലി ഭാഷയിൽ രചിക്കപ്പെട്ട മഹാവംശത്തിൽ രണ്ടാം നൂറ്റാണ്ടിൽ സിലോൺ ഭരിച്ചിരുന്ന ഗജബാഹു വഞ്ചിയിൽ വന്ന് പത്തിനീ ദേവി പ്രതിഷ്ഠാഘോഷങ്ങളിൽ പങ്കെടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ചേരൻ ചെങ്കുട്ടവൻ പ്രതിഷ്ഠിച്ച വിഗ്രഹം ഒറ്റ മുലയുള്ള കണ്ണകിയുടെതാണെന്ന് കരുതപ്പെടുന്നു. അതുകൊണ്ടാണ് ഈ ക്ഷേത്രത്തിലെ വസൂരി മാല വിഗ്രഹമായിരുന്നു ആദിമൂല സ്ഥാനം എന്ന് കരുതുന്നത്. ബുദ്ധമതത്തിന് പ്രചാരം ലഭിച്ചതോടെ ചേര രാജാക്കന്മാർ ബുദ്ധമതം സ്വീകരിക്കുകയും അതോടെ കാവ് ബുദ്ധമത കേന്ദ്രമായി മാറിയെന്നും ചില ചരിത്രകാരന്മാർ അവകാശപ്പെടുന്നു. ബൗദ്ധരെ ഓടിക്കാനായി കോഴി വെട്ടും ഭരണിപ്പാട്ടും ആരംഭിച്ചതെന്നുമുള്ള നിഗമനങ്ങളിൽ ചരിത്രാംശം ഉണ്ടാകാം. പിന്നീട് ശങ്കരാചാര്യർ ആണ് ശ്രീചക്രസമേതയായി കൊടുങ്ങല്ലൂർ ഭഗവതിയെ പ്രതിഷ്ഠിച്ചത് എന്നും വിശ്വസിക്കപ്പെടുന്നു. കൊടുങ്ങല്ലൂരെ രഹസ്യ അറയിൽ കണ്ണകിയുടെ ഭൗതിക അവശിഷ്ടങ്ങൾ ഉണ്ടെന്ന് ശ്രീ . വി.ടി. ഇന്ദുചൂഡൻ അഭിപ്രായപ്പെടുന്നു. നിരവധി നിഗമനങ്ങളും ഐതിഹ്യങ്ങളും കൂടിക്കലർന്ന് കിടക്കുന്നതിൽ നിന്ന് ചരിത്രത്തെ കൃത്യമായി വേർ തിരിച്ച് കാണാൻ ബുദ്ധിമുട്ടാണ്. പ്രാചീന കേരളത്തിന്റെ ഭരണാധികാരികളായ ചേരമാൻ പെരുമാളുടെ ആസ്ഥാനം കൊടുങ്ങല്ലൂരിനടുത്ത തിരുവഞ്ചിക്കുളത്താകയാൽ കേരളത്തിലെ പ്രാചീന ചരിത്രവുമായി ബന്ധപ്പെട്ട നിരവധി സംഭവങ്ങൾക്ക് കൊടുങ്ങല്ലൂർ സാക്ഷ്യം വഹിച്ചിട്ടുണ്ട്.

ആദിയിൽ ഈ ക്ഷേത്രത്തിൽ പൂജ നടത്തിയത് മലബാറിലെ തീയ്യരാണെന്ന് ഒരു ഐതിഹ്യം നിലവിൽ ഉണ്ട്. ഇന്നും കൊടുങ്ങല്ലൂർ രാജാവിന്റെ സാന്നിദ്ധ്യത്തിൽ കൊടുങ്ങല്ലൂരിലെ നിലപാട് തറയിൽ 64 തറകളുടെ തീയ്യ തണ്ടാന്മാർ സമ്മേളിക്കുന്നു മീനഭരണിക്ക് ചില അവകാശങ്ങൾ ഇവർക്ക് ഇന്നും ഉണ്ട്.

കിഴക്കോട്ട് ശിവനും വടക്കോട്ട് ഭദ്രകാളിയുമാണ് ഇവിടുത്തെ പ്രതിഷ്ഠ. പ്രധാന ദേവൻ ശിവനാണെങ്കിലുംഭദ്രകാളിക്കാണ് പ്രാധാന്യം. എട്ട് തൃക്കൈകളോടു കൂടിയ ഒറ്റവരിക്കപ്ളാവിൽ കൊത്തിയെടുത്ത 6 അടി ഉയരമുള്ള വിഗ്രഹമാണ് ഭഗവതിയുടേത്. ക്ഷേത്രത്തിനകത്തെ രണ്ട് ശ്രീചക്രപ്രതിഷ്ഠകൾ ഉള്ളത് ഒന്ന് പരശുരാമനും മറ്റൊന്ന് ശങ്കരാചാര്യരുമാണ് പ്രതിഷ്ഠിച്ചത് എന്നാണ് വിശ്വാസം. മറ്റ് പ്രാചീന ശാക്തേയ കാവുകളെപ്പോലെ ഇവിടെ കോഴി വെട്ടി ഗുരുതി നിലവിലുണ്ടായിരുന്നു. മലബാറിലെ ശാക്തേയ കാവുകളിൽ പിടാടർ എന്ന പോലെ അടികൾ ആണ് ഇവിടുത്തെ പൂജ നടത്തുന്നത്. കുന്നത്ത്, മഠത്തിൽ നീലത്ത് എന്നീ മൂന്ന് കുടുംബക്കാർക്കാണ് ഇവിടുത്തെ പൂജ അവകാശം. ആദ്യത്തെ കോഴി വെട്ടാനുള്ള അവകാശം തച്ചോളി തറവാട്ടുകാർക്കായിരുന്നു. ക്ഷേത്ര ശ്രീകോവിലിന് ചെമ്പ് പലക അടിച്ചത് തച്ചോളി തറവാട്ടുകാരായിരുന്നു. പ്രാചീനമായ ആചാരങ്ങളുമായി ബന്ധപ്പെട്ട പല ചടങ്ങുകളും ഇവിടെ കാണാം.. മീനത്തിൽ അശ്വതിനാളിലെ കാവ് തീണ്ടലിന് ഏഴു ദിവസം മുമ്പാണ് കോഴി വെട്ട് നടന്നിരുന്നത്. ഇപ്പോൾ അതിന്റെ പ്രതീകമായി കോഴിക്കല്ല് ചുവന്ന പട്ട് കൊണ്ട് മൂടി അതിന്റെ മുകളിൽ കോഴിയെ സമർപ്പിക്കും. കോഴിക്കല്ല് മൂടൽ എന്നാണ് ഈ ചടങ്ങിന് പേര്. ഇന്നും ആദ്യത്തെ കോഴിയെ വയ്ക്കാനുള്ള അവകാശം തച്ചോളി വീട്ടുകാർക്കാണ്. മുൻകാലങ്ങളിൽ അന്ന് മുതൽ തെറിപ്പാട്ട് തുടങ്ങും ഇപ്പോൾ രേവതി അശ്വതി നാളുകളിലേ തെറിപ്പാട്ട് പതിവുള്ളു.

**കാവു തീണ്ടൽ**

പണ്ട് കേരളത്തിൽ മുഴുവൻ കൊടുങ്ങല്ലൂർ ഭഗവതിക്ക് വെളിച്ചപ്പാടുമാർ ഉണ്ടായിരുന്നു. എന്റെ കുട്ടിക്കാലത്ത് കൊടുങ്ങല്ലൂർ നിന്ന് വന്ന വെളിച്ചപ്പാടിനെ ഭക്തിപൂർവ്വം നെല്ലും അരിയും ധനവും നൽകി സ്വീകരിച്ചിരുന്നത് ഇപ്പോളും ഓർക്കുന്നുണ്ട്. ഇന്നും ഉത്തര മലബാറിലെ നിരവധി ഗ്രാമങ്ങളിൽ നിന്ന് നിരവധി വെളിച്ചപ്പാടന്മാർ എത്തിച്ചേരാറുണ്ട്. കാവു തീണ്ടലിനായി ഉത്തര കേരളത്തിലെ നിരവധി ഗ്രാമങ്ങളിൽ നിന്ന് എത്തിച്ചേരുന്ന ഭക്തന്മാർ അവർക്ക് അവകാശപെട്ട തറകളിൽ വെളിച്ചപ്പാടുമാരുടെ നേതൃത്വത്തിൽ സംഘം ചേർന്ന് നിൽക്കുമ്പോൾ വലിയ തമ്പുരാൻ നിലപാട് തറയിലെത്തി ചുവന്ന പട്ടുകുട ഉയർത്തുന്നതോടെ എല്ലാവരും ചേർന്ന് ക്ഷേത്രത്തിന്റെ മേൽക്കൂരയിൽ വടി കൊണ്ടടിച്ചു പ്രദക്ഷിണം വക്കുന്നതാണ് കാവു തീണ്ടൽ. ആദ്യം കാവുതീണ്ടാൻ അവകാശമുള്ള പാലക്കവേലൻ വാദ്യമേളങ്ങളോടെ ആദ്യമായി കാവു തീണ്ടും. തൃച്ചന്ദനചാർത്ത് പൂജ അന്നേ ദിവസത്തെ ഒരു സവിശേഷ പൂജയാണ് കാളി ദാരിക യുദ്ധം കഴിഞ്ഞ് ദാരികനെ നിഗ്രഹിച്ചശേഷം ദേവിക്ക് നടത്തുന്ന പൂജയാണത്രേ തൃച്ചന്ദനച്ചാർത്ത് പൂജ. വൈദ്യൻ കൂടിയായ പാലക്കവേലന്റെ നിർദ്ദേശപ്രകാരമുള്ളതാണ് ഈ പൂജ. ഈറനോടെ ശ്രീ കോവിലിൽ പ്രവേശിക്കുന്ന അടികൾ മഞ്ഞൾപ്പൊടിയും കരിക്കിൻ വെള്ളവും ചേർത്ത് വിഗ്രഹത്തിൽ കുഴമ്പ് രൂപത്തിൽ തേയ്ക്കും മൂന്നര മണിക്കൂർ നീണ്ട് നിൽക്കുന്ന ശാക്തേയ പൂജയാണിത്.

ചോഴന്മാരുമായുള്ള ഒരു യുദ്ധത്തിന്റെ സ്മരണയാകാം ഇതെന്നാണ് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത്. എ.ഡി. 1008 ൽ ഉദകൈക്കോട്ട രാജരാജ ചോളൻ കീഴടക്കിയന്ന് ചില രേഖകളിൽ കാണാം. ഉദകൈകോട്ട പഴയ മഹോദയപുരമാണ് എന്നാണ് കരുതുന്നത്. ചോ ഴന്മാർക്കെതിരെ യുദ്ധം ചെയ്യുന്നതിന് എല്ലാ വിഭാഗത്തിലെ അംഗങ്ങളെയും ഉൾപ്പെടുത്തി രൂപി കരിച്ച ചാവേർപ്പട ദേവിക്ക് മാംസ വും മദ്യവും നിവേദിച്ച് പഞ്ചമകാര പൂജ നടത്തി പുറപ്പെടുന്ന ചടങ്ങിന്റെ അനുസ്മരണമാകാം കാവ് തീണ്ടൽ എന്നും ചില ചരിത്രകാരന്മാർ അവകാശപ്പെടുന്നു.

**തെറിപ്പാട്ട്**

മറ്റൊരു ക്ഷേത്രത്തിലും ഇന്ന് നിലവില്ലാത്ത ഒന്നാണ് തെറിപ്പാട്ട് പാടി ഭഗവതിയെ പ്രീതിപ്പെടുത്തുകയെന്നത്. തെറിപ്പാട്ട് നിരോധിക്കാൻ വേണ്ടി സ്വാമി ഭൂതാനന്ദതീർത്ഥരുടെ നേതൃത്വത്തിൽ രണ്ട് പതിറ്റാണ്ട് മുമ്പ് തുടർച്ചയായി

സമരങ്ങൾ നടത്തിയെങ്കിലും തെറിപ്പാട്ട് പാടുകയെന്ന ആചാരത്തിന് യാതൊരു കുറവും വരുത്താൻ ആർക്കും കഴിഞ്ഞിട്ടില്ല. ബുദ്ധമതക്കാരെ ഓടിക്കാനാണ്, പഞ്ചമകാരപൂജയിലെ മൈഥുനത്തിന്റെ ഭാഗമാണ് , രതിയും ലൈംഗികതയും ജീവിതത്തിന്റെ ഭാഗമാണ് എന്ന് കരുതുന്ന ആദിമ ജനതയുടെ കൂടിച്ചേരലാണ്, എന്നിങ്ങനെ വ്യത്യസ്ഥങ്ങളായ അഭിപ്രായങ്ങൾ ഇതിനെപ്പറ്റി നിലവിലുണ്ട്. അരമണിയും കച്ചമണിയും ചിലമ്പും കൈയിൽ വാളുമായി വെളിച്ചപ്പാടുമാരും ഉത്തര മലബാറിൽ നിന്നുള്ള ചുവപ്പു പട്ടു ധരിച്ച് എല്ലാം മറന്ന് ആടിപ്പാടി നൃത്തം ചെയ്യുന്ന സംഘങ്ങളും കൊടുങ്ങല്ലൂർ ഭരണിയെ നൂറ്റാണ്ടുകൾക്ക് മുമ്പുള്ള ഒരു ലോകത്തിലേക്ക് കൊണ്ട് പോകും.

**പടിഞ്ഞാറെ നട**

കൊടുങ്ങലൂർ ക്ഷേത്രത്തിന്റെ ദർശനം കിഴക്കോട്ടാണെങ്കിലും ദേവിയുടെ ദർശനം വടക്കോട്ടാണ്. പക്ഷേ ഭഗവതിയുടെ ശ്രീകോവിലിന് പടിഞ്ഞാറ് ഭാഗത്ത് ഒരു നടയുണ്ടങ്കിലും അത് സാധാരണ തുറക്കാറില്ല. കാളിയുടെ ഉഗ്രരൂപമായ രുധിരമഹാകാളി പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഇവിടയാണ് കൊടുങ്ങല്ലൂരിലെ രഹസ്യ അറ സ്ഥിതി ചെയ്യുന്നത്. ചുവന്ന പട്ട് കൊണ്ട് മൂടി അഷ്ടബന്ധമിട്ട് ഉറപ്പിച്ച വിഗ്രഹം കറുത്ത തുണി കൊണ്ട് മൂടിയിരിക്കുന്നു. ശങ്കരാചാര്യർ പ്രതിഷ്ഠിച്ച ശ്രീചക്രം ഈ ശ്രീകോവിലിൽ ആണ് എന്ന് കരുതുന്നു. ആ ശ്രീചക്രത്തിന്റെ വർദ്ധിച്ച ചൈതന്യം കൊണ്ടാണ് ഈ ശ്രീകോവിൽ തുറക്കാത്തത് എന്നും കരുതുന്നു. കോവിലകത്തെ ഉണ്ണിയുടെ പിറന്നാളിന് അടിമ കിടത്താൻ കൊണ്ട് വരുമ്പോൾ മാത്രമാണ് ഈ നട തുറക്കുന്നത്. തമ്പുരാൻ നമസ്കരിക്കുമ്പോൾ അഞ്ചു പ്രാവശ്യം മണിയടിക്കും. ഈ സമയം വലത് വാതിൽ മാത്രം തുറക്കും. നമസ്കരിച്ച് എഴുന്നേൽക്കും മുമ്പ് നട അടക്കും. പണ്ട് ഈ ക്ഷേത്രത്തിലെ തന്ത്രം കുട്ടമശ്ശേരി മനക്കായരുന്നു. ഈ മനയിലെ ബുദ്ധിശാലിയും തപസ്വിയുമായ ഒരു യുവാവ് ദേവിയെ തൊഴാൻ വന്നപ്പോൾ പൂജ കഴിഞ്ഞ് നട അടച്ചിരുന്നു അദ്ദേഹം തപഃശക്തിയാൽ നട തുറന്നു.. മനുഷ്യ സാന്നിദ്ധ്യം ബോദ്ധ്യം വന്ന ദേവി നടയടച്ചു. ദേവിയെ സേവിക്കാൻ വന്നപ്പോൾ നടയടച്ചതിനാൽ ഈ നട ആരും തുറക്കാതെ പോകട്ടെ എന്ന് അദ്ദേഹം ശപിച്ചു. ദേവി നിങ്ങളുടെ ഇല്ലത്ത് നിന്ന് ഇനി ആരും വരരുത് എന്ന് ദേവിയും ശപിച്ചു. ഇതാണ് പടിഞ്ഞാറെ നട അടച്ചതിന് കാരണം എന്ന ഒരു കഥ പ്രചാരത്തിലുണ്ട്. കൊച്ചി രാജാവ് കൊടുങ്ങല്ലൂർ ആക്രമിച്ചപ്പോൾ തമ്പുരാൻ അമ്മയോട് പ്രാർത്ഥിച്ചപ്പോൾ പടിഞ്ഞാറെ നട പെട്ടെന്ന് തുറന്ന് ആയുധധാരികളായ അഞ്ചു പേർ പുറത്ത് ചാടി ശത്രുക്കളെ തോൽപ്പിച്ചു,അതാണ് അഞ്ചു പ്രാവശ്യം മണിയടിക്കുന്നതിന്റെ രഹസ്യം. ക്ഷേത്രത്തിന്റെ പടിഞ്ഞാറു ഭാഗത്ത് വടക്കോട്ട് ദർശനമായി വസൂരി മാലക്ക് മേൽക്കൂരയില്ലാത്ത ശ്രീകോവിലോട് കൂടിയ ക്ഷേത്രം ഉണ്ട്. ദാരികവധാനന്തരം ദാരികപത്നി മനോദരി ഭദ്രകാളിയോട് യുദ്ധം ചെയ്ത് തോറ്റെങ്കിലും തന്റെ ശക്തി മൂലം ദേവിയുടെ ദേഹത്ത് വസൂരി മുളപ്പിച്ചു .ദേവി തിരിച്ചും ചെയ്തു. രണ്ടു പേരും ശ്രീ പരമേശ്വരനെ സമീപിച്ചപ്പോൾ ശിവനിൽ നിന്ന് ഉൽഭവിച്ച കണ്ഠാകർണ്ണൻ രണ്ടു പേരുടെയും വസൂരി മാറ്റി. പിന്നീട് മനോദരിയെ പടിഞ്ഞാറ് ഭാഗത്ത് പ്രതിഷ്ഠിച്ചുവെന്നാണ് ഐതിഹ്യം

**താലപ്പൊലി**

കൊടുങ്ങല്ലൂരെ സാത്വികമായ ആഘോഷമാണ് മകരത്തിലെ താലപ്പൊലി. ഒന്നാം താലപ്പൊലി പണ്ട് കൊച്ചി രാജാവും നാലാം താലപ്പൊലി കൊടുങ്ങല്ലൂർ തമ്പുരാനും അഞ്ചാം താലപ്പൊലി തിരുവിതാം കൂർ രാജാവുമാണ് നടത്തിയിരുന്നത്. തെക്ക് നിന്ന് പുലയർ ചുവന്ന വസ്ത്രമണിഞ്ഞ് ഇരുമുടിക്കെട്ടുമേന്തിയും കൊച്ചിയിൽ നിന്ന് കുടുംബികൾ ആടുമായും മകരത്തിൽ എത്തുന്ന ചടങ്ങുകളും ഉണ്ട്. കൊടുങ്ങല്ലൂരെ ചടങ്ങുകളിൽ ഹരിജനങ്ങൾ മുതൽ

എല്ലാ സമുദായങ്ങൾക്കും അവരവരുടേതായ പങ്ക് വഹിക്കാനുണ്ട്. 13 മുത്തൂറ്റ് കാവ് (തിരുവല്ല) രുരുജിത് സമ്പ്രദായത്തിലുള്ള ശാക്തേയ കാവുകളിൽ തിരുവി താംകൂറിലെ രണ്ടെണ്ണത്തിൽ ഒരെണ്ണമാണ് തിരുവല്ലക്കടുത്തുള്ള മുത്തൂർ കാവ്. രുരുജിത് സമ്പ്രദായത്തിലെ മറ്റ് ക്ഷേത്രങ്ങളെപ്പോലെ ശിവൻ ആരാധനാ മൂർത്തിയാണെങ്കിലും ഭദ്രകാളിക്കാണ് പ്രാധാന്യം ഒരു കാൽ പിന്നോട്ട് മടക്കി വച്ച് നിലത്ത് ഇരിക്കുന്ന രീതിയിൽ ശൂലമെടുത്ത് ആക്രോശിക്കുന്ന ദേവിയുടെ ചിത്രം ഇവിടെ കാണാം. ശിവനും ശക്തിക്കും പ്രാധാന്യമുള്ളതാണ് ഈ ക്ഷേത്രം. പ്രഭാതത്തിൽ കൊടുങ്ങല്ലൂരും ഉച്ചക്ക് വാരനാട്ടും സന്ധ്യക്ക് മുത്തൂറ്റും രാത്രി പനയന്നാർ കാവിലും ദേവീ സാന്നിദ്ധ്യം ഉണ്ടന്നാണ് വിശ്വാസം. അതിനാൽ ഇവിടുത്തെ ദീപാരാധന വിശേഷമാണ്. എട്ട് കൈകളോട് കൂടി ദാരിക വധം കഴിഞ്ഞ് വേതാളത്തിന് പുറത്ത് നിൽക്കുന്ന ഭാവത്തിലാണ് ഇവിടുത്തെ വിഗ്രഹം ദേവിയുടെ രൗദ്ര ഭാവത്തെ ശാന്തമാക്കുന്ന സുന്ദരി സുമുഖി വിഗ്രഹങ്ങൾ ഇരുവശവും ഉണ്ട്. ശ്രീകോവിലിന്റെ വടക്ക് വശമാണ് ശിവക്ഷേത്രം. ഈ സമ്പ്രദായത്തിലെ മറ്റ് ക്ഷേത്രങ്ങളെപ്പോലെ ക്ഷേത്രപാലകന്റെയും സപ്തമാതൃക്കളുടെയും ഗണപതിയുടെയും വീരഭദ്രന്റെയും പ്രതിഷ്ഠകൾ ഉണ്ട്. ശാക്തേയ പൂജ നടത്തുന്ന മറ്റ് ക്ഷേത്രങ്ങളിലെപ്പോലെ കൗളമാർഗ്ഗത്തിലെ പൂജയാണ് നടന്ന് വന്നിരുന്നതെങ്കിലും ഇപ്പോൾ അത് പതിവില്ല. പക്ഷേ വലിയ ഗുരുതി ഇവിടെ പ്രധാനമാണ്.

(തുടരും )

# വടക്കുപുറത്ത് പാട്ട്



വൈക്കം മഹാദേവ ക്ഷേത്രത്തിൽ പന്ത്രണ്ട് വർഷത്തിലൊരിക്കൽ ഭദ്രകാളി പ്രീതിക്കായി നടത്തപ്പെടുന്ന ചടങ്ങാണ് വടക്കുപുറത്ത് പാട്ട്. ദേവീപ്രതിക്കായി 12 ദിവസം കളമെഴുതി പാട്ടും, അവസാന ദിവസം ഗുരുതിയും നടത്തുക എന്നതാണ് ഇതിന്റെ ആചാരം. പുതുശ്ശേരി കുറുപ്പുംമാരാണ് കളമെഴുത്തുകാർ. അവർക്കാണ് അതിനുള്ള അവകാശം പണ്ടുമുതലെ ലഭിച്ചിട്ടുള്ളത്. പൂജ തുടങ്ങുന്നതിന് 41 ദിവസങ്ങൾക്ക് മുമ്പ് കാൽനാട്ടുകർമ്മം നടത്തണമെന്നാണ് നിയമം. ദേവിയുടെ വിശ്വരൂപമാണ് കളമെഴുത്തിൽ വിവിധ വർണ്ണങ്ങൾകൊണ്ട് വരയ്ക്കുന്നത്. ഊരാഴ്മഭരണം ഉണ്ടായിരുന്ന സമയം ദേശം മുഴുവൻ വസൂരി വ്യാപിച്ചു ജനങ്ങൾ ആകെ ഭീതിയിലായി. ക്ഷേത്ര ഭാരവാഹികളും നാട്ടുപ്രമാണിമാരും ആലോചിച്ച് ദേവപ്രശ്നം വെയ്ക്കുകയും പ്രശ്ന വിധി പ്രകാരം ക്ഷേത്ര പ്രതിനിധികൾ കൊടുങ്ങല്ലൂർ ശ്രീ കുരുംബാഭഗവതി ക്ഷേത്രത്തിൽ ഭജനമിരുന്നു. സന്തുഷ്ടയായ ദേവി പ്രത്യക്ഷപ്പെട്ട് വൈക്കത്തപ്പന്റെ വടക്കുപുറത്ത് തന്റെ സാന്നിദ്ധ്യമുണ്ടാകുമെന്നും, 12 വർഷത്തിലൊരിക്കൽ കളമെഴുത്തും പാട്ടും അടക്കമുള്ള ആചാരങ്ങളോടുകൂടി പ്രത്യേക ആരാധന നടത്തേണ്ടതാണെന്നും അറിയിച്ചു. അങ്ങനെ ചെയ്യുന്നതോടുകൂടി ആപത്തുകൾ കൂടാതെ നാടിനെ കാത്തുകൊള്ളാമെന്ന് ദേവി അരുളിചെയ്തു. ഇതിനുശേഷം ആ പ്രദേശത്ത് ദുരിതങ്ങൾ ഒഴിഞ്ഞ് ജനങ്ങൾ സുഖമായി വസിക്കാൻ ഇടയായി എന്നും പറയുന്നു. പാട്ടും, കളമെഴുത്തും നടത്തേണ്ടത് മീനഭരണി കഴിഞ്ഞ് അടുത്തനാൾ മുതലുള്ള 12 ദിവസങ്ങളിലാണ. കളമെഴുത്തും, പാട്ടും കൂടാതെ എതിരേൽപ്പും, താലപ്പൊലിയും, കോടിയർച്ചനയുമെല്ലാം ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി കൃത്യമായി നടത്തിവരുന്നുണ്ട്.

ഈ പ്രാവശ്യത്തെ വടക്കുപുറത്ത് പാട്ട് ഏപ്രിൽ 2 മുതൽ 13 വരെയാണ് നടക്കുന്നത്. 13 -ാം തീയതി സഹസ്രകലശത്തോടുകൂടി വടക്കുപുറത്ത് പാട്ടിന് സമാപനം കുറിക്കും.

*****

# ജീവിതാനുഭവങ്ങൾ

ഹരിഹരനന്ദനൻ – 99625 83139

(തുടർച്ച.....)

## വ്യക്തികൾ, പിന്നാമ്പുറ കഥകൾ

ഇത് അനുഭവ കഥകളാണ്; കഥകളെന്ന് പറയാനാവില്ല കാരണം ചില പ്രധാനപ്പെട്ട വ്യക്തികൾ എന്നോട് വിവരിച്ച അവരുടെ അനുഭവങ്ങളാണ്. പക്ഷെ അതിൽ മിക്കതും ചില പേര് കേട്ട വ്യക്തികളുടെ പിന്നാമ്പുറ വിശേഷങ്ങളാണ്. ആദ്യമേ പറയട്ടെ മോശമായ വിശേഷങ്ങളല്ല, രസകരമായ നുറുങ്ങു വാർത്തകൾ. ഇവയൊന്നും പ്രസിദ്ധീകരിക്കപ്പെട്ടവയല്ല, ഒന്നോ രണ്ടോ മാത്രം ഞാൻ തന്നെ ചില അവസരങ്ങളിൽ എഴുതിയിട്ടുണ്ടെന്നു മാത്രം.

ഇതിൽ ആദ്യത്തേത് മുൻ തമിഴ്നാട് മുഖ്യമന്ത്രി ജെ. ജയലളിതയെ സംബന്ധിച്ചതാണ്. വാസ്തവത്തിൽ കായിക വേദിയെ ഇത്രയും കൈയയച്ചു സഹായിച്ച ഒരു മുഖ്യമന്ത്രി വേറെ ഉണ്ടായിരുന്നില്ല; പിന്നീട് ചന്ദ്രബാബു നായിഡു അവതരിക്കുന്നത് വരെ. ഞാൻ ചെന്നൈയിലേക്ക് ചേക്കേറുന്ന സമയത്താണ് അന്ന് അവിടെ വർഷം തോറും നടക്കുന്ന ഗോൾഡ് ഫ്ളേക് ഓപ്പൺ ടെന്നീസ് പിന്നീട് ടാറ്റ ഓപ്പൺ ആയി മാറുന്നത്. എതാണ്ട് ഒരു വർഷം കഴിഞ്ഞപ്പോൾ ജയലളിത വീണ്ടും അധികാരത്തിൽ വന്നപ്പോളാണ് ചെന്നൈയിലെ സ്പോർട്സ് ഡെവലപ്മെന്റ് അതോറിറ്റി ഈ ടൂർണമെന്റിനെ നഗരത്തിന്റെ ഒരു വിശേഷപ്പെട്ട ബ്രാൻഡ് ആക്കി മാറ്റാനുള്ള ശ്രമം തുടങ്ങുന്നത്.

അന്ന് എസ്. ഡി. എ. ടി (സ്പോർട്സ് ഡെവലപ്പ്മെന്റ് അതോറിറ്റി ഓഫ് തമിഴ്നാട്) യുടെ തലപ്പത്തിരിക്കുന്ന ഐ. എ. സ് ഓഫീസർ പി. ഡബ്ലിയു. സി. ഡാവിഡാർ ആയിരുന്നു. തികഞ്ഞ സ്പോർട്സ് പ്രേമി മാത്രമല്ല ബോക്സിങ് അസോസിയേഷന്റെ പ്രസിഡന്റ് കൂടിയായിരുന്നു അദ്ദേഹം. എന്നെ സംബന്ധിച്ചിടത്തോളം ഇതിനൊക്കെ പുറമേ ഒരു നല്ല സുഹൃത്ത് എന്ന് കൂടി പറയാം. അദ്ദേഹം പത്രപ്രവർത്തകരോട് തുറന്ന മനസ്സോടെ പെരുമാറുന്ന ആളായിരുന്നു.

മാസത്തിലൊരിക്കൽ രണ്ടോ മൂന്നോ സ്പോർട്സ് പത്രപ്രവർത്തകരെ വിളിച്ചു ഹാഡോസ് ക്ലബ്ബിൽ വിരുന്നു തരുന്ന ഒരു പതിവും അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങിനെയൊരവസരത്തിൽ അദ്ദേഹം വിവരിച്ച അദ്ദേഹത്തിന് പറ്റിയ ഒരു വലിയ അമളിയുടെ അനുഭവമാണ് ഇവിടെ പറയുന്നത്. അതായത് ചെന്നൈ ഓപ്പൺ എന്ന ടെന്നീസ് സംരംഭത്തിന് തുടക്കമിട്ടപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ വിവിധ നഗരങ്ങളുടെ പേരിൽ നടക്കപ്പെടുന്ന ലോകത്തെ മികച്ച ഒരു ടൂർണമെന്റ് ആയി ഇതിനെ ഉയർത്തണമെന്നായിരുന്നു ആഗ്രഹം. അതിനു എ. ടി. പി (അസോസിയേഷൻ ഓഫ് ടെന്നീസ് പ്രൊഫഷണൽസ്), ഐ. ടി. ഫ് (ഇന്റർനാഷണൽ ടെന്നീസ് ഫെഡറേഷൻ) തുടങ്ങിയ സംഘടനകളുടെ പിന്തുണ അനിവാര്യമായിരുന്നു. ചെന്നൈയിലെ ടൂർണമെന്റിന്റെ ഒരു സവിശേഷത എന്തായിരുന്നു എന്നത്, അത് ആ കൊല്ലത്തെ ആദ്യത്തെ അന്താരാഷ്ട്ര ടൂർണമെന്റുകളിൽ ഒന്നായിരുന്നു. എന്നതാണ്. ജനുവരിയിൽ ആദ്യത്തെ ആഴ്ച നടക്കുന്ന രണ്ടോ മൂന്നോ ടൂർണമെന്റിൽ ഒന്ന്. അത് കൊണ്ട് തന്നെ ഗ്രാൻഡ് സ്ളാമിലെ ആദ്യ ടൂർണമെന്റായ ഓസ്ട്രേലിയൻ ഓപ്പണ് മുൻപ് നടക്കുന്ന ഒന്നാണെന്നതും അതിന്റെ പ്രാധാന്യം കൂട്ടിയിരുന്നു.

ഈ ടൂർണമെന്റ് സാധ്യമാവണമെങ്കിൽ അതിന്റെ മൂല്യം കൂട്ടേണ്ടത് അനിവാര്യമായിരുന്നു. അതായത് വലിയ കളിക്കാർ വരേണ്ടതുണ്ടായിരുന്നു. ചുരുക്കി പറഞ്ഞാൽ കോടികൾ മുതൽമുടക്കു വേണമെന്ന സാഹചര്യം വന്നു. പക്ഷെ

ജയലളിത വിചാരിച്ചാൽ എന്താണ് നടക്കാത്തത്?

ഡാവിഡാർ ഗഹനമായി ആലോചിച്ചു ഒരു ബ്രാൻഡ് അംബാസിഡറെ അന്വേഷിച്ച് ചെന്നു. എല്ലാവരും അദ്ദേഹത്തോട് പറഞ്ഞത് വിജയ് അമൃതരാജിനെക്കാൾ മുന്തിയ ലോക സമ്മതനായ ഒരു പേര് നോക്കേണ്ട എന്നാണ. എഴുപതുകളിൽ എ. ബി. സി ഓഫ് ടെന്നീസ് എന്ന ലോകത്രയങ്ങളിൽ ബോർഗിനോടും കോണേഴ്സിനോടും ഒപ്പം നിൽക്കാവുന്ന വിശിഷ്ട വ്യക്തിയായിരുന്നു അമൃതരാജ്. വിജയ് സഹോദരന്മാരായ അശോക്, ആനന്ദ് എന്നിവരോടൊപ്പം അമേരിക്കയിൽ ഹോളിവുഡിലൊക്കെ നിർമ്മാണ പ്രവർത്തനങ്ങളും പിന്നെ സ്റ്റാർ സ്പോർട്സിൽ വലിയ ടൂർണമെന്റുകളൊക്കെ കമന്ററി പറഞ്ഞും കഴിയുന്ന കാലം. ക്രിസ്മസ്, ന്യൂ ഇയർ സമയത്തു മാത്രം ചെന്നൈയിൽ അമ്മ മാർഗരറ്റിനോടൊപ്പം താമസിക്കാൻ അവധിക്കു വരും. അപ്പോഴും ജനുവരിയിലെ ആദ്യ ടൂർണമെന്റ് കഴിഞ്ഞേ തിരുച്ചു പോവൂ.

ഡാവിഡാർ വിജയിനെ പോയി കാണുന്നു, പ്രശ്നം അവതരിപ്പിക്കുന്നു. ഒരു നോട്ട് തയ്യാറാക്കി മുഖ്യമന്ത്രിക്ക് മുൻപിൽ അവതരിപ്പിക്കാമോ എന്ന് ആരായുന്നു. തയ്യാറാക്കി ഒരുമിച്ചു പോയി വിഷയം ജയയുടെ മേശയിൽ വയ്ക്കാം എന്ന് പറയുന്നു. അപ്പോയ്മെന്റ് എടുക്കുന്ന കാര്യം ഡാവിഡാർ ഏറ്റെടുക്കുന്നു. വിജയ് നോട്ട് തയ്യാറാക്കുന്നു. ഡാവീദാറിന് കൊടുക്കുന്നു. അഭിസംബോധന കണ്ട ഡാവിഡാർ ഞെട്ടുന്നു. 'ഹായ് ജയാ' എന്ന് തുടങ്ങുന്ന ആ കത്തിൽ അദ്ദേഹത്തിന് ദഹിക്കാവുന്ന ഒരു കാര്യം മാത്രമേ ഉണ്ടായിരുന്നുള്ളു. അത് ആ ടൂർണമെന്റിന്റെ പ്രാധാന്യവും എങ്ങിനെ അത് ഒരു ചെന്നൈ ബ്രാൻഡ് ആയി മാറാൻ കഴിയുമെന്നുള്ളതുമായിരുന്നു.

ഒരമേരിക്കൻ ഇൻഫോർമൽ ഭാഷയിൽ ഉള്ള ആ നോട്ട് ഈ രൂപത്തിൽ കൊടുക്കാൻ പറ്റുന്നതല്ല, സി. എം ഒറ്റ നോട്ടത്തിൽ തള്ളിക്കളയും, ഡാവിഡാർ പറഞ്ഞു. വിജയ് തർക്കിച്ചില്ല. 'നിങ്ങൾ നിങ്ങളുടെ രീതിയിൽ നോട്ട് തയ്യാറാക്കൂ, ഞാൻ ഒപ്പിടാം,' അദ്ദേഹം പറഞ്ഞു. ഡാവിഡാർ തനിക്കു സുപരിചിതമായ ബഹുമാന്യയായ മുഖ്യമന്ത്രി അവർകൾക്ക് തുടങ്ങി ആദ്യത്തെ രണ്ടു പാരഗ്രാഫിൽ അവരെ പുകഴ്ത്തുകയും അവർ തമിഴ് നാടിനു വേണ്ടി ചെയ്ത നല്ല കാര്യങ്ങളെ എണ്ണിയെണ്ണി പറയുകയും ചെയ്തു .പിന്നെ ചെന്നൈ ഓപ്പൺ എന്ന ആശയം വരികയും അത് കഴിഞ്ഞു താഴ്മയോടെ നോട്ട് അവസാനിപ്പിക്കുകയും ചെയ്തു. തന്റെ ജോലി ഭംഗിയായി നിർവഹിച്ചു എന്ന ചാരിതാർഥ്യത്തോടെ ഡാവിഡാർ വിജയിന് കടലാസു കൊടുത്തു ചിരിച്ചു. വായിച്ചു നോക്കാതെ തന്നെ വിജയ് ഒപ്പിടുകയും ചെയ്തു.

പറഞ്ഞുറപ്പിച്ച സമയത്തു വിജയും ഡാവിഡാറും മുഖ്യമന്ത്രിയുടെ ഓഫീസിൽ എത്തുന്നു. പുറത്തു സന്ദർകരുടെ കസേരകളിൽ ഇരിക്കുന്നു. താൻ എങ്ങിനെയാണ് ഇദ്ദേഹത്തെ മുഖ്യമന്ത്രിക്ക് പരിചയപ്പെടുത്തേണ്ടതെന്നു ഡാവിഡാർ മനസ്സിൽ പറഞ്ഞു ശീലിക്കുന്നു. അഞ്ചു മിനുട്ട് കഴിഞ്ഞു സാക്ഷാൽ ജയലളിത കയറി വരുന്നു. ഒന്ന് ചുറ്റും നോക്കിയപ്പോൾ തന്നെ വിജയിനെ കാണുന്നു. ഹായ് വിജയ് വരൂ എന്ന് പറയുന്നു. ഡാവിഡാർ ക്ലീൻ ബൗൾഡ്. മൂന്നു പേരും കൂടി അകത്തേക്ക് പോവുന്നു. കുശലങ്ങൾക്ക് ശേഷം വിജയിന്റെ കയ്യിലുള്ള കടലാസ് വാങ്ങുന്നു, വായിച്ചുപോലും നോക്കാതെ എന്ത് തുകയാണ് ചെലവ് വരിക എന്ന് ചോദിക്കുന്നു. സെക്രട്ടറിയെ വിളിച്ചു എഴുതി കൊടുക്കുന്നു.

ഒരു കാഴ്ചക്കാരനായി നിന്ന ഡാവിഡാർ പിന്നീടാണ് കണ്ടു പിടിച്ചത് അവർ മുൻപേ അതായത് ഡോൺ ബോസ്കോയിലെ ആദ്യ സ്കൂൾ പടികളിൽ മൂന്നാം അല്ലെങ്കിൽ നാലാം ക്ലാസ്സിൽ ഒന്നിച്ചു പഠിച്ചിട്ടുണ്ടായിരുന്നു എന്നും അന്നേ ജയലളിത ഒരു ടെന്നീസ് റാക്കറ്റുമായി കളിക്കുന്ന ഡ്രസ്സിൽ ഒരു ഫോട്ടോ പ്രചാരത്തിൽ ഉണ്ടായിരുന്നു എന്നുമുള്ള വസ്തുതകൾ. വാസ്തവത്തിൽ ഹായ് ജയാ എന്നെഴുതിയ നോട്ട് തന്നെ ധാരാളമായിരുന്നെന്നും എന്തിനു വെറെ അപേക്ഷയെന്നുമുള്ള ഒരു കുമ്പസാരത്തോടെയാണ് ഡാവിഡാർ വിവരണം അവസാനിപ്പിച്ചത്.

അടുത്ത അനുഭവവും ജയലളിതയെ സംബന്ധിക്കുന്നതാണ്. ഇത് കുറച്ചു കാലം കൂ

ടി മുൻപ്, കൃത്യമായിപ്പറഞ്ഞാൽ, അവരുടെ ആദ്യത്തെ ഭരണ കാലത്ത്, ഉണ്ടായ അനുഭവം. 1995-ൽ ഇന്ത്യ SAF ഗെയിംസിന് ആതിഥേയ ത്വം വഹിച്ചപ്പോൾ ചെന്നൈ ആണ് വേദി. ജയ മുഖ്യമന്ത്രിയും. ആ ഗെയിംസിന്റെ കൂട്ട ത്തിലാണ് ചെന്നൈയിൽ ഇന്നും ഏറ്റവും മി കച്ച സ്റ്റേഡിയങ്ങളായി തുടരുന്ന നാലോ അഞ്ചോ വലിയ കായിക സംരംഭങ്ങൾ വരുന്ന ത്. അതിനു പണം സമാഹരിച്ച രീതി വളരെ ലളിതമായിരുന്നു എന്ന് സ്പോർട്സ് വൃത്ത ങ്ങൾ പറയുന്നു.

തമിഴ്നാട്ടിലെ 50 പ്രമുഖ വ്യവസായികളെ ഒരു വിരുന്നിനു ക്ഷണിച്ച് മുഖ്യമന്ത്രി എല്ലാവരോ ടും രണ്ടു കോടി വീതം സാഫ് ഗെയിംസ് നടത്തിപ്പിന് വേണ്ടി കൊടുക്കുവാൻ പറയുന്നു. ആസ്തിയിൽ ആരാണ് കൂടുതൽ കേമൻമാർ എന്നൊന്നും നോക്കാതെയാണ് എല്ലാവരോടും സമമായി പങ്കിടാൻ പറയുന്നത്. നൂറു കോടി പത്തു നിമിഷത്തിൽ സമാഹരിക്കുന്നതോടെ 'സാഫ് ഈസ് സേഫ്'. പക്ഷെ ഇത് ഒരു ഉപ കഥ മാത്രം. അതിൽ മലയാളിയെ സംബന്ധി ക്കുന്ന ഒരു അനുഭവമുണ്ട്. അത് എന്നോട് വിവരിച്ചത് മുൻ തമിഴ്നാട് ഡി. ജി. പി. വാൾ ട്ടർ ദേവാരം ആണ്. ഒരു മുൻകാല കായിക താരവും അത്ലറ്റിക് അസോസിയേഷന്റെ തലപ്പത്തിരിക്കുന്ന വ്യക്തിയുമായ ദേവാരത്തി നു ജയയുടെ ഏറ്റവും അടുത്ത മൂന്നോ നാലോ ഉദ്യോഗസ്ഥന്മാരുടെ നിരയിൽ പ്രമുഖ സ്ഥാ നം ഉണ്ടായിരുന്നു. അദ്ദേഹമാണെങ്കിൽ അന്ന് വീരപ്പന്റെ പിറകെ തോക്കുമായി നടക്കുന്ന കാലവും. കൂട്ടത്തിൽ പറയട്ടെ ദേവാരത്തിന്റെ കുട്ടിക്കാലം മുന്നാറിലായിരുന്നെന്ന് എന്നോട് തന്നെയുള്ള ഒരു അഭിമുഖത്തിൽ പറഞ്ഞിട്ടുണ്ട്. തേയില തോട്ടത്തിൽ മാനേജർ ആയിരുന്നു അദ്ദേഹത്തിന്റെ അച്ഛൻ. അവിടെ ദീർഘദൂര ഓ ട്ടം നഗ്നപാദനായി പരിശീലിച്ച ഓർമ്മകളും അ ദ്ദേഹം വിവരിച്ചിട്ടുണ്ട്. സാഫ് ഓർഗനൈസിം ഗ് കമ്മിറ്റി ഉദ്ഘാടന ചടങ്ങിൽ ഇന്ത്യയുടെ പതാക ആര് പിടിച്ചു നയിക്കണമെന്ന ചർ ച്ചയിൽ തമിഴ്നാടിന്റെ ഇന്ത്യൻ ഫുട്ബോൾ താരമായ സബീർ പാഷയുടെ പേരാണ് തമിഴ്നാട്ടുകാർ നിർദ്ദേശിച്ചത്. പക്ഷെ ദേവാരം കണ്ട താരം ഷൈനി വിൽസൺ ആയിരുന്നു. ഇന്ത്യക്കു വേണ്ടി ഇതേ ഗെയിംസിൽ മുൻപ് തിളങ്ങിയ താരം എന്ന് മാത്രമല്ല ചെന്നൈയിൽ അത്ലറ്റിക്സിന് നല്ല സേവനം നൽകുകയും ചെയ്യുന്ന വ്യക്തി എന്നതും ഷൈനിയെ പിന്തു ണക്കുന്ന വസ്തുതകളായിരുന്നു.

ജയലളിത വിളിച്ചുകൂട്ടിയ ഒരു മീറ്റിംഗിൽ തമിഴ്നാട് ലോബി പാഷക്ക് വേണ്ടി മുറവിളി കൂട്ടുന്നു. എല്ലാം കേട്ട ശേഷം ജയ പറയുന്നു. 'നോക്കൂ ഇതൊരു അന്താരാഷ്ട്ര ടൂർണമെന്റ് ആണ്. ഇവിടെ തമിഴ്നാട് എന്നോ കേരളം എന്നോ നാം പറയരുത്. ഇവിടെ ഇന്ത്യ മാത്രമേ ഉള്ളു. അതുകൊണ്ട് ഷൈനി ആണ് പതാക പിടിക്കു ന്നത്.' പിന്നെയാരും ഒന്നും മിണ്ടിയില്ല എന്ന് ദേവാരം പറയുന്നു. ജയയുടെ വാക്കുകൾ വാ സ്തവത്തിൽ ദേവാരത്തിന്റേതായിരുന്നു എന്ന് പിടികിട്ടാൻ എനിക്ക് പ്രയാസമില്ലായിരുന്നു; കാ രണം പറഞ്ഞു പഠിപ്പിച്ച ഒരു സ്ക്രിപ്റ്റ് ആണ് ജയ മൂന്നു വാചകങ്ങളിൽ ആണിയടിച്ചു തറച്ചത്. ഉദ്ഘാടനത്തിന് മുൻപ് തന്നെ ജയ ദേവാരത്തെ വിളിച്ചു ഷൈനിക്ക് ഒരു പുതിയ മാരുതി 1000 കാർ (അന്നത്തെ മികച്ച കാർ ആയിരുന്നു അത്) ഉപഹാരമായി കൊടുക്കുന്നു എന്നും അതിന്റെ നിറം ഷൈനിയോടു ചോദിച്ചു പറയൂ എന്നും പറയുന്നു. അത് കേട്ടപ്പോൾ ഷൈനി തന്നെ ഞെട്ടിപ്പോയി. വെള്ളക്കാർ മതി എന്ന് പറയു കയും പിറ്റേ ദിവസം ആ കാർ ഷൈനിയുടെ വീട്ടിൽ എത്തുകയും ചെയ്തു എന്നും ദേവാ രം വെളിപ്പെടുത്തി.

ജയലളിതയെക്കുറിച്ചുള്ള ഇത്തരം കഥ കൾ ഇനിയുമുണ്ട്. എന്റെ ഒരു സുഹൃത്ത് ഒരു പബ്ലിക്റിലേഷൻ കമ്പനി നടത്തുന്ന ആളും പി ന്നെ എന്റെ അപാർട്മെന്റ് കോംപ്ലക്സിൽ താമസിച്ചിരുന്ന ഒരു ദന്തഡോക്ടറും എല്ലാം അവർക്കു ജയലളിതയുമായി ഇടപെട്ടതിന്റെ അനുഭവങ്ങൾ വിവരിച്ചിരുന്നു. പേടിയുടെയും ബഹുമാനത്തിന്റെയും ഒക്കെ രുചിയുള്ള അനുഭ വങ്ങൾ. സ്ഥലപരിമിതി കാരണം വിവരിക്കുന്നില്ല.

(തുടരും.....)

# വിഘ്നേശ്വര ക്ഷേത്രത്തിൽ പ്രതിഷ്ഠാദിനം



എറണാകുളം കരയോഗം വിഘ്നേശ്വരക്ഷേത്രത്തിലെ പ്രതിഷ്ഠാദിനം മെയ് മാസം 3-ാം തീയതി ശനിയാഴ്ച നടത്തുന്നു. രാവിലെ 5 മണിക്ക് അഷ്ടദ്രവ്യഗണപതിഹോമം ഉണ്ടായിരിക്കും. ഇതോടനുബന്ധിച്ച് എറണാകുളം ശിവക്ഷേത്രത്തിൽ ആയിരത്തൊന്നു കുടം ധാരയും, കരിക്കഭിഷേകവും വഴിപാടായി നടത്തുന്നതായിരിക്കും.

**എല്ലാ ഭക്തജനങ്ങളേയും സ്വാഗതം ചെയ്യുന്നു.**

---

## എറണാകുളം കരയോഗത്തോടൊപ്പം

# കുട്ടികൾ ഒഴിവുകാലം ആസ്വദിക്കട്ടെ...!

**എറണാകുളം കരയോഗം ടി.ഡി.എം. ഹാളിൽ**
**2025 മെയ് 7 മുതൽ 11 വരെ**

കുട്ടികളുടെ വേനലവധി വിജ്ഞാനവും, വിനോദവും ഇടകലർന്നാഘോഷിക്കാൻ ഞങ്ങൾ അവസരം ഒരുക്കുന്നു. യോഗ, ഭജൻ, സൂംബാ ഡാൻസ്, കരകൗശലവിദ്യകൾ, സാഹിത്യ പരിചയം, പ്രസംഗപരിശീലനം തുടങ്ങിയവയും രണ്ടു ദിവസം നാടകക്കളരിയും ഉണ്ടായിരിക്കും. മെയ് 7 മുതൽ 11 വരെ 5 ദിവസങ്ങളിലായി നടത്തപ്പെടുന്ന ഈ ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.

**Mrs. Shobha Gopakumar - 9895183511 / Mrs. Subha Vijayakumar - 9446357315**

| | | |
|---|---|---|
| പ്രായ പരിധി | - | 9 വയസ്സു മുതൽ 15 വയസ്സു വരെ (std 5 to std 10 ) |
| സമയം | - | രാവിലെ 9.30 am to 5 pm |
| രജിസ്ട്രേഷൻ ഫീസ് | - | 1000 രൂപ |

# പശ്ചിമഘട്ട മലനിരകളും വയനാട് ദുരന്തവും

എൻ. രാജശേഖരൻ - 9895550719

(തുടർച്ച...)

## പ്രതിവിധി

ഇനിയും മറ്റൊരു ദുരന്തം ആവർത്തിക്കാതിരിക്കാൻ ഭരണകൂടം പ്രതിജ്ഞാബദ്ധമാണ്.

**1)** പ്രകൃതിയുടെ പ്രത്യേകതകൾ, ഭൂവിഭാഗത്തിന്റെ കിടപ്പ് എന്നിവ മനസ്സിലാക്കിവേണം പ്രസ്തുത സ്ഥലം ജനവാസയോഗ്യമാണോ എന്ന് കണ്ടെത്താൻ. ആയതിന്, ആലോചിച്ച് വെറുതെ സമയം കളയേണ്ടതില്ല. മാധവ് ഗാഡ്ഗിൽ റിപ്പോർട്ടും, കസ്തുരിരംഗൻ റിപ്പോർട്ടും ഗവണ്മെന്റിന്റെ പക്കലുണ്ട് താനും. പ്രസ്തുത റിപ്പോർട്ടുകളിൽ ഒന്നാമത്തെ മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലങ്ങളെല്ലാം തന്നെ അതീവ പരിസ്ഥിതി ലോല മേഖലകളാണ്. ഇപ്പോൾ ദുരന്തത്തിൽപ്പെട്ട പ്രദേശങ്ങളെല്ലാം ഒന്നാമത്തെ മേഖലയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളാണ്.

**2)** ദുരന്തങ്ങൾ ഉണ്ടായാലുടൻ ജീവനും, സ്വത്തിനും പരമാവധി സംരക്ഷണം ലഭിക്കാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കണം. അതാണല്ലോ ഒരു ഗവണ്മെന്റ് അവിടുത്തെ ജനങ്ങളോട് ചെയ്യേണ്ട കടമ.

**3)** വയനാട്ടിലെപ്പോലെ അതീവ ചരിവുള്ള പരിസ്ഥിതിലോല പ്രദേശത്ത് താമസമാക്കിയവരെ ഉടൻ തന്നെ സുരക്ഷിത പ്രദേശത്തേക്ക് മാറ്റി താമസിപ്പിക്കണം.

**4)** ദുരന്തങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങൾ ഏതൊക്കെയെന്ന് നിർണ്ണയിച്ച് കഴിഞ്ഞിട്ടുണ്ട്. അവയെപ്പറ്റി ജനങ്ങൾക്കിടയിൽ ധാരണ ഉണ്ടാക്കണം.

**5)** കേരളത്തിൽ ജൂൺ 1-ാം തീയതി മുതൽ ആരംഭിക്കുന്ന മൺസൂൺ കാലയളവിന്, മുമ്പായി തന്നെ ജനങ്ങളെ അടിയന്തിരമായി ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

ഇവയെല്ലാം ഗവണ്മെന്റ് സ്വീകരിക്കേണ്ട മുൻകരുതലുകളാണ് . കൂടാതെ ഇന്ത്യയിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവക്ക് സാദ്ധ്യതയുള്ള പ്രദേശങ്ങളെപ്പറ്റി വിശദമാക്കുന്ന ഐ. എസ്. ആർ. ഒ (ISRO) യുടെ വിഭാഗമായ നാഷണൽ റിമോട്ട് സെൻസറിങ് സെന്റർ (NRSC) തയ്യാറാക്കിയ ലാൻഡ് സ്ലൈഡ് അറ്റ്ലസ് ഓഫ് ഇന്ത്യയിൽ എല്ലാ വിവരങ്ങളും വിശദമാക്കിയിട്ടുണ്ട്.

കേന്ദ്രകാലാവസ്ഥ നിരീക്ഷണ കേന്ദ്രം നൽകുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ അവഗണിക്കപ്പെടുകയാണ് ഉണ്ടായത്. ദുരന്തത്തിന് ഒരാഴ്ചക്ക് മുമ്പ് കേന്ദ്രഗവണ്മെന്റ് നൽകിയ മുന്നറിയിപ്പുകൾ പോലും തള്ളികളഞ്ഞു എന്നതാണ് യാഥാർത്ഥ്യം. സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായ അനാസ്ഥയും, ദുരന്തങ്ങളെ നിസ്സാരവൽക്കരിക്കുന്ന മനോഭാവവുമാണ് സാധാരണക്കാരായ ആയിരക്കണക്കിന് ജനങ്ങളുടെ അകാല മരണത്തിലും, തകർച്ചയിലും കൊണ്ടെത്തിച്ചത്. ഇപ്പോഴും നടക്കുന്ന തിരച്ചിലിൽ കണ്ടെത്തുന്ന അവയവങ്ങളും, ഇനിയും കണ്ടെത്താനുള്ള നിരവധി മൃതദേഹങ്ങളും, ചാലിയാർ പുഴയിലൂടെ ഒഴുകി നടന്ന നിരവധി ശവശരീരങ്ങളും ഇതു തന്നെയാണ് ഉറക്കെ പറയുന്നതും.

**വയനാട് - പ്രാദേശിക മുന്നറിയിപ്പുകൾ**

ആവർത്തിച്ചുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, പ്രാദേശിക ദുരന്ത മുന്നറിയിപ്പ് നൽകി ജനങ്ങളെ ജാഗ്രതയിലാക്കേണ്ടതുണ്ട്. ജനങ്ങളിൽ പാരിസ്ഥിതി സാക്ഷരത സൃഷ്ടിച്ചെടുക്കേണ്ടതാണ്. ഓരോ പ്രദേശത്തിനും താങ്ങാനാവുന്ന മഴയുടെ അളവ് നിശ്ചയിക്കാവുന്നതാണ്. ചരിവുകളി

ലെ മനുഷ്യരുടെ ഇടപെടലുകളാണ്, ഇങ്ങനെയുള്ള ദുരന്തങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്തുന്നത് എന്ന് മനസ്സിലാക്കണം. സുരക്ഷിതമായ താമസം ഉറപ്പുവരുത്തണമെങ്കിൽ നാം താമസിക്കുന്ന പ്രദേശത്തെപ്പറ്റി മനസ്സിലാക്കണം. ഇക്കാര്യത്തിൽ സർക്കാരിന് വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കാവുന്നതാണ്. ഇങ്ങനെയുള്ള അതീവ പരിസ്ഥിതി ലോലപ്രദേശങ്ങളിൽ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി നൽകുന്നത് തീർത്തും ഒഴിവാക്കേണ്ടതാണ്.

വയനാട്ടിലെ പല സ്ഥലങ്ങളിലും മരങ്ങൾ മുറിച്ചു മാറ്റിയതിനെത്തുടർന്നുണ്ടായവയാണ് ഈ സ്ഥലങ്ങളിൽ ആവാസവ്യവസ്ഥകൾക്കുണ്ടായിട്ടുള്ള ക്ഷതങ്ങൾ കണക്കാക്കേണ്ടതാണ്.

**മുന്നറിയിപ്പുകൾ അവഗണിക്കുന്ന ഭരണകൂടം**

ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിൽ വേണ്ട മുൻകരുതലുകൾ സ്വീകരിക്കാഞ്ഞതാണ് വലിയ ദുരന്തത്തിന് കാരണമായതെന്ന് ഹൈക്കോടതി നിയോഗിച്ച അമികസ്ക്യൂറി, ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

വയനാട്ടിൽ അഞ്ച് വർഷത്തേക്ക് കാലാവസ്ഥാവ്യതിയാനം ഉണ്ടാകുമെന്ന് 2019-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനിൽ വ്യക്തമായി തന്നെ പറഞ്ഞിരുന്നതാണ്. വയനാട്ടിലെ 29 വില്ലേജുകൾ പ്രശ്ന ബാധിത പ്രദേശങ്ങളാണെന്ന് റിപ്പോർട്ടിൽ പറയുന്നുണ്ട്. ഓറഞ്ച് ബുക്കിൽപ്പെട്ട പ്രദേശങ്ങളായിരുന്നിട്ടുകൂടി ശാസ്ത്രിയമായി മഴയുടെ തോത് കണ്ടെത്താനോ, ജനങ്ങളെ മാറ്റി താമസിപ്പിക്കാനുള്ള യാതൊരു മുൻകരുതലുകളും സ്വീകരിക്കാഞ്ഞതിനാലാണ് ഇത്രയും വലിയ ദുരന്തമുണ്ടായതെന്ന് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

**ഐസർ മൊഹിലിയുടെ പഠന റിപ്പോർട്ട്**

മഴ, ഇനിയും ശക്തമായാൽ മുണ്ടക്കൈയിൽ വീണ്ടും ഉരുൾപൊട്ടലുണ്ടാകുമെന്ന ഐസർ മൊഹിലിയുടെ പഠന റിപ്പോർട്ടിൽ സുവ്യക്തമായി തന്നെ പറയുന്നുണ്ട്. പ്രഭവ കേന്ദ്രത്തിലെ അവശിഷ്ടങ്ങൾ താഴേക്ക് കുത്തിയൊലിക്കാൻ വളരെ സാധ്യത ഇനിയും ഉണ്ട്. മണ്ണ് ഉറക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

ആസന്നമായ അതിശക്തമായി പെയ്താൽ, ഇപ്പോൾ തന്നെ ഇളകിനിൽക്കുന്ന പാ റകൾ, മണ്ണ് എന്നിവ കുത്തിയൊലിക്കുന്നതാണ്. പുഞ്ചിരി മട്ടത്തിനോട് ചേർന്ന് പുതിയതായി ഉണ്ടായ പറയിടുക്കിൽ തങ്ങി, ഡാമിങ് ഇഫക്ട് ഉണ്ടാകാനുള്ള വലിയ സാധ്യതയുണ്ട്. മഴ വീണ്ടും കനത്താൽ മറ്റൊരു ഉരുൾപൊട്ടലാണ് ഉണ്ടാകുക, എന്നും പഠന റിപ്പോർട്ടിൽ പറയുന്നുണ്ട്. മുണ്ടക്കൈ, ചുരൽമല എന്നിവിടങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിന്റെ പ്രഹരശേഷി കൂട്ടിയത് ഡാമിങ് ഇഫക്ട് അഥവാ അണക്കെട്ട് പ്രതിഭാസം കൊണ്ടാണെന്ന് പറഞ്ഞുവല്ലോ? ഒലിച്ചിറങ്ങിയ കല്ലും, മണ്ണും, ചെളിയും, മരവും, പറയും വഴിയിൽ അടിഞ്ഞുകൂടി, വീണ്ടും പൊട്ടി ഒലിച്ചിറങ്ങുന്നതിനെയാണ് ഡാമിങ് ഇഫക്ട് എന്ന് പറയുന്നത്. ഉടൻ തന്നെ എത്താൻ പോകുന്ന മഴയത്ത് വീണ്ടും പെരുമഴ പെയ്താൽ ഇതെല്ലാം ഒരിക്കൽക്കൂടി സംഭവിക്കുക തന്നെ ചെയ്യും.

അതിനാൽ, അലസത കൈവെടിഞ്ഞ് എത്രയും വേഗം മുൻകരുതലുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ പ്രാവശ്യം ഉരുൾപൊട്ടൽ ഉണ്ടായ അതെ സ്ഥലത്തുതന്നെ, ശക്തമായ മഴമൂലം മണ്ണിടിച്ചിൽ ഉണ്ടായിരുന്നു എന്നതിനാൽ ഐസീർ മൊഹിലിയുടെ റിപ്പോർട്ടിന് പ്രത്യേക പ്രാധാന്യം കല്പിച്ചു അനന്തരനടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതുണ്ട്.

**വയനാട്ടിൽ ആധുനിക റഡാർ സംവിധാനം**

വയനാട്ടിൽ പത്ത്മിനിട്ടുകൾ കൂടുമ്പോൾ മഴയുടെ തീവ്രത അറിയാനുള്ള അത്യാധുനിക റഡാർ സംവിധാനം സ്ഥാപിക്കാനുള്ള ശ്രമം ആരംഭിച്ചു കഴിഞ്ഞു. ഈ റഡാർ സംവിധാനം കോഴിക്കോട് സ്ഥാപിക്കാനായിരുന്നു തീരുമാനമെങ്കിലും, വയനാട്ടിൽ മഴ കൃത്യമായി അളക്കേണ്ട ആവശ്യകത വളരെ

വർദ്ധിച്ചിരിക്കുന്നതിനാൽ, വയനാട്ടിൽ സ്ഥാപി ക്കാൻ തീരുമാനിക്കുകയായിരുന്നു. കേന്ദ്ര ഗവണ്മെന്റിന്റെ കാലാവസ്ഥാനിരീക്ഷണ കേന്ദ്ര മാണ് റഡാർ സംവിധാനം സ്ഥാപിക്കുന്നത്.

150 കിലോമീറ്റർ വരെ പരിധിയിൽ സിഗ്നൽ ലഭിക്കുവാൻ ശേഷിയുള്ള എസ്സ്. ബാൻഡ് റഡാർ ആണ് സ്ഥാപിക്കുന്നത്. ഓരോ പത്തുമി നിറ്റിലും പ്രവചനം നടത്തുന്നതിന് ഈ ഉപകര ണത്തിന് കഴിയുന്നതാണ്. റഡാറിന് മേഘത്തിലെ ജലകണങ്ങളെ കണ്ടെത്താൻ കഴിയുന്നതാണ്. മഴ മേഘങ്ങളുടെ ചലനം മനസ്സിലാക്കി, കൂടു തൽ മഴ പെയ്യുന്ന മേഘങ്ങൾ എവിടേക്കാണ് നീങ്ങുന്നതെന്ന് കണ്ടെത്താൻ ഇവയ്ക്കു കഴിയും.

ഇപ്പോൾ തന്നെ വയനാട്ടിൽ ആറ് ഓട്ടോമാ റ്റിക് വെതർ സ്റ്റേഷനുകളും, ഹ്യൂം സെന്ററിന്റെ 200 മഴമാപിനികളും പല ഭാഗത്തായി സ്ഥാപി ച്ചിട്ടുണ്ട്. എന്നാൽ, അവയ്ക്ക് ഓരോദിവസത്തെ അളവുകൾ മാത്രമേ നൽകാൻ കഴിയുകയുള്ളു. പുതിയ റഡാർ സ്ഥാപിക്കപ്പെടുന്നതോടെ, മേഘങ്ങൾ രൂപപ്പെടുന്നത് മുൻകൂട്ടി കാണാൻ കഴിയുന്നതിനാൽ മേഘ വിസ്ഫോടനത്തി നുള്ള സാദ്ധ്യതകൾ മുൻകൂട്ടി അറിയുവാൻ കഴി യുന്നതാണ്. ഭൂമിക്കടിയിൽ നിന്ന് മുഴക്കവും, വിറയലും അനുഭവപ്പെടുന്നതും ഉരുൾപൊ ട്ടൽ, മണ്ണിടിച്ചിൽ എന്നിവക്ക് സാദ്ധ്യതയും ഉണ്ടെന്ന വാർത്തകൾ കോഴിക്കോട് ജില്ലയെ ആശങ്കയിലാഴ്ത്തുന്നു. കോഴിക്കോട് ജില്ലയിൽ 21 വില്ലേജുകളിലെ 71 പ്രദേശങ്ങളിൽ ഉരുൾപൊ ട്ടൽ സാദ്ധ്യതയുണ്ടെന്ന് നാഷണൽ കൗൺസിൽ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ (NCESS) പഠനം പറയുന്നുണ്ട്.

(തുടരും...)

******

അച്ഛന്റെ ഹസ്ത പദ്മത്തിനു മധുകരമായ്
നിന്നു പോവാൻ മുതിർന്നൂ
തൽക്കാലേ മുഷ്ക്കു തേടീടിന കനകകവാ
ടങ്ങൾ താനേ തുറന്നൂ
ചക്രീശൻ ഛത്രമാർന്നൂ നിറപുഴയുമുഴ
റ്റോടു നിർ വാങ്ങി നിന്നൂ
ചിക്കെന്നമ്പാടീ ചേർന്നൂ ജനകനവിടെയ
ക്കന്യയെ ക്കൊണ്ടു പോന്നൂ.

*പൂന്താനം. ശ്രകൃഷ്ണകർണ്ണാമൃതം*

ശ്രീകൃഷ്ണാവതാരത്തെ തുടർന്നുണ്ടായ സംഭവങ്ങൾ

ഭഗവാൻ അച്ഛന്റെ കയ്യാകുന്ന താമരപ്പൂവിൽ ഒരു വണ്ടായി ഇരുന്നുപോവാൻ തയ്യാറായി. (വണ്ട് എന്നത് ഉണ്ണിയുടെ നിറത്തെയും തീരെ ചെറിയ കുഞ്ഞായി ഇരുന്ന തിനെയും സൂചിപ്പിക്കുന്നു.) കാരാഗൃഹത്തിന്റെ കരുത്തൻ കവാടങ്ങൾ താനെ തുറന്നു. അനന്തന് തന്റെ ഫണസമൂഹം കൊണ്ടു കുടപിടിച്ചു. നിറഞ്ഞൊഴുകിയിരുന്ന യമുനാ നദി വേഗത്തിൽ വെള്ളം മാറ്റി നിന്നു. അച്ഛനും മകനും വേഗം അമ്പാടിയിലെത്തി. (ഉണ്ണി യെ നന്ദഗോപന്റെ കയ്യിൽ കൊടുത്തിട്ട് അദ്ദേഹത്തിന്റെ കയ്യിൽ നിന്ന്) പെൺകുഞ്ഞിനെ വാങ്ങി അച്ഛൻ തിരിച്ചു പോന്നു.

# *ദൃഗ് ദൃശ്യ വിവേകം* (*23*)

സി. നാരായണൻ – 9819456012

ദേഹാഭിമാനേ ഗലിതേ
വിജ്ഞാതേ പരമാത്മനി
യത്ര യത്ര മനോ യാതി
തത്ര തത്ര സമാധയഃ (30)

ദേഹാഭിമാനേ ഗലിതേ =
ശരീരമാണ് ഞാനെന്ന ഭ്രാന്തിയുടെ നഷ്ടത്തിൽ
പരമാത്മനി വിജ്ഞാതേ =
ആത്മസത്യത്തിന്റെ സാക്ഷാത്ക്കാരത്തിൽ
യത്ര യത്ര = എവിടെയെല്ലാം
മനഃ യാതി = മനസ്സ് സഞ്ചരിക്കുന്നുവോ
തത്ര തത്ര = അവിടെയെല്ലാം
സമാധയഃ (ഭവതി) = സമാധി പ്രാപിക്കുന്നു.

(ദേഹാഭിമാനം നശിച്ച്, നിശ്ചയരൂപത്തിൽ ആത്മസാക്ഷാത്ക്കാരം ലഭിച്ചുകഴിഞ്ഞാൽ, പിന്നീട് മനസ്സവിടെയൊക്കെപ്പോയാലും അതു സമാധിയിൽ നിന്നു വ്യതിചലിക്കുന്നില്ല.)

ഈ ശ്ലോകത്തോടെ ആചാര്യൻ, ഒന്നാമത്തെ ശ്ലോകത്തിൽ തുടങ്ങിവെച്ച, യഥാർത്ഥത്തിലുള്ള 'ഞാൻ' ആരാണെന്ന ആത്മാന്വേഷണം സഫലതയോടെ ഉപസംഹരിക്കയാണ്.

ആത്മാന്വേഷണമാണല്ലോ പ്രമേയം. പ്രായോഗികതലത്തിൽ ആത്മാന്വേഷണമെന്നാൽ, അനുനിമിഷം സ്വയം വെളിപ്പെട്ടുകൊണ്ടിരിക്കുന്ന ആത്മത്ത്വത്തെ, അതിൽ അധ്യസിക്കപ്പെട്ടിട്ടുള്ള അനാത്മതത്ത്വങ്ങളിൽ നിന്ന് വേർതിരിച്ചറിയലാണ്. ആത്മാവ് സ്വയംജ്യോതിയാണ്. 'ഞാൻ' എന്ന രൂപത്തിൽ പ്രകാശിക്കുന്ന അതിനെ എല്ലാവരും എല്ലായ്പ്പോളും അറിയുന്നുണ്ട്. എന്നാൽ തെറ്റായിട്ടാണറിയുന്നതെന്നു മാത്രം. അതായത് ഞാൻ എന്നെത്തന്നെ ശരിയായ രൂപത്തിലല്ല, മറിച്ച് അനാത്മതത്ത്വങ്ങൾ അധ്യസിക്കപ്പെട്ട നിലയിലാണ് അറിയുന്നത്. യഥാർത്ഥ ആത്മജ്ഞാനത്തിന്, ആത്മാവിൽ ആരോപിക്കപ്പെട്ടിട്ടുള്ള അനാത്മതത്ത്വങ്ങളെ നീക്കിക്കളയണം. അങ്ങനെയുള്ള വേർതിരിച്ചറിയലാണ് പഞ്ചകോശവിവേകം, ശരീരത്രയവിവേകം, അവസ്ഥാത്രയവിവേകം എന്നിവയിലൂടെ ഉപനിഷത്തുകളിൽ ചെയ്തിട്ടുള്ളത്.

ഇതിൽ ആദ്യം പറയപ്പെട്ട പഞ്ചകോശവിവേകം, തൈത്തിരീയോപനിഷത്തിൽ വിശദമായി വിവരിക്കപ്പെട്ടിട്ടുണ്ട്. അജ്ഞാനദശയിൽ നാം ആത്മാവിനെ അറിയുന്നത് പഞ്ചകോശങ്ങളോടൊപ്പമാണ്. മറ്റൊരു തരത്തിൽ പറഞ്ഞാൽ ആത്മസ്വരൂപം, പഞ്ചകോശങ്ങളാൽ മറയപ്പെട്ടിരിക്കയാണ്. അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം എന്നിവയാണാ അഞ്ചു കോശങ്ങൾ അഥവാ ഉറകൾ. ഒരു വാൾ ഉറയിൽ ഇട്ടിരിക്കുന്ന പോലെയാണ് ആത്മാവ് ഈ കോശങ്ങളാൽ മുടപ്പെട്ടിരിക്കുന്നതെന്നാണ് അലങ്കാരം. പക്ഷേ ഇത് അക്ഷരാർത്ഥത്തിലെടുക്കരുത്. സർവ്വവ്യാപിയായ ആത്മാവിനെ അങ്ങനെ മൂടാനൊന്നുമാവില്ല. വാളിന്റെ ഉറ ഒരു യോദ്ധാവ് അരയിൽ ധരിക്കുമ്പോൾ അതിൽ വാളുണ്ടെന്നുറപ്പിക്കാമല്ലോ. അതുപോലെ ഓരോ കോശവും ആത്മാവിനു പാധിയാണ്. പക്ഷേ നാം അവയോരോന്നിനേയും ആത്മാവായെടുക്കുന്നു. അങ്ങനെ നാം ഉണർന്നിരിക്കുന്ന അവസരത്തിൽ സ്ഥൂലശരീരത്തെ ഞാനെന്നെടുക്കുന്നു. പക്ഷേ അച്ഛനമ്മമാർ കഴിച്ച അന്നത്തിൽ നിന്നുണ്ടായി, നാം കഴിക്കുന്ന അന്നത്താൽ നിലനിന്നു പോരുന്ന, തികച്ചും ജഡമായ ഈ ശരീരം ആത്മാവല്ലെന്നു സ്പഷ്ടമാണ്.

അടുത്തതായി പ്രാണമയകോശം. ക്ഷീണം, വിശപ്പ്, രോഗം എന്നിവ അനുഭവപ്പെടുമ്പോൾ അവയെല്ലാം തന്റേതാണെന്ന് നാം കരുതാറു

ണ്ടല്ലോ. അത് പ്രാണനെ താനായി കാണുന്നതു കൊണ്ടാണ്. ആത്മലക്ഷണങ്ങളായ ചൈതന്യം, നിത്യത്വം എന്നിവയൊന്നും പ്രാണന്മാർക്കില്ല. അതിനാൽ പ്രാണനും ആത്മാവല്ല.

അടുത്തതായി മനോമയകോശത്തെയെടുക്കുന്നു. ഓരോ കോശമെടുക്കുമ്പോളും 'അന്യോന്തര ആത്മാ' എന്നു ഉപനിഷത്തതിനെ വിശേഷിപ്പിക്കും. അതായത്, അത് ഇതിനു മുൻപ് പറഞ്ഞ കോശത്തിൽ നിന്നു ഭിന്നമായും ആന്തരമായും ഇരിക്കുന്നതെന്നു സാരം. ആത്മാവ് 'പ്രത്യക്ക്' അല്ലെങ്കിൽ ഏറ്റവും ഉള്ളിലുള്ളതാണ്. മനോമയകോശവും ആത്മാവാകാൻ വയ്യ. കാരണം, ആത്മാവിനില്ലാത്ത കാമാദി വികാരങ്ങളും ചഞ്ചലത്വാദി ദൗർബ്ബല്യങ്ങളും മനസ്സിനുണ്ട്.

മനോമയത്തിൽ നിന്നു ഭിന്നവും അതിനേക്കാൾ ആന്തരവുമായ വിജ്ഞാനമയകോശവും ആത്മാവല്ലെന്നു ഉപനിഷത്തു പറയുന്നു. അതിനും ആത്മാവിനില്ലാത്ത ഉദയാസ്തമനങ്ങളുണ്ട്.

വിജ്ഞാനമയത്തിനും ആന്തരമായ ആനന്ദമയവും ആത്മാവല്ല. കാരണം അതു പ്രകാശിക്കുന്നത് ചിലപ്പോൾ മാത്രമാണ്. ആത്മാവ് അനസ്യൂതം പ്രകാശിക്കുന്ന തത്ത്വമാണ്.

ഇപ്പോൾ സ്വാഭാവികമായും ഒരു ചോദ്യമുദിക്കാം. ശരീരം മുതൽ ആനന്ദമയകോശം വരെയാണല്ലോ നമ്മുടെ അറിവിന്റെ വ്യാപ്തി. ഇവയൊന്നും ആത്മാവല്ലെങ്കിൽ, ആത്മാവെന്ന ഒന്നില്ലെന്നല്ലേ അതിന്റെയർത്ഥം? വളരെ ശക്തമെന്നു തോന്നപ്പെടുന്ന ഒരു പൂർവ്വപക്ഷമാണിത്. ബുദ്ധമതക്കാരും പല ആധുനികശാസ്ത്രജ്ഞന്മാരും ചോദിക്കുന്ന ചോദ്യമാണിത്.

പക്ഷേ സ്വന്തം അനുഭവങ്ങളെ കണക്കിലെടുക്കാതെയാണ് അവരുടെയീ ചോദ്യം. ശരീരധർമ്മങ്ങൾ മുതൽ നിദ്രാനന്ദം വരെ എല്ലാം അറിയപ്പെടുന്നുണ്ടെന്നും, അവ കൂടാതെ മറ്റൊന്നും അറിയപ്പെടുന്നില്ലെന്നതും വാസ്തവം തന്നെ. പക്ഷേ, യാതൊന്നാണോ , ഈ പറയപ്പെട്ട ശാരീരികമായ സുഖദുഃഖങ്ങളേയും, മനോവികാരങ്ങളേയും ബുദ്ധിയിലെ തീരുമാനങ്ങളേയുമൊക്കെ അറിയുന്നത്, ആ തത്ത്വം അവയിൽ നിന്നെല്ലാം വേറിട്ട ഒരു സ്വതന്ത്രതത്ത്വമാകാതെ വയ്യല്ലോ. അറിയപ്പെടുന്ന തത്വങ്ങൾക്കു മാത്രമേ അസ്തിത്വമുള്ളൂ, അറിയുന്ന തത്ത്വത്തിന് അസ്തിത്വമില്ല എന്നു പറയുന്നതിനേക്കാൾ ബാലിശമായി മറ്റെന്തുണ്ട്? വിദ്യാരണ്യമുനി ഇതിനെ ഇങ്ങനെ വിശദീകരിക്കുന്നു, ആത്മാവിനെ നാമറിയാത്തത് ആത്മാവില്ലാത്തതുകൊണ്ടല്ല, മറിച്ച് ആത്മാവിനെ അറിയാൻ മറ്റൊരു തത്ത്വമില്ലാത്തതു കൊണ്ടാണ്. അറിയുക എന്നത് ചൈതന്യരൂപമായ ആത്മാവിന്റെ മാത്രം ധർമ്മമാണ്. അതുകൊണ്ട് ആത്മാവ് ഒരിക്കലും ഒരു വിഷയമായി അറിയപ്പെടുന്നില്ല. ഒരു വസ്തു അതിനു തന്നെ വിഷയമാവില്ലല്ലോ. പക്ഷേ, ചില വിചിത്ര ചിന്താഗതിക്കാർ, അറിയപ്പെടാത്തതോ അറിയപ്പെടാൻ യോഗ്യമല്ലാത്തതോ ആയ ഒന്നിനും അസ്തിത്വമേയില്ലെന്നു വാദിക്കുന്നു. സ്വാമി വിവേകാനന്ദൻ പറയാറുണ്ട്, ആത്മാവ് അറിയപ്പെടുന്ന ഒന്നല്ല, പക്ഷേ, അറിയപ്പെടുന്നതിനേക്കാളും ഉപരിയായ സത്യമാണെന്ന്.

ഇതേ ആശയം മുണ്ഡകോപനിഷത്തിലും ഇങ്ങനെ പ്രസ്താവിക്കപ്പെടുന്നുണ്ട്

'ഹിരണ്മയേ പരേ കോശേ
വിരജം ബ്രഹ്മ നിഷ്കലം
തത്ശുഭ്രം ജ്യോതിഷാം
ജ്യോതി: തദ്യാത്മവിദോ വിദുഃ'

(ആത്മജ്ഞാനികൾ, നിർമ്മലവും, നിരവയവവും, ശുദ്ധവും, എല്ലാ വെളിച്ചങ്ങൾക്കും വെളിച്ചമായ ബ്രഹ്മത്തെ, അന്തഃകരണത്തിൽ ശോഭിക്കുന്നതായറിയുന്നു) ആത്മാവിന്റെ സത് എന്ന ഭാവം എല്ലാത്തിലും, 'ഉണ്ട്' എന്ന നിലയിൽ പ്രകടമാണ്. നാം ' ആന ഉണ്ട്', 'വൃക്ഷം ഉണ്ട', 'മാളിക ഉണ്ട' എന്നിങ്ങനെയാണല്ലോ ജഗത്തിനെ അറിയുന്നത്. എന്നാൽ ബ്രഹ്മത്തിന്റെ ചിത് ഭാവം എല്ലാത്തിലും പ്രകട

മാവുന്നില്ല , അത് അന്തഃകരണത്തിൽ മാത്രമേ പ്രകടമാവുന്നുള്ളൂ. ഇവിടെ അന്തഃകരണത്തെ ആന്തരമായ ഒരു കോശമായാണ് പറയുന്നത്. തൈത്തീരിയത്തിൽ പറഞ്ഞ മനോമയകോശവും, വിജ്ഞാനമയകോശവും കൂടിയതാണ് അന്തഃകരണമായി ഇവിടെ പറയപ്പെട്ടിട്ടുള്ളത്. ബ്രഹ്മചൈതന്യം അന്തഃകരണത്തിൽ ശോഭിക്കുമ്പോൾ, അന്തഃകരണം സ്വയം വെളിപ്പെടുകയാണെന്ന ഭ്രാന്തി നമുക്കുണ്ടാവുന്നു. സത്യത്തിൽ, സ്വയം ഉള്ളതും സ്വയം വെളിപ്പെടുന്നതും ആയ തത്ത്വം ബ്രഹ്മം മാത്രമാണ്. പക്ഷേ അന്തഃകരണത്തെ അറിയുമ്പോൾ അതു ബ്രഹ്മത്തിന്റെ ധർമ്മങ്ങളായ ഉണ്മയും അറിവും അതിൽ പ്രതിഫലിപ്പിക്കുന്നതിനാൽ അതൊരു സ്വതന്ത്ര തത്ത്വമായി നാമെടുക്കുന്നു. ഏതൊരു പ്രകാശത്തിലാണോ അന്തഃകരണം വിളങ്ങുന്നത്, അതിനെയൊട്ടു അറിയുന്നതുമില്ല. അതാണ് മായയുടെ വൈഭവം

പഞ്ചകോശ വിവേകത്തിൽ നിന്ന് വളരെ വ്യത്യസ്തമല്ല, ശരീരത്രയ വിവേകം. അതിൽ അന്നമയകോശത്തെ സ്ഥൂലശരീരമായും, പ്രാണമയകോശം, മനോമയകോശം, വിജ്ഞാനമയകോശം എന്നീ മൂന്നിനെ സൂക്ഷ്മശരീരമായും, ആനന്ദമയകോശത്തെ കാരണശരീരമായും എടുക്കുന്നു. എന്നിട്ട് ആത്മാവിനെ ഈ ശരീരത്രയത്തിൽ നിന്ന് വേറയാണെന്നറിയാൻ ഉപദേശിക്കുന്നു

മറ്റൊരു പ്രസിദ്ധമായ മാർഗ്ഗം അവസ്ഥാത്രയ വിവേകമാണ്. മാണ്ഡൂക്യോപനിഷത്ത് ഇതിനെ മുൻ നിർത്തിയുള്ളതാണ്. അതിൽ , മാറി മാറി നാം അനുഭവിക്കുന്ന ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ അവസ്ഥകളെ ആത്മാവിന്റെ പാദങ്ങളായാണ് വിവരിച്ചിട്ടുള്ളത്. ആ മൂന്നവസ്ഥകളെ ആത്മാവിന്റെ അസത്യങ്ങളായ മൂന്നു പാദങ്ങളായും നാലാമത്തെ പാദമായ തുരീയത്തെ സത്യവും ശിവവുമായ തത്ത്വമായും പ്രസ്താവിക്കുന്നു. ശ്രീ ഗൗഡപാദാചാര്യർ മാണ്ഡൂക്യോപനിഷത്തിനെ വിശദീകരിക്കാനായി നാലു പ്രകരണങ്ങളിലായി കാരിക രചിച്ചിട്ടുണ്ട്. അതിലദ്ദേഹം ആദ്യത്തെ മൂന്നു പാദങ്ങളും മിത്ഥ്യയാണെന്ന് യുക്തി, ശ്രുതി എന്നിവയെ മുൻനിർത്തി സ്ഥാപിക്കുന്നുണ്ട്. സ്വപ് നം എക്കാരണങ്ങളാൽ സത്യമല്ലയോ, അതേ കാരണങ്ങൾ ജാഗ്രത്തിനും ബാധകമാണദ്ദേഹം സ്ഥാപിക്കുന്നു. ആദ്യത്തിലും അവസാനത്തിലും ഇല്ലാതെ, മദ്ധ്യത്തിൽ മാത്രം ഉള്ളതായ വസ്തു, ശരിക്കും ഇല്ലാത്ത, വെറും തോന്നൽ മാത്രമാണ്

'ആദാവന്തേ ച യന്നാസ്തി
വർത്തമാനേ പി തത്തഥാ'

(ആദ്യത്തിലും അവസാനത്തിലും ഇല്ലാത്തത്, മദ്ധ്യത്തിലും ഇല്ലാത്തതാണ്) നിദ്രയിൽ നിന്ന് ജാഗ്രത്തിലേക്കു പ്രവേശിക്കുന്നതിനു മുൻപ് ജാഗ്രതവസ്ഥ ഉള്ളതായിരുന്നില്ല. കുറച്ചു മണിക്കൂറുകൾക്കു ശേഷം സുഷുപ്തിയിലേക്ക് കടന്നാൽ ജാഗ്രത് ഇല്ലാത്തതായി തീരുന്നു. അങ്ങനെ ജാഗ്രദവസ്ഥ അതിന്റെ ഉത്ഭവത്തിന്റെയും നാശത്തിന്റെയും മദ്ധ്യത്തിൽ മാത്രം ഉള്ള ഒന്നാണ്. അത് യാഥാർത്ഥ്യമല്ല.

ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നീ അവസ്ഥകൾക്ക് ആത്മാവുമായി ബന്ധമൊന്നുമില്ല. അവ മനസ്സിന്റെ അവസ്ഥകളാണ്. മാറിക്കൊണ്ടിരിക്കുന്ന ആ അവസ്ഥകളെയറിയാൻ മാറ്റമില്ലാത്ത ഒരു തത്ത്വമുണ്ടായേ പറ്റൂ. അല്ലാത്ത പക്ഷം ഇന്നലെ ജാഗ്രത്തിൽ അനുഭവിച്ചത്, ഉറക്കത്തിനു ശേഷം ഇന്നു സ്മൃതിയിലുണ്ടാവില്ല. മുറിയാത്ത ആ ബോധത്തിനു പ്രത്യഭിജ്ഞ എന്നു പറയും

ശുദ്ധബോധമായ തുരീയമാണ് യഥാർത്ഥത്തിലുള്ള ഞാൻ. ജാഗ്രത്തിലുള്ള ഞാൻ, സ്വപ്നത്തിലും സുഷുപ്തിയിലും ഇല്ലാത്തതിനാൽ (ജാഗ്രത്തിലെ ഞാനല്ല സ്വപ്നത്തിലുള്ളതെന്നതിനു തെളിവ്, ജാഗ്രത്തിലെ ഞാൻ ആരോഗ്യവാനായിരിക്കുമ്പോൾ. സ്വപ്നത്തിലെ ഞാൻ രോഗത്താലവശനായിരിക്കാം. ഇവിടെ ഞാൻ എന്നു വിവക്ഷിക്കുന്നത് സത്യത്തിലുള്ള

ഞാനല്ല.) ആ ജാഗ്രത് സ്ഥാനീയനായ ഞാൻ, യാഥാർത്ഥ്യമായ തുരീയനിൽ ആരോപിതമാണ്. ചുരുക്കത്തിൽ, ജാഗ്രത്തും സ്വപ്നവും, സുഷുപ്തി എന്ന അവസ്ഥകളും, ആ അവസ്ഥകൾ തന്റേതെന്നഭിമാനിക്കുന്ന ജീവനും സത്യമല്ല. മാറിക്കൊണ്ടിരിക്കുന്ന ആ മൂന്നവസ്ഥകളോടും, അവയിലെ അഭിമാനികളോടും, ആ അവസ്ഥകളിലെ ലോകങ്ങളോടും യാതൊരു ബന്ധമില്ലാത്ത ശുദ്ധ ചിത്ചൈതന്യമാണ് യഥാർത്ഥത്തിലുള്ള ഞാൻ. ആ വസ്തുത വിവേകം കൊണ്ട് മാണ്ഡൂക്യം മുതലായ ശ്രുതിയുടെ സഹായത്താൽ മനസ്സിലാക്കണം

മേൽ പറഞ്ഞ പഞ്ചകോശവിവേകം , അവസ്ഥാത്രയവിവേകം എന്നിവ ഉന്നമാക്കുന്ന ആത്മാനാത്മ വിവേചനം തന്നെയാണ് ഈ ഗ്രന്ഥം വിവരിക്കുന്ന ദൃഗ് ദൃശ്യവിവേകത്തിന്റെയും ലക്ഷ്യം. പഞ്ചകോശവിവേകത്തിൽ പഞ്ചകോശങ്ങൾ അനാത്മാവും, ആ കോശങ്ങളിൽ സന്നിഹിതമായ പ്രത്യക് ചൈതന്യം ആത്മതത്ത്വവുമാണ്. അതു പോലെ, അവസ്ഥാത്രയവിവേകത്തിൽ, ജാഗ്രത്, സ്വപ്നം, സുഷുപ്തി എന്നിവ അനാത്മതത്ത്വങ്ങളും, അവക്കധിഷ്ഠാനമായ തുരീയം ആത്മതത്ത്വവുമാണ്.

ദൃഗ് ദൃശ്യവിവേകത്തിൽ ദൃഗ് ആത്മതത്ത്വമാണ്. ആ ദൃഗിനു ദൃശ്യമായ ജഗത്ത് അനാത്മാവുമാണ്. ഈ ഗ്രന്ഥത്തിൽ, ആത്മാവിനേയും അനാത്മാവിനേയും എങ്ങനെ വിവേചിക്കാമെന്നു ആചാര്യൻ ആദ്യത്തെ ശ്ലോകത്തിൽത്തന്നെ പറഞ്ഞു വെക്കുന്നുണ്ട്. എങ്ങനെയെന്നാൽ, നമ്മെ സംബന്ധിച്ച് , പരിപൂർണ്ണദൃശ്യപ്രപഞ്ചം അന്തഃകരണവൃത്തികളാണ്. ആ വീക്ഷണത്തോടെ നാം ഉള്ളിലേക്കു നോക്കുമ്പോൾ അവിടെ നമുക്ക് രണ്ടു തരത്തിലുള്ള സത്തകൾ വേദ്യമാകുന്നുണ്ട്. ഒന്നാമത്തേത് , മനോവൃത്തികൾ അഥവാ ചിന്തകൾ, രണ്ടാമത്തേത് ആ ചിന്തകളെ അറിയുന്ന സത്ത. വൃത്തികളും പ്രപഞ്ചവും ഒന്നു തന്നെ. വൃത്തികളെ അല്ലങ്കിൽ ചിന്തകളെ അവഗണിച്ചുകൊണ്ട്, ആ വൃത്തികൾ ഏതൊരു വെളിച്ചത്തിൽ പ്രകാശിതമാകുന്നുവോ ആ വെളിച്ചമാണ് വേദാന്തത്തിലെ യഥാർത്ഥത്തിലുള്ള ഞാൻ.

ഇത്രയും ലളിതമായ ഒരു കാര്യം നമുക്ക് മനസ്സിലാക്കാൻ സാധിക്കാത്തതിനു കാരണങ്ങളുണ്ട്. ഈ ഗ്രന്ഥത്തിൽ അതിശയകരമായ ലാളിത്യത്തോടെ ആ കാരണങ്ങളും അതിനുള്ള പ്രതിവിധിയും ആചാര്യൻ ക്രമത്തിൽ വിവരിക്കുന്നതു നമുക്കൊന്നു നോക്കാം

ഒന്നാമത്തെ ശ്ലോകത്തിൽ സാക്ഷി , ദൃഗ് തത്ത്വമാണെന്നു പറയുന്നു. അതു കൊണ്ട് അത് ചിത് ആണെന്നു വന്നു. ഒപ്പം തന്നെ നമ്മുടെ ജഗത്, മനോവൃത്തികളാണെന്നും അവ ജഡമാണെന്നും സൂചിപ്പിച്ചു. പിന്നീട് അന്തഃകരണത്തിൽ ചിത് തത്ത്വം പതിക്കുമ്പോൾ, ആ ചിത് ചൈതന്യം, ചിദാഭാസൻ എന്നൊരു സത്തയായി പരിണമിക്കയും, ആ ചിദാഭാസൻ അന്തഃകരണവുമായി ചേർന്ന് , കൃത്രിമമായൊരു ദൃഗ് ദൃശ്യ ദ്വൈതം സൃഷ്ടിക്കയും ചെയ്യുന്നുണ്ടെന്നു പറയുന്നു. അതായത്, അന്തഃകരണത്തിലെ അഹങ്കാരതത്ത്വം ചിദാഭാസനോടു ചേർന്ന് കൃത്രിമമായ ദൃഗ് തത്ത്വമായി അവതരിക്കയും, ആ തത്ത്വം മനസ്സിലെ തന്നെ മറ്റു വൃത്തികളെ ദൃശ്യങ്ങളായി കാണുകയും ചെയ്യുന്നു. അതായത് വെറും ദൃശ്യമായ അഹങ്കാരം, ദൃഗ് ആണെന്നു നാം ഭ്രമിക്കുന്നു. എന്നാൽ സത്യത്തിലുള്ള ദൃഗിനെയൊട്ടറിയുന്നുമില്ല. അങ്ങനെ കൃത്രിമമായി പ്രകടമായ, സചേതനമായ അഹങ്കാരം സ്ഥൂലശരീരത്തേയും കൂടെ കൂട്ടുന്നു. അങ്ങനെ അതിനു ജ്ഞാതാവ്, കർത്താവ്, ഭോക്താവ് എന്നീ വ്യക്തിത്വങ്ങളും കിട്ടുന്നു. ഈ വ്യക്തിത്വത്തെയാണ് സംസാരി എന്നു വിളിക്കുന്നത്. സംസാരിക്കു സ്വാതന്ത്ര്യമില്ലെന്നു പ്രസിദ്ധമാണല്ലോ. ഈ സംസാരിത്വത്തിൽ നിന്നുള്ള മോചനത്തെയാണ് മോക്ഷം എന്നു വിളിക്കുന്നത്.

അഹങ്കാരവും ചിദാഭാസനും ഒന്നിച്ചാണു നിൽക്കുക. അതയാത് എപ്പോളൊക്കെ

➠

ഒന്നുണ്ടോ അപ്പോളെല്ലാം മറ്റേതുമുണ്ട്. അഹങ്കാരം അന്തഃകരണത്തിന്റെ ഭാഗമാണല്ലോ. പക്ഷേ ഈ രണ്ടിനും അധിഷ്ഠാനമായി സാക്ഷിചൈതന്യമുണ്ടാവാതെ വയ്യ. അങ്ങനെ വരുമ്പോൾ, സാക്ഷി ചൈതന്യം, അതിനെ അധിഷ്ഠാനമാക്കിയ സൂക്ഷ്മ ശരീരം, സൂക്ഷ്മ ശരീരത്തിലെ സാക്ഷി ചൈതന്യപ്രതിബിംബമായ ചിദാഭാസൻ, ഈ മൂന്നിന്റെയും സംഘാതമാണ് ജീവൻ. ഇവൻ കർമ്മഫലഭുക്തിക്കായി നാനാ യോനികളിൽ ശരീരമെടുത്തും വിട്ടും അലയുന്നു. ഈ സംഘാതത്തിൽ സത്യമായിട്ടുള്ളത് സാക്ഷിചൈതന്യം മാത്രമാണ്. ബാക്കി രണ്ടും മായാ കാര്യങ്ങളും, സാക്ഷി ചൈതന്യത്തിൽ അധ്യസ്തങ്ങളുമാണ്.

ഇത്രയും പറഞ്ഞ ശേഷം ആചാര്യൻ പതിനഞ്ചാമത്തെ ശ്ലോകത്തിൽ ജീവന്റെ ഈ ശോകകരമായ അവസ്ഥക്കുള്ള യഥാർത്ഥകാരണം ചൂണ്ടിക്കാട്ടുന്നു. അഹങ്കാരം, ചിദാഭാസനോടു ചേർന്ന് ഒരു വ്യാജ ദൃഗ്തത്ത്വമായി വിരാജിക്കുന്നുണ്ടെന്നു പറഞ്ഞല്ലോ. ഈ വ്യാജനും അസ്സലും തമ്മിലുള്ള ഭേദം തിരിച്ചറിയാൻ മായ അനുവദിക്കാത്തതാണ് നമ്മുടെ പ്രശ്നം

'അന്തർ ദൃഗ് ദൃശ്യയോർ ഭേദം ആവൃണ്യോപരാശക്തി' (ഉള്ളിൽ ദൃഗും ദൃശ്യവും തമ്മിലുള്ള ഭേദം മായാശക്തിയാൽ ആവൃതമാവുന്നു.) അതായത് മായ, സാക്ഷിചെതന്യത്തെ മറയ്ക്കുകയല്ല ചെയ്യുന്നത്. ബ്രഹ്മം തന്നെയായ സാക്ഷി ചൈതന്യത്തെ മറയ്ക്കാൻ ഒന്നിനും സാദ്ധ്യമല്ല. പക്ഷേ മായയ്ക്കു രണ്ടു തരത്തിൽ പ്രവർത്തിച്ചുകൊണ്ട് സാക്ഷി ചൈതന്യത്തെ മറ്റൊന്നായി കാണിക്കാനാവും. അങ്ങനെ മറ്റൊന്നായുള്ള കാണലാണ് നമ്മുടെ ഉള്ളിലെ 'ഞാൻ' എന്ന ജ്ഞാതാവും, പുറത്തുള്ള നാമാരൂപാത്മക ജഗത്തും. യഥാർത്ഥത്തിൽ രണ്ടും ബ്രഹ്മം തന്നെ. പക്ഷേ മായ ബ്രഹ്മത്തെ ഉള്ളിൽ ജ്ഞാതാവായും, പുറത്ത് നാമരൂപാത്മകമായ ജ്ഞേയവുമായും കാട്ടിത്തരുന്നു

ആത്മാവിനേയും അനാത്മവിനേയും തറയിൽ വിതറിയ പഞ്ചസാരയും മണൽത്തരികളും വേർതിരിക്കുന്നതു പോലെ വേർതിരിക്കണമെന്നു പറയാറുണ്ട്. അതെളുപ്പമാണ്. കാഴ്ച്ചയിൽ തന്നെ അവ രണ്ടും ഭിന്നമാണ്. സ്വർണ്ണവും ആഭരണവും തമ്മിൽ വേർ തിരിക്കുന്ന പോലെ അധിഷ്ഠാനമായ ആത്മാവിനേയും ആരോപിതമായ അനാത്മാവിനേയും വേർതിരിച്ചറിയണമെന്നാണ് മറ്റൊരു ഉദാഹരണം. അതും വലിയ വിഷമമുള്ള കാര്യമല്ല.

എന്നാൽ ആത്മചൈതന്യത്തേയും ജ്ഞാതാവിനേയും വേർതിരിക്കുക അത്യന്തം ദുഷ്ക്കരമായ ഒന്നാണ്. കാരണം, ഇതു ചെയ്യേണ്ടത് ജ്ഞാതാവു തന്നെയാണ്. അപ്പോൾ വേർതിരിച്ചറിയലിനു മറ്റൊരു മാനം കൈവരുന്നു. ജ്ഞാതാവ്, താൻ യഥാർത്ഥത്തിൽ ജ്ഞാതാവല്ല, സാക്ഷിയാണെന്നു തിരിച്ചറിയുകയാണു വേണ്ടത്.

ആത്മാവ്, അനാത്മാവ് എന്നീ രണ്ടു തത്ത്വങ്ങളുണ്ടെന്നു ലോകത്തിലെ എല്ലാ വിഭാഗക്കാരും സമ്മതിക്കുന്നുണ്ട്. പക്ഷേ അദ്വൈതസിദ്ധാന്തത്തിന്റെ പ്രത്യേകത, ആത്മാവ് അനാത്മാവ് എന്നീ രണ്ടു തത്ത്വങ്ങളിൽ യഥാർത്ഥത്തിലുള്ള അസ്തിത്വം ആത്മാവിനു മാത്രമേയുള്ളൂ എന്ന് അത് ആണയിടുന്നു എന്നതാണ്. അനാത്മതത്ത്വം അനുഭവപ്പെടുന്നുണ്ടെങ്കിലും അതിനു യഥാർത്ഥത്തിൽ അസ്തിത്വമില്ലെന്ന് അദ്വൈതം സ്ഥാപിക്കുന്നു. ആ പ്രസ്താവന നമ്മുടെ ജീവിതത്തെ എങ്ങനെ ബാധിക്കുമെന്നൊന്നാലോചിച്ചു നോക്കൂ. ഒറ്റയടിക്ക് നാം ഘോരമായ ആപത്തുകൾ നിറഞ്ഞ ഈ സംസാരസാഗരം തരണം ചെയ്യുന്നു. സ്വപ്നത്തിൽ നിന്നുണരുന്നതു പോലെയാണത്. ഇത് സംഭവിക്കേണ്ടത് ബുദ്ധിയിലാണ്.

അതിനു സഹായകമായി ശ്രുതി ആത്മാവിന്റെയും അനാത്മാവിന്റെയും ലക്ഷണങ്ങൾ പറയുന്നു. ഈ ഗ്രന്ഥത്തിലെ ഇരുപതാ

മത്തെയും സരസ്വതീരഹസ്യോപനിഷത്തിലെ അമ്പെത്തെട്ടാമത്തെയും ശ്ലോകവുമാണത്. അതിൽ പറയുന്നു, അസ്തി (ഉണ്ട്), ഭാതി (പ്രകാശിക്കുന്നു) പ്രിയം (ഇഷ്ടപ്പെടുന്നത്) എന്നിവയാണ് ബ്രഹ്മലക്ഷണങ്ങളെന്ന്. ജഗത് അല്ലെങ്കിൽ അനാത്മാവിന്റെ ലക്ഷണങ്ങൾ വെറും നാമരൂപങ്ങളാണ്.

ആത്മാവെന്നാലെന്ത്, അല്ലെങ്കിൽ ശരിയായ 'ഞാൻ ആര്'? എന്നാണല്ലോ നമ്മുടെ അന്വേഷണം. മുൻപു പറഞ്ഞ ആത്മാവിന്റെ ലക്ഷണങ്ങൾ വെച്ചും നാം നമ്മുടെ ഉള്ളിലേക്കു നോക്കിയാൽ, അവിടെ 'ഞാനറിയുന്നു' എന്ന് രൂപത്തിൽ എന്തെങ്കിലും ഒരു വിഷയം ഉണ്ടായിരിക്കും. അതിലെ അറിയുന്ന 'ഞാനും' അറിയപ്പെടുന്ന വിഷയവും രണ്ടും വ്യാവഹാരിക സത്തകൾ മാത്രമാണ്. അതായത് ജ്ഞാതാവും, ജ്ഞേയവും മിത്ഥ്യാസത്തകളാണ്. പക്ഷേ, എല്ലാ വ്യവഹാരിക സത്തകൾക്കും അധിഷ്ഠാനമായി പാരമാർത്ഥികസത്ത ഉണ്ടായേ മതിയാവൂ. ആ പാരമാർത്ഥികസത്തയാണ് യഥാർത്ഥത്തിലുള്ള 'ഞാൻ'. പാരമാർത്ഥിക 'ഞാനി'നെ, വ്യാവഹാരിക 'ഞാനി' ൽ നിന്ന് വേർതിരിച്ചറിയലാണ് യഥാർത്ഥ ജ്ഞാനം. ആ ജ്ഞാനം വെറുതെ ഉണ്ടായാൽ മാത്രംപോര. അതിൽ പരാനിഷ്ഠ പ്രാപിക്കണം. അതാണ് ഇതുവരെ വിവരിക്കപ്പെട്ട ആറു വിവിധ സമാധികളെ കൊണ്ട് സാധിക്കേണ്ടത്.

മുമുക്ഷു മൂന്ന് ഘട്ടങ്ങളിലൂടെ കടന്നാണ് ജീവന്മുക്തനാവുന്നത്. അധികാരിത്വം, തത്വജ്ഞാനം, നിഷ്ഠ എന്നിവയാണവ. ഈ മൂന്നും പ്രധാനമായവ തന്നെ. അധികാരിത്വമെന്നാൽ സാധനാചഷുഷ്ടയം. പിന്നീട് തത്വജ്ഞാനം ശ്രവണമനനങ്ങളാൽ സാധിക്കേണ്ടതാണ്. ഈ ഗ്രന്ഥത്തിലെ ഇരുപത്തി രണ്ടാം ശ്ലോകം വരെ അതാണ് ചെയ്തത്. പിന്നീട് ആറ് ശ്ലോകങ്ങളിൽ, ശ്രവണമനനങ്ങളിലൂടെ ലഭ്യമായ തത്ത്വജ്ഞാനം, എങ്ങനെ സ്വാംശീകരിക്കാമെന്ന് വിശദീകരിക്കുന്നു. സവികല്പ നിർവികല്പ ആന്തര ബാഹ്യങ്ങളായ ആറു തരം സമാധി (നിദിദ്ധ്യാസനം) കളിൽ കൂടി അതു സാധിക്കാനാണ് ഉപദേശം.

ഇപ്പോൾ നിരൂപിക്കുന്ന മുപ്പതാമത്തെ ശ്ലോകത്തിൽ പറയുന്നത്, അങ്ങനെ അനാത്മതത്ത്വത്തെ പൂർണ്ണമായും അന്തഃകരണത്തിൽ നിന്നു തള്ളി കളഞ്ഞു കൊണ്ട് (ദേഹാഭിമാനേ ഗലിതേ) ആത്മതത്ത്വത്തെ സ്വന്തമാക്കിയാൽ (വിജ്ഞാതേ പരമാത്മനി) പിന്നീടീ ലോകത്തിൽ ജീവന്മുക്തനായി വിഹരിക്കാമെന്നാണ് (യത്ര യത്ര മനോ യാതി തത്ര തത്ര സമാധയഃ) ■

**ഉത്പന്നമായതു നശിക്കും, അണുക്കൾ നിൽക്കും**
**ഉത്പന്നനാമുടൽ വെടിഞ്ഞൊരു ദേഹി വീണ്ടും**
**ഉല്പത്തി കർമ്മഗതിപോലെ വരും ജഗത്തിൽ**
**കല്പിച്ചിടുന്നിവിടെയിങ്ങനെ യാഗമങ്ങൾ**

**ഉണ്ടായ വസ്തുക്കൾ നശിക്കും. അണുക്കൾ നിലനിൽക്കും, ശരീരം വിട്ടുപോയ ആത്മാവു വീണ്ടും ജനിക്കും. ആ ജനനം പൂർവ്വ ജന്മത്തിലെ കർമ്മമനുസരിച്ചായിരിക്കും. ഇവിടെ (ഭാരതത്തിൽ) ശാസ്ത്രങ്ങൾ ഇങ്ങനെ പറയുന്നു.**

***വീണപൂവ്, പദ്യം 35***



ॐ

**ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ**

**1200 – മേടമാസ ഫലം**

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

**Ernakulam Karayogam : ☎ 0484 - 2361160 📱 8848036518, 9645683491**



(**മേടക്കൂർ:** അശ്വതി, ഭരണി, കാർത്തിക ആദ്യ പാദം) ഏഴര ശനി ആരംഭിക്കുന്നതിനാൽ അപ്രതീക്ഷിത ചില വുകൾ വന്ന് ഭവിക്കും. ധനസ്ഥാനത്ത് വ്യാഴം നിൽക്കു ന്നതിനാൽ ചിലവിനനുസരിച്ച് വരവും പ്രതീക്ഷിക്കാം. കുട്ടികൾക്ക് ഉയർച്ചയും ഉദ്യോഗലബ്ധിയും ഉണ്ടാവും ഏപ്രിൽ 16, 17 തിയതികൾ അഷ്ടമ രാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങ ളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടത് നല്ലതാണ്. ഭദ്രകാളി പ്രീതികരമായ വഴിപാടുകൾ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്



(**ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) കണ്ടകശ്ശനി കഴിഞ്ഞതിനാൽ മുടങ്ങി കിടന്നിരുന്ന കാര്യങ്ങൾ പലതും പൂർത്തികരി ക്കാൻ പറ്റും സാമ്പത്തികമായി മെച്ചപ്പെടും ഏപ്രിൽ 18, 19 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയ തിനാൽ ആ ദിവസങ്ങളിൽ ഒഴിവാക്കാൻ പറ്റാത്തപുതിയ കാര്യങ്ങ ളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടാവു. പഞ്ചാക്ഷരി മന്ത്രവും ശി വക്ഷേത്ര ദർശ്ശനവും നടത്തുക .



(**മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം) പുതിയ സംരംഭങ്ങൾ വളരെ ശ്രദ്ധയോടെ മാത്രമേ ആരംഭിക്കാവു. കർമ്മ സ്ഥാനത്ത് ശനി നിൽക്കുന്നതിനാൽ തൊഴിൽപരമായ പ്രശ്നങ്ങൾ ക്കും സാധ്യത ഉണ്ട്. പണമിടപാടുകൾ വളരെ സൂക്ഷിക്കണം. ഏപ്ര ിൽ 21,22, തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. വ്യാഴാ ഴ്ച ദിവസങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്ര ദർശനവും വിഷ്ണു സഹ സ്ര നാമജപവും നടത്തുക,



(**കർക്കിടക്കൂർ:** പുണർതം അവസാന പാദം പ ൂയം ആയില്യം) പൂർവ്വികമായും ഭാഗ്യം കൊണ്ടും അപ്രതീക്ഷിതമായ ധനലാഭം ഉണ്ടാകാം. സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന ധനം ലഭിക്കും കർമ്മ രംഗത്ത് പ്രതാ പം തെളിയിക്കും. ഏപ്രിൽ 23,24, ദിവസങ്ങൾ ഉഷ്ണസംബന്ധമായ തും രക്തസംബന്ധമായതും ആയ രോഗങ്ങൾക്കും സാധ്യത ഉണ്ട്. പൊതുവേഅനുകൂലമല്ലാത്തതിനാൽപുതുസംരംഭത്തിന് മുതിരാതിരി ക്കയായിരിക്കും നല്ലത്. ശിവക്ഷേത്ര ദർശനവും പഞ്ചാക്ഷരി മന്ത്ര ജപവും ചെയ്യുന്നത് നല്ലതാണ്.



(**ചിങ്ങക്കൂർ:** മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം ) കിട്ടാതിരുന്ന ധനം ലഭിക്കുവാൻ സാധ്യത ഉള്ളതിനാൽ ധനപരമായ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ അശ്വാ സം ലഭിക്കും. സന്താനലാഭം പ്രതീക്ഷിക്കുന്നവർക്ക് ശുഭഫലം ലഭിക്കും. വിദ്യക്ക് തടസ്സങ്ങൾ ഉണ്ടാക്കുമെങ്കിലും നേട്ടം ഉണ്ടാവും ഏപ്രിൽ 25, 26, തിയതികൾ അഷ്ടമ രാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക്സ്വീകരിക്കാതിരിക്കുക. ദേവീപ്രീതികരങ്ങളായ മന്ത്രജപങ്ങൾ നടത്തുന്നതും ക്ഷേത്രത്തിൽ ദർശനം നടത്തുന്നതും നല്ലതാണ്.



(**കന്നിക്കൂർ:** ഉത്രം അവസാന മൂന്നാം പാദം അത്തം ചി ത്തിര ആദ്യ പകുതി) ദാമ്പത്യ ബന്ധത്തിലും പങ്കാളിത്ത ബിസിനസ്സുകളിലും ചില അസ്വാരസ്യങ്ങൾക്ക് സാധ്യത ഉള്ളതിനാൽ കരുതലോടെ ഇടപ്പെടണം. കർമ്മരംഗത്തെ നിലവിലെ തടസ്സങ്ങൾ മാറും. ശിരോരോഗം മൂർഛിക്കാതെ നോക്കണം ഏപ്രിൽ 27 ,28 ദിവസങ്ങൾ അനുകൂലമല്ല. ശിവക്ഷേത്ര ദർശനവും ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപ വും നടത്തുകയും വേണം.



(**തുലാക്കൂർ:** ചിത്തിര അവസാന പകുതി, ചോതി, വിശാ ഖം ആദ്യ മൂന്ന് പാദം.) വിവാഹിതരാകാൻ ശ്രമിക്കുന്ന യു വതികൾക്ക് ആഗ്രഹസാഫല്യം ഉണ്ടാകും.ജ്യോതിഷം മന്ത്രജ പം പൂജ തുടങ്ങിയ വിഷയങ്ങൾ പഠിക്കുവാൻ ആഗ്രഹി ക്കുന്നവർക്ക് അനുകൂല സാഹചര്യം വന്ന് ചേരും. ഏപ്രിൽ 29, 30 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. .വൈഷ്ണവ ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശത്തി വഴി പാടുകൾ നടത്തുന്നതും നല്ലതാണ്.




(**വൃശ്ചികക്കൂർ:** വിശാഖം അവസാനന പാദം. അനിഴം തൃക്കേട്ട ) കണ്ടകശ്ശനി കഴിഞ്ഞതിനാൽ കുടുബത്തിലെ പല പ്രതിസന്ധിക്കൾക്കും പരിഹാരമാകും സ്വന്തം പ്രവൃ ത്തികൾ മൂലവും ശത്രുക്കൾ മൂലവും തൊഴിലിടത്ത് സ്ഥാ നഭ്രംശത്തിനും കലഹങ്ങൾക്കും ഇടവരാതിരിക്കുവാൻ ശ്രദ്ധിക്കണം. മെയ് 1,2, ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും ദേവ പ്രീതികരങ്ങ ളായ വഴിപാടുകളും പഞ്ചാക്ഷരി ജപങ്ങളും നടത്തുന്നത് നല്ലതാണ്.



(**ധനുക്കൂർ:** മൂലം പൂരാടം ഉത്രാടം ആദ്യ പാദം. ) കാലങ്ങ ളായി വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല ഫലം ലഭിക്കും. നിയമ രംഗത്തും മറ്റ് ഉന്നത രംഗത്തും പ്രവർത്തി ക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്കും അംഗീകാരങ്ങളും. കൂടുതൽ അധികാരങ്ങളും ലഭിക്കുവാൻ സാധ്യത ഉണ്ട്. .മെയ് 4, 5 ദിവസങ്ങൾ അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതുതായി ആരം ഭിക്കുന്ന നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിർക്കുന്നതാണ് ഉത്തമം. സർപ്പപ്രീതികരമായ വഴി പാടുകൾ നടത്തുക



(**മകരക്കൂർ:** ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ. പകുതി) പൂർവ്വികമായി ലഭിക്കേണ്ട വസ്തു വകകൾ കൈവശം വന്ന് ചേരും. ദാമ്പത്യകലഹത്തിന് സാധ്യത ഉള്ളതിനാൽ കരുതലോടെ പെരുമാറുക. വീടിന് വേണ്ടി പണം ചിലവഴിക്കേണ്ടി വരും'. മെയ് 6, 7 തിയതികൾ ശു ഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ചൊവ്വാ വെള്ളി ദിവസങ്ങളിൽ ദേവീക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(**കുംഭക്കൂർ:** അവിട്ടം അവസാന പകുതി ചതയം പൂരുരു രുട്ടാതി ആദ്യ മൂന്ന് പാദം) ബുദ്ധിപരമായ തീരുമാനങ്ങ ളിലൂടെ നേട്ടങ്ങൾ ഉണ്ടാകും ഉന്നത വിദ്യാഭ്യാസത്തിന് ശ്രമിക്കുന്നവർക്ക് ഗുണഫലം ലഭിക്കും ഉദരരോഗമുള്ളവർ കൂടുതൽ ശ്രദ്ധിക്കണം' രോഗം മൂർഛിക്കാൻ സാധ്യത ഉണ്ട്. മെയ് 8, 9 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ശാസ്താവിനും, സർപ്പത്തി നും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ശിവക്ഷേത്ര ദർശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(**മീനക്കൂർ:** പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി ) വീട് പുതുക്കി പണിയാൻ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹം നടക്കും. അലസത കുടും,' ധനം നഷ്ടപ്പെടാനോ കളവ് പോകാനോ സാധ്യത ഉള്ളതിനാൽ ധനപരമായ കാര്യങ്ങളിൽ ശ്രദ്ധിക്കണം. മെയ് 11, 12 ദിവസങ്ങൾ അത്ര ഗുണക രമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പപ്രീതി ഗണപതി ക്ഷേത്ര ദർശനം എന്നിവ നടത്തി ദുരിത ശാ ന്തി വരുത്തുക

***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***



# MANGALYAM MATRIMONIAL

for the better half of your life....



## വധുവിനെ ആവശ്യമുണ്ട്

Nair Boy, 29yrs / 180cm, Uthradam 3/4 (Makaram), B.Tech, Financial Analysit/ Planning , Ernst and Young, Pref: Post Graduate, Professional , PG Professional, Mob:7907111366

Email:deepaksdeepu143@gmail.com
Date of Birth: 9-8-1995(3.45pm)
Sishta Dasa:

ബു ശി കു

| | | | |
|---|---|---|---|
| മ | ശി | | |
| | ഗ്രഹനില & അംശകം | | ര ശു |
| ച | | | ബു |
| ല | ഗു | സ മാ | കു |

Left: മാ, ച, ര, ശു
Right: ല, മ

സ ഗു

Contact Address:
MR.SATISH KUMAR
PNRA B10, CHANDRALAYAM
KOWDIAR P.O
TRIVANDRUM -

www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി
എറണാകുളം കരയോഗം മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ,
ഉത്തമ പങ്കാളിയെ കണ്ടെത്തൂ.

www.karayogammangalyam.com
എന്ന വെബ്സൈറ്റ് വഴി എറണാകുളം കരയോഗം
മാംഗല്യത്തിൽ രജിസ്റ്റർ ചെയ്യൂ, ഉത്തമ പങ്കാളിയെ കണ്ടെത്തൂ.
കൂടുതൽ വിവരങ്ങൾക്ക്:- Ph: 0484 2361160 (Extn.115),

## THOTTEKKATT DIWAN'S MEMORIAL a/c HALLS

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160

Email: ekmkgm@gmail.com, Web: www.ernakulamkarayogam.com


ഗുരുവായൂർ
Radheyam®
GUEST HOUSE
Tel: +91 487 2504700
+91 8547871161
സൗകര്യപ്രദമായ 36 മുറികൾ വിശാലമായ പാർക്കിംഗ്
വിവാഹാവശ്യങ്ങൾക്കും മറ്റുമായി വിശാലമായ രണ്ടു ഹാളുകൾ
Thekke Nada, Karakkat Round,
Guruvayur-680 101
E-mail: radheyamguesthouse@gmail.com
Administrative Office: Eranakulam Karayogam,
T.D.M Hall complex, D.H.Road, Kochi-682016,
Kerala. Tel: 0484-2361160

**DATE OF PUBLICATION: 10-04-2025**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**

**REGISTERED NO. KL/EKM/761/2025-27**
**LICENSE NO. KL/CR/EKM/WPP-3/2025-27**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 17 | APRIL- 2025 | Issue No. 04

## എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പ്

ഏപ്രിൽ 19 ശനിയാഴ്ച വൈകുന്നേരം 5.00 മുതൽ 6.00 വരെ ടി. ഡി. എം. ഹാളിൽ.

വിഷയം

**പരിസ്ഥിതി സംരക്ഷണത്തിൽ കാവുകളുടെ പ്രസക്തി**



അവതരണം

**പി.കെ. രാമചന്ദ്രൻ**

(Environmentalist and Social Worker, Former District Co-ordinator, Kerala State Biodiversity Board)

**ഏവർക്കും സ്വാഗതം**

## എറണാകുളം കരയോഗം സാംസ്ക്കാരിക വിഭാഗം

**അകായിലെ സംഗീതം**

2025 ഏപ്രിൽ 20 ഞായറാഴ്ച വൈകുന്നേരം 4.00 മണിക്ക്

ടി.ഡി.എം. ഹാളിൽ

**മങ്കൊമ്പ് ഗോപാലകൃഷ്ണന് ശ്രദ്ധാഞ്ജലി**



**ഏവർക്കും സ്വാഗതം**

## ബീം ഏപ്രിൽ മാസ പരിപാടി



**സൂഫി സംഗീത സായാഹ്നം**

**Sameer Binsi & Party**

2025 ഏപ്രിൽ 22 ചൊവ്വാഴ്ച വൈകുന്നേരം 6.30ന്

ടി.ഡി.എം. ഹാളിൽ

**ഏവർക്കും സ്വാഗതം**

## എറണാകുളം കരയോഗം സാഹിതി യോഗം

എം തോമസ് മാത്യുവിന്റെ ‘ആശാന്റെ സീതായനം’

അവതരണം:

**കെ. രാധാകൃഷ്ണൻ**

2025 ഏപ്രിൽ 27 ഞായറാഴ്ച രാവിലെ 10.30ന്

ടി.ഡി.എം. ഹാളിൽ

**ഏവർക്കും സ്വാഗതം**

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi - 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair. Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.